Reg. M. No. 2293

ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 വൃശ്ചികം 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഡിസംബർ 9 | ലക്കം 16

## പട്ടാഭിഷിക്തനായ അഭിനവമെത്രാൻ തിരുമനസ്സിലേക്കു്

### എറണാകുളം അതിരൂപതവകയായി സമർപ്പിക്കപ്പെട്ട മംഗളപത്രം

അഭിവന്ദ്യനായ തിരുമേനി,

അപ്പസ്തോലികപാരമ്പര്യത്തോടുകൂടിയ കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തിൽ, കേരളീയ സുറിയാനി ഹയരാർക്കിയുടെ ചരിത്രത്തിൽ, തങ്കരേഖാങ്കിതമായിത്തീർന്നിരിക്കുന്ന ഈ മഹനീയദിനത്തിൽ, നമ്മുടെ റീത്തിന്റെ അധികാരിയായ അത്യുന്നതകർദ്ദിനാൾ തിരുമനസ്സിലെ ഹസ്തങ്ങളിൽനിന്നു് അങ്ങു് മെത്രാൻപട്ടാഭിഷേകം കൈക്കൊണ്ടിരിക്കുന്ന ഈ സ്മരണീയവേളയിൽ, അങ്ങേ വാത്സല്യമക്കളായ ഞങ്ങൾ ഈ മംഗളാശംസാപത്രവുമായി അങ്ങയെ സമീപിക്കുന്നതു് അകളങ്കമായ ആനന്ദാതിരേകത്തോടും അഭൂതപൂർവ്വമായ കൃതജ്ഞതാബോധത്തോടുംകൂടിയാകുന്നു. ഈ മംഗളസന്മുഹൂർത്തത്തിൽ ദൃശ്യമായിരിക്കുന്ന സംഭവങ്ങളുടെ സന്നിവേശം ഞങ്ങളെ ആനന്ദസാഗരനിമഗ്നരാക്കിയിരിക്കുന്നുവെന്ന വസ്തുത ഈ ഘട്ടത്തിൽ തുറന്നുപറയുവാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ടു്.

നമ്മുടെ ആദ്ധ്യാത്മികപിതാവും മേലദ്ധ്യക്ഷനുമായ അതിവന്ദ്യമെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസു് തിരുമേനിക്കു സമുചിതനായ ഒരു സഹായിയെ ലഭിച്ചിരിക്കുന്നുവെന്നതിലും, അദ്ദേഹത്തെ തന്റെ സാന്നിദ്ധ്യത്തിൽ ഒരു കർദ്ദിനാൾ തിരുമേനിയെക്കൊണ്ടു് അഭിഷേചിക്കുവാൻ സാധിച്ചിരിക്കുന്നുവെന്നതിലും, തിരുമേനിയോടൊപ്പം ഞങ്ങളും സന്തോഷിക്കുകയും ഈ ഭാഗ്യത്തിൽ തിരുമേനിയെ ഞങ്ങൾ അനുമോദിക്കുകയും ചെയ്യുന്നു. 1901-ൽ വൈദികപട്ടം സ്വീകരിച്ചു് ഈ എറണാകുളം അരമനയിൽ വന്ന നാൾമുതൽ, ഇക്കഴിഞ്ഞ സംഭവബഹുലമായ അരനൂററാണ്ടിനുള്ളിൽ, സ്വപുരോഗാമിയുടെ പ്രൈവററുസിക്രട്ടറിയായും കോഡ്യൂത്തോർ മെത്രാനായും, പിന്നീട്ട വികാരി അപ്പസ്തോലിക്കയെന്ന നിലയിലും മെത്രാപ്പോലീത്തായെന്ന നിലയിലും അഭിവന്ദ്യ തിരുമേനി കേരളീയ സുറിയാനിസഭയ്ക്കു പൊതുവിലും എറണാകുളം അതിരൂപതയ്ക്കു പ്രത്യേകിച്ചും ചെയ്തിരിക്കുന്ന സേവനങ്ങളും സമ്പാദിച്ചിരിക്കുന്ന നേട്ടങ്ങളും ചരിത്രം സൃഷ്ടിച്ചുകഴിഞ്ഞവയും, എറണാകുളം അതിരൂപത എക്കാലവും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നവയുമാകുന്നു.

ആധുനികകാലത്തു ഭാരതത്തിലെ ഒന്നാമത്തെ സ്വതദ്ദേശീയമെത്രാപ്പോലീത്തായായി സ്ഥാനം സ്വീകരിച്ച തിരുമേനി, കഴിഞ്ഞ കാൽനൂററാണ്ടിനുള്ളിൽ, അദൃഷ്ടപൂർവ്വമായ ഭരണവൈദഗ്ദ്ധ്യത്തോടും അസാധാരണമായ വിദൂരവീക്ഷണത്തോടുംകൂടി തന്റെ ഭരണമണ്ഡലത്തെ ഭാരതത്തിലെ അതിപ്രധാനങ്ങളായ അതിരൂപതകളിൽ ഒന്നാക്കിത്തീർത്തിരിക്കുന്നു. ഇന്നു് ഈ അതിരൂപതയിൽ 292483 കത്തോലിക്കരും 328 വൈദികരും 128 വൈദികവിദ്യാർത്ഥികളും 1111 കന്യാസ്ത്രീകളും 140 ഇടവകപ്പള്ളികളും 313 കപ്പേളകളും കുരിശുപള്ളികളും 10 കൊവേന്തകളും 64 മഠങ്ങളും 2 കോളെജും 31 ഹൈസ്കൂളുകളും 34 മിഡിൽ സ്കൂളുകളും 258 പ്രൈമറി സ്കൂളുകളും 7 മററു വിദ്യാലയങ്ങളും 4 അനാഥശാലകളും 9 സാധുജനമന്ദിരങ്ങളും 15 ആശുപത്രികളും 4 പ്രസ്സുകളും 4 പത്രമാസികകളും ഉണ്ടെന്നു നമുക്കു് അഭിമാനിക്കാം. അതിരൂപതയുടെ നാനാഭാഗങ്ങളിലായി ഇന്നു നിലകൊള്ളുന്ന നമ്മുടെ അഭിമാനസ്തംഭങ്ങളായ ഈ സ്ഥാപനങ്ങളിലും പ്രസ്ഥാനങ്ങളിലും ഭൂരിപക്ഷവും തിരുമനസ്സിലെ പ്രയത്നത്തിന്റെയും പ്രചോദനത്തിന്റെയും ഫലമാകുന്നു.

ഇങ്ങനെ 52 നീണ്ട വർഷകാലങ്ങൾ നിസ്തന്ദ്രമായി അത്യദ്ധ്വാനംചെയ്തു് 80-ാം വയസ്സിൽ പ്രവേശിച്ചിരിക്കുന്ന മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു് ഇപ്പോൾ സമുചിതനായ ഒരു സഹായിയെ, തന്റെ ആഗ്രഹാനുസരണം ലഭിച്ചിരിക്കുന്നുവെന്നതു ഞങ്ങൾക്കേററവും ആനന്ദസന്ദായകമായ ഒരു സംഗതിയാകുന്നു. നമ്മുടെ വാത്സല്യപിതാവും, അതിരൂപതയുടെ ജീവനാഡിയും, സുറിയാനിസമുദായത്തിന്റെ അഭിമാനഭാജനവുമായ അതിവന്ദ്യതിരുമേനി, എറണാകുളം അതിരൂപതയുടെ ഉത്തരോത്തരമായ പുരോഗതിക്കുവേണ്ടിയും, കർത്തവ്യനിർവ്വഹണത്തിൽ അങ്ങേക്കുതന്നെ സുനിശ്ചിതനായ ഒരു മാർഗ്ഗദർശിയും അദ്ധ്യാപകനുമായിരിക്കുന്നതിനുവേണ്ടിയും, ആരോഗ്യദൃഢഗാത്രനായി ദീർഘനാൾ ജീവിച്ചിരിക്കട്ടെയെന്നാണു് ഈ ഘട്ടത്തിൽ ഞങ്ങളുടെ ഹൃദയംഗമമായ ആശംസയും തീക്ഷ്ണമായ പ്രാർത്ഥനയും.




റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകത്തിൽ സംബന്ധിച്ച അഭിവന്ദ്യ തിരുമേനിമാരും മോൺസിഞ്ഞോർമാരും വൈദികരും.

നമ്മുടെ റീത്തിന്റെ അധികാരിയും കർദ്ദിനാൾ സംഘത്തിന്റെ ഡീനും, മാർപ്പാപ്പാ കഴിഞ്ഞാൽ തിരുസഭയിലെ സമുന്നതാധികാരിയുമായ അത്യുന്നതകർദ്ദിനാൾ യൂജിൻ ടിസ്സരാങ്ങ് തിരുമേനിയിൽനിന്നും അങ്ങേ നാമനിർദ്ദേശവാർത്ത ആദ്യമായി ശ്രവിക്കുന്നതിനും, ആ തിരുമേനിയുടെ ഹസ്തങ്ങളിൽനിന്നുതന്നെ അതു സ്വീകരിച്ച അഭിഷേകകർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും അനുഗൃഹീതമായ ദൈവപരിപാലന ഇടയാക്കിയതു് ഒരു അസാധാരണഭാഗ്യമായി കരുതി ഞങ്ങൾ സന്തോഷിക്കുന്നു. ഭാരതത്തിനു് ഒരുകാലത്തു് നഷ്ടപ്പെട്ട, നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ ഔദാര്യപൂർവ്വം നമുക്കു തിരിച്ചുകൊണ്ടുവന്നുതന്ന നമ്മുടെ ഏററവും വലിയ ഉപകർത്താവായ തിരുമേനിതന്നെ, തന്റെ പ്രായവും ക്ഷീണവും സമയച്ചുരുക്കവും പരിഗണിക്കാതെ, രണ്ടാം പ്രാവശ്യവും ഇവിടെയെത്തി ഞങ്ങളുടെ കൊച്ചുമെത്രാനെ അഭിഷേകം ചെയ്തുതന്നതിൽ ആ തിരുമേനിയോടു ഞങ്ങൾ അത്യന്തം കൃതജ്ഞതാബദ്ധരായിരിക്കുന്നു. ഈ അഭിഷേകകർമ്മത്തിൽ കർദ്ദിനാൾ തിരുമേനിയോടു സഹകരിച്ച വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി, തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് എന്നീ തിരുമേനിമാരോടും ഞങ്ങൾ ഹൃദയംഗമമായ നന്ദിയുള്ളവരായിരിക്കുന്നു.

പൗരസ്ത്യസഭകളോടു പൊതുവിലും കേരളീയ സുറിയാനിസഭയോടു പ്രത്യേകിച്ചും അനന്യസാധാരണമായ കാരുണ്യവും ശ്രദ്ധയും പ്രകടിപ്പിച്ചുപോരുന്ന നമ്മുടെ പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്, നമ്മുടെനേരെയുള്ള തന്റെ പൈതൃകവാത്സല്യം ഈ വിധം പ്രകടിപ്പിച്ചതിൽ തിരുമനസ്സിലെനേരെ ഞങ്ങൾക്കുള്ള പുത്രോചിതമായ സ്നേഹവും കൃതജ്ഞതയും ദ്വിഗുണീഭവിച്ചിരിക്കുന്നു. പരിശുദ്ധ പിതാവു തിരുമേനിയിലും അവിടത്തെ പ്രതിനിധിയായി നമ്മുടെയിടയിൽ എഴുന്നള്ളിയിരിക്കുന്ന അത്യുന്നതകർദ്ദിനാൾ തി

തിരുമേനിയിലും പരമകാരുണികനായ ദൈവത്തിന്റെ കൃപാകടാക്ഷം ഉദാരമായി വർഷിക്കുമാറാകട്ടെയെന്നാണ് ഞങ്ങളുടെ ഉള്ളഴിഞ്ഞുള്ള പ്രാർത്ഥന. തിരുസിംഹാസനത്തോടു ഞങ്ങൾക്കുള്ള പുത്രനിർവിശേഷമായ ആദരവും വിധേയത്വവും അനുസരണയും അത്യുന്നതകർദ്ദിനാൾ തിരുമേനി പരിശുദ്ധപിതാവിനെ അറിയിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുകയും അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യനായ തിരുമേനി,

മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായമെത്രാനായി നിയമിതനായിരിക്കുന്നതു അങ്ങാണെന്നുള്ളതിൽ ഞങ്ങളുടെ ആനന്ദം മുമ്മടങ്ങായി വർദ്ധിച്ചിരിക്കുന്നു. സ്വതസ്സിദ്ധവും അഭ്യാസലബ്ധവുമായ കഴിവുകളാലും ഗുണവിശേഷങ്ങളാലും സ്വഭാവമധുരിമയാലും അങ്ങു സമുന്നതമായ ഈ സ്ഥാനത്തിനു സർവ്വഥാ അർഹനാണെന്നുള്ളതു സർവ്വസമ്മതമായ ഒരു വസ്തുതയാകുന്നു. അഗാധമായ ബുദ്ധിശക്തി, അനന്യസാധാരണമായ എളിമ, പ്രശംസനീയമായ പാണ്ഡിത്യം, എല്ലാവരോടും സൗഹാർദ്ദതയിലും സമഭാവനയിലും വർത്തിക്കുന്ന വിശാലാശയത്വം, ആധുനികപ്രശ്നങ്ങളിലുള്ള അഭിനന്ദനീയമായ അവഗാഹിത്വം, സർവ്വോപരി ദൈവതിരുമനസ്സിനു പരിപൂർണ്ണമായി സ്വയം സമർപ്പിച്ചുകൊണ്ടുള്ള മാതൃകായോഗ്യമായ ജീവിതം മുതലായ വിശിഷ്ട ഗുണങ്ങളോടുകൂടിയ അങ്ങു ഈ മഹോന്നതസ്ഥാനത്തിനു സർവ്വഥാ യോഗ്യനും ദൈവത്തിന്റെ പ്രത്യേകകാരുണ്യത്തിനു പാത്രവാനുമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പഠിച്ചിരുന്ന ക്ലാസ്സുകളിലെല്ലാംതന്നെ ഒന്നാമനായിത്തീരുകയും, സമ്പാദിച്ച ബിരുദങ്ങളെല്ലാംതന്നെ ഏററവും പ്രശംസനീയമായി (Magna Cum Laude) നേടുകയും ചെയ്തിട്ടുള്ള തിരുമേനി ഈ പുതിയ സ്ഥാനത്തിലും ഏററവും പ്രശംസനീയനായിത്തീരുമെന്നുള്ളതിൽ ഞങ്ങൾക്കു യാതൊരു സന്ദേഹവുമില്ല.

അങ്ങു സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യമായ "Da Quod Jubes"—അവിടുന്നു കല്പിക്കുന്നതു തരിക, അവിടുന്നു കല്പിക്കുന്നതു നിർവ്വഹിക്കുവാനുള്ള അനുഗ്രഹങ്ങൾ തരിക—എന്ന വിശുദ്ധ അഗുസ്തീനോസിന്റെ വാക്യം അർത്ഥസമ്പുഷ്ടവും അങ്ങയുടെ ആദർശങ്ങൾക്കും സ്വഭാവത്തിനും അനുരൂപവുമായിരിക്കുന്നു. സമസ്തവും ദൈവപരിപാലനയിൽ സമർപ്പിച്ച്, ദൈവത്തിന്റെ ഉപകരണമായി ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പരിശ്രമിക്കുവാനുള്ള അങ്ങയുടെ ദൃഢനിശ്ചയമാണ് അതു സൂചിപ്പിക്കുന്നത്. പരമകാരുണികനായ ദൈവത്തിന്റെ അനുഗ്രഹത്താലും, പരിചയസമ്പൂർണ്ണനും പരിപക്വമതിയുമായ മെത്രാപ്പോലീത്താ തിരുമനസ്സിലെ മാർഗ്ഗദർശനത്താലും അങ്ങ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഭാരമേറിയ ഈ നുകം ലഘുവും മാധുര്യപൂർണ്ണവുമായിത്തീരട്ടെയെന്നു ഞങ്ങൾ ആശംസിക്കുന്നു. അത്യുന്നതകർദ്ദിനാൾ തിരുമനസ്സിലെയും, നമ്മുടെ വന്ദ്യപിതാവിന്റെയും, കേരളത്തിലെ മററ് അഭിവന്ദ്യതിരുമേനിമാരുടെയും, അതിരൂപതയ്ക്ക് അകത്തും പുറത്തുംനിന്നു ഇവിടെയെത്തിയിരിക്കുന്ന വന്ദ്യ വൈദികരുടേയും ഈ മഹാജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യം അങ്ങയുടെ ഭാവിവിജയത്തിന്റെ നാന്ദിയായി പരിഗണിക്കാവുന്നതാണ്.


അങ്ങയുടെ മെത്രാൻസ്ഥാനലബ്ധിയിൽ ആനന്ദതുന്ദിലരായിരിക്കുന്ന അതിരൂപതയിലെ വൈദികരും അൽമേനികളുമായ ഞങ്ങൾ, അങ്ങേക്കു സകലവിധ സഹായസഹകരണങ്ങളും വിധേയത്വവും വാഗ്ദാനംചെയ്യുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. വൈദികവൃത്തിയിൽ ഭൂരിഭാഗവും സത്യദീപത്തിന്റെ പത്രാധിപരായി സമുദായസേവനം നിർവ്വഹിക്കുവാൻ ഭാഗ്യമുണ്ടായ അങ്ങയുടെ ഭാവിജീവിതം ഈ അതിരൂപതയ്ക്കും, കേരളീയ സുറിയാനി സമുദായത്തിനും, നമ്മുടെ നാടിനു പൊതുവിലും ഒരു യഥാർത്ഥ സത്യദീപമായി ഭവിക്കട്ടെയെന്നു ഞങ്ങൾ ആശംസിക്കുന്നു. വഴിയും സത്യവും ജീവനുമായ നമ്മുടെ കർത്താവിന്റെ ദ്രാക്ഷാവാടിയുടെ കാവൽക്കാരനായി ദൈവപരിപാലനയാൽ നിയുക്തനായിരിക്കുന്ന അങ്ങയിൽ, അങ്ങേ നാമകാരണനായ വിശുദ്ധ യൗസേപ്പിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടേയും ദയാദൃഷ്ടി എപ്പോഴും ഉണ്ടായിരിക്കുമാറാകട്ടെയെന്നും ഞങ്ങൾ ആശംസിക്കുന്നു.

അവസാനമായി, അങ്ങേ മെത്രാൻപദത്തിലേക്കു തിരഞ്ഞെടുത്ത പരിശുദ്ധ പിതാവു തിരുമേനിയോടും അങ്ങേ അഭിഷേകം ചെയ്ത അത്യുന്നതകർദ്ദിനാൾ തിരുമേനിയോടും ഞങ്ങൾക്കുള്ള കൃതജ്ഞത ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു. അങ്ങ് ഇന്നു ആരുടെ സഹായിയായിത്തീർന്നിരിക്കുന്നുവോ ആ അഭിവന്ദ്യനായ നമ്മുടെ പിതാവു, ഈ അതിരൂപതയുടെ ഉത്തരോത്തരമായ പുരോഗതിക്കുവേണ്ടി അരോഗദൃഢഗാത്രനായി ദീർഘകാലം ജീവിച്ചിരിക്കുവാൻ ഞങ്ങൾ ദൈവത്തെ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കരുണാശീതളങ്ങളായ കരങ്ങൾ എപ്പോഴും അങ്ങയോടുകൂടി ഉണ്ടായിരിക്കുന്നതിനും, അങ്ങു ആയുരാരോഗ്യസൗഭാഗ്യവാനായി വർത്തിക്കുന്നതിനും ഹൃദയംഗമമായി പ്രാർത്ഥിച്ചുകൊണ്ടു ഈ മംഗളാശംസാപത്രത്തെ ഞങ്ങൾ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

അങ്ങയുടെ ആത്മീയാത്മജരായ
എറണാകുളം അതിരൂപതയിലെ
വൈദികരും അൽമേനികളും.

എറണാകുളം
1953 നവംബർ 30



അഭിഷേകകർമ്മം നടന്ന മണ്ഡപവും മുൻപിൽ തടിച്ചുകൂടിയ ജനക്കൂട്ടവും. മണ്ഡപത്തിൽ തിരുമേനിമാർ കർമ്മത്തിനു ഒരുങ്ങുന്നു.

# ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ
# മറുപടിപ്രസംഗം

എറണാകുളം അതിരൂപതയിലെ വൈദികരുടെയും അത്മേനികളുടെയും വകയായി എനിക്കു സമർപ്പിക്കപ്പെട്ട ഈ മംഗളപത്രത്തിനു ഞാൻ ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു. മംഗളപത്രത്തിൽ മൂന്നുഭാഗങ്ങളാണുള്ളത്. ആദ്യഭാഗത്തിൽ നമ്മുടെ എല്ലാവരുടെയും വാത്സല്യപിതാവായ മെത്രാപ്പോലീത്താതിരുമേനിയെപ്പററിയും, രണ്ടാംഭാഗത്തിൽ ഇന്നത്തെ ചടങ്ങുകളെ മംഗളകരമാക്കിയ കർദ്ദിനാൾ തിരുമേനിയെപ്പററിയും പ്രതിപാദിച്ചിരിക്കുന്നു. ആ രണ്ടുഭാഗങ്ങളോടും ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു.

വന്ദ്യവയോധികനായ മെത്രാപ്പോലീത്താ തിരുമേനിയുടെ ഭരണകാലത്തു ഈ അതിരൂപതയ്ക്കുണ്ടായിട്ടുള്ള പുരോഗതി വിസ്മയാവഹമാണ്. തിരുമേനിക്കു ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് ഇതിനെല്ലാം ഹേതുഭൂതമായിരുന്നിട്ടുള്ളത്. തിരുമേനിയുടെ ശരീരസ്വാസ്ഥ്യങ്ങൾനിമിത്തം ഒരു സഹായകനെക്കൂടി ലഭിക്കുവാൻ അവിടുന്ന് അഭിലഷിച്ചു. ദൈവഗത്യാ അവിടുത്തെ അഭിലാഷം ഇതാ പൂർത്തിയാകുകയും ചെയ്തിരിക്കുന്നു. ബലഹീനനായ ഞാൻ ഈ സ്ഥാനം സ്വീകരിക്കുവാനുള്ള ഒരു പ്രധാനകാരണം, ദൈവം കഴിഞ്ഞാൽ ക്രിസ്തുവിൽ എന്റെ പിതാവായ മെത്രാപ്പോലീത്താ തിരുമേനിയോടുള്ള സ്നേഹാതിരേകമാണ്. ഈ കുരിശ് എത്ര ഭാരമേറിയതാണെങ്കിലും വന്ദ്യപിതാവ് എന്നിൽനിന്നും ആഗ്രഹിക്കുന്ന ഈ സഹായം നൽകാതിരിക്കുന്നതു കൃതഘ്നതയും സ്വാർത്ഥതയുമായിരിക്കുമെന്നു എനിക്കു തോന്നി. നിങ്ങളുടെ എല്ലാവരുടെയും സഹായസഹകരണങ്ങളോടുകൂടി വന്ദ്യപിതാവിനു ആശ്വാസമരുളുവാനും അതിരൂപതയുടെ അഭ്യുന്നതിക്കുവേണ്ടി പ്രയത്നിക്കുവാനും ഞാൻ പരിശ്രമിക്കുന്നതാണ്.

രണ്ടാമതായി പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയായ കർദ്ദിനാൾ തിരുമേനിയോടു നിങ്ങളോടൊരുമിച്ചു ഞാനും നന്ദി പറയുന്നു. തിരുമനസ്സുകൊണ്ട് തോമാശ്ലീഹായുടെ തിരുശേഷിപ്പുകളും എന്റെ നിയമനംസംബന്ധിച്ച സഭാപത്രവും വഹിച്ചുകൊണ്ടാണ് ഇവിടെ ആഗതനായതു്. ഈ അഭിഷേകം നിർവ്വഹിച്ചുതരുന്നതിനുവേണ്ടി തിരുമനസ്സിലെ യാത്രാപരിപാടികൾ വ്യത്യാസപ്പെടുത്തി. പെട്ടെന്നു കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അനുവാദങ്ങൾ കമ്പിയടിച്ചു റോമിൽനിന്നും അടിയന്തിരമായി വരുത്തി. ഈ സാഹചര്യങ്ങളിൽ ഇവിടെവച്ച് ഈ ചടങ്ങുകൾ നടക്കുവാൻ ഇടയായതു എന്റെയും നിങ്ങളുടേയും നമ്മുടെ അതിരൂപതയുടേയും ഒരു മഹാഭാഗ്യമാണ്. അതിനു നാം ദൈവത്തോടും മാർപ്പാപ്പാ തിരുമേനിയോടും കർദ്ദിനാൾ തിരുമേനിയോടും നന്ദിയുള്ളവരായിരിക്കണം. അതുപോലെ എന്റെ അഭിഷേകകർമ്മത്തിൽ സഹായിച്ച അഭിവന്ദ്യ തിരുമേനിമാരേയും, ഇവിടെ സന്നിഹിതരായിരുന്ന മററു തിരുമേനിമാരേയും കൃതജ്ഞതാപൂർവ്വം നാം സ്മരിക്കേണ്ടതാണ്.

മംഗളപത്രത്തിന്റെ മൂന്നാം ഭാഗം എന്നെ വ്യക്തിപരമായി സ്പർശിക്കുന്നതാണ്. നിങ്ങൾ എനിക്കുണ്ടെന്നു പറയുന്ന ഗുണങ്ങളെല്ലാം എനിക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം ഖണ്ഡിതമായി പറയുവാൻ എനിക്കു സാധിക്കും. ദൈവം തന്റെ അനുഗ്രഹങ്ങൾ സമൃദ്ധമായി എന്റെമേൽ വർഷിച്ചിട്ടുണ്ട്; അങ്ങയുടെ അദൃശ്യകരങ്ങൾ എന്നെ ആദ്യന്തം നയിച്ചിട്ടുണ്ട്. എന്റെ അദ്ധ്യയനകാലത്തു എനിക്കുണ്ടായ വിജയം പോലും പ്രത്യേകദൈവസഹായത്തിന്റെ ഫലമായിരുന്നു. ആദ്ധ്യാത്മികമായി ദൈവം നമ്മുടെമേൽ വർഷിക്കുന്ന അനുഗ്രഹങ്ങൾ അളക്കുവാൻ നമുക്കാർക്കും സാധിക്കയില്ലല്ലോ.

ഏവംവിധം ദൈവം എന്നെ നയിച്ചിരിക്കുകയാൽ, ഈ കുരിശു സ്വീകരിക്കേണ്ടതു് എന്റെ അപരിത്യാജ്യമായ കടമയായി എനിക്കു തോന്നി. സൃഷ്ടികളായ നമ്മൾ സ്രഷ്ടാവിന്റെ തിരുഹിതം നിർവ്വഹിക്കുവാൻ കടപ്പെട്ടവരാണല്ലോ. മാത്രമല്ല എന്റെ നിത്യരക്ഷയ്ക്കും ആത്മവിശുദ്ധീകരണത്തിനും ഈ കുരിശു ഞാൻ വഹിക്കേണ്ടതു് എന്നെനിക്കു ബോദ്ധ്യമായി. ആകയാൽ, ദൈവപ്രേരണയ്ക്കു വിധേയനായി, "എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" എന്നു ഞാൻ പറയുകയുംചെയ്തു. അങ്ങനെ ദൈവം എന്നെ ഈ സ്ഥാനത്തേക്കുയർത്തുവാൻ തിരുമനസ്സായി. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ.

വിനീതമായ സാഹചര്യങ്ങളിൽ ജനിച്ചുവളർന്ന എന്നെ സംബന്ധിച്ചിടത്തോളം ഇതു ദൈവാനുഗ്രഹത്തിന്റെ പ്രത്യക്ഷഫലമാണെന്നു വ്യക്തമാണ്. ഷേക്സ്പീയർ ഒരിടത്തു പറയുന്നുണ്ട്: Some are born great, some acquire greatness, some have greatness thrust upon them. ചിലർ മഹാന്മാരായി ജനിക്കുന്നു. ചിലർ മഹത്വം സമ്പാദിക്കുന്നു. ചിലരുടെമേൽ മഹത്വം കെട്ടിവയ്ക്കപ്പെടുന്നു. ഈ മൂന്നാമതു പറഞ്ഞവിധത്തിൽ, എന്റെ അർഹതയോ അഭിലാഷമോ കൂടാതെ, ദൈവം ഈ സ്ഥാനം തന്റെ തിരുവുള്ളപ്രകാരം എനിക്ക് നൽകിയിരിക്കയാണ്. ആ സ്ഥാനത്തിനു യോജിച്ചവിധം ജീവിക്കുവാനും അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുവാനും വേണ്ട അനുഗ്രഹവുംകൂടെ അവിടുന്ന് എനിക്കു തരുമെന്നുറപ്പുണ്ട്. അതിനായി വിനയസമന്വിതം ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞാൻ സ്വീകരിച്ചിരിക്കുന്ന "Da quod jubes"—Give what Thou commandest—അങ്ങ് ആജ്ഞാപിക്കുന്നതിനെ നിർവ്വഹിക്കുവാൻ ഇടവരുത്തുക എന്ന മുദ്രാവാക്യംതന്നെ ഈ ആശയമാണ് പ്രകാശിപ്പിക്കുന്നതു്. വി. അഗുസ്തീനോസിന്റെ ഗ്രന്ഥങ്ങളിൽ കാണുന്ന സുപ്രസിദ്ധമായ ഈ വാക്യം, വരപ്രസാദത്തിനുവേണ്ടിയുള്ള ഒരു വിനീതാഭ്യർത്ഥനയാണ്. എന്നോടൊരുമിച്ച് ഈ ലക്ഷ്യപ്രാപ്തിക്കായി നിങ്ങളും പ്രാർത്ഥിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. സഹകരണത്തിലും സൗഹാർദ്ദതയിലും നമുക്കു വർത്തിക്കാം.

എറണാകുളം അതിരൂപതയിൽ പെടാത്തവരായി വൈദികരും അത്മേനികളും ഉൾപ്പെടെ അനേകംപേർ ഇന്നിവിടെ സന്നിഹിതരായിട്ടുണ്ട്. നാമെല്ലാവരും മിശിഹായുടെ നിഗൂഢശരീരത്തിലെ അംഗങ്ങളാണെന്നത്രെ ഈ വസ്തുത തെളിയിക്കുന്നതു്. അവരോടും ഞാൻ കൃതജ്ഞനാണ്.

എന്നെ ഈ സ്ഥാനത്തെത്തിച്ച എല്ലാവരോടും, വിശിഷ്യ എന്റെ മാതാപിതാക്കന്മാരോടും വന്ദ്യഗുരുഭൂതന്മാരോടും സതീർത്ഥ്യരോടും ഉപകാരികളോടും എനിക്കുള്ള കടപ്പാടിനേയും ഞാൻ ഏററുപറയുന്നു. എന്റെ നാട്ടുകാരേയും ബന്ധുമിത്രാദികളേയും, ഞാൻ അസിസ്റ്റന്തിയും വികാരിയുമായി ജോലിനോക്കിയിട്ടുള്ള സ്ഥലങ്ങളിലെ അജഗണങ്ങളേയും കഴിഞ്ഞ ആറു വർഷമായി ഞാൻ സമ്പർക്കത്തിലിരുന്ന ഈ കത്തീഡ്രൽ ഇടവകയിലേയും അയൽ ഇടവകകളിലേയും ജനങ്ങളേയും, എന്നിൽനിന്നു ആത്മീയോപദേശം സ്വീകരിച്ചിട്ടുള്ള എല്ലാവരേയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു.

"സത്യദീപം"വഴി ഞാൻ ഈ അതിരൂപതയിലെ ജനങ്ങളുമായി മാത്രമല്ല, കേരളത്തിലെ എല്ലാ രൂപതകളിലേയും കത്തോലിക്കരായും ഒരുഗണം അകത്തോലിക്കരായും ബന്ധം പുലർത്തിവന്നു. അവരിൽ പലരും എനിക്ക് അനുമോദനസന്ദേശങ്ങൾ അയച്ചുതന്നിട്ടുണ്ട്. ചിലരെല്ലാം ഇവിടെ സന്നിഹിതരായിട്ടുമുണ്ട്. അവരെല്ലാവരോടും, ഞാൻ വേഴ്ച പുലർത്തിയിരുന്ന മററു പത്രങ്ങളുടെ അധിപന്മാരോടും, പ്രസ്സിലെ എന്റെ സഹപ്രവർത്തകരോടും, വിവിധനിലയിൽപ്പെട്ട ജോലിക്കാരോടും ഞാൻ കൃതജ്ഞനാണ്. ഇവിടെ കൂടിയിരിക്കുന്നവരും അല്ലാത്തവരുമായ എന്റെ അഭ്യുദയകാംക്ഷികൾ എല്ലാവരോടും ഞാൻ നന്ദിപറയുന്നു. എല്ലാവരുടേയും സഹായസഹകരണങ്ങളും പ്രാർത്ഥനയും ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

——

## രക്തപ്പുഴയിൽ നാട്ടിയ കമ്മ്യൂണിസ്റ്റ് ചെങ്കൊടി

എലിസബത്തു രാജ്ഞിയുടെ കിരീടധാരണം പ്രമാണിച്ചു വന്നെത്തിയ റഷ്യൻ ക്രൂയിസറിന്റെ പേരു സ്വേർഡ്‌ലോവ് എന്നായിരുന്നു. കമ്മ്യൂണിസത്തിന്റെ ചോരചൊരിച്ചിലോടുകൂടിയ ഉത്ഭവത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഭയങ്കര നാമമാണതു്. റഷ്യൻ സാറിനെയും അദ്ദേഹത്തിന്റെ പത്നിയെയും, 14 വയസ്സുള്ള രാജകുമാരനെയും, നാലു കുമാരിമാരെയും കമ്മ്യൂണിസ്റ്റു വിപ്ലവകാരികൾ സൈബീരിയായിലേക്കു നാടുകടത്തി. അവിടെ എകതേറിൻബർഗ് എന്ന സ്ഥലത്തുള്ള കൊട്ടാരത്തിന്റെ ഒരു മുറിയിലാണു് അവരെ എല്ലാവരേയുംകൂടി അടച്ചിരുന്നതു്. 1918 ജൂലൈ 17-ാം തീയതി പ്രഭാതത്തിൽ യാതൊരു വിസ്താരവും നടത്താതെ അവരെ എല്ലാവരേയും ആ മുറിക്കകത്തിട്ടു് വെട്ടിയും വെടിവച്ചും നിഷ്ഠുരണം വധിക്കയാണു ചെയ്തതു്. രാവിലെ അവിടെ എത്തിയവർ രക്തപ്പുഴയ്ക്കുള്ളിൽ ഒടിഞ്ഞും മുറിഞ്ഞും ചതഞ്ഞും കിടന്നിരുന്ന മൃതദേഹങ്ങളാണു

# മാർ സെവേരിയോസ് തിരുമേനിയുടെ ടോസ്റ്റ്പ്രസംഗവും അഭിനവമെത്രാൻ തിരുമനസ്സിലെ കൃതജ്ഞതാപ്രകടനവും

റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാഭിഷേകം പ്രമാണിച്ച് എറണാകുളം അതിമെത്രാസനാരമനയിൽ നടന്ന സല്ക്കാരവേളയിൽ തിരുവല്ലാ മെത്രാൻ മാർ സെവേരിയോസ് തിരുമേനി ചെയ്ത ടോസ്റ്റുപ്രസംഗം ഇപ്രകാരമായിരുന്നു:—

മഹത്തായതോ അപൂർവ്വമായതോ ആയ പ്രശസ്തി ലഭിക്കുന്ന വ്യക്തികളുടെ ബഹുമാനാർത്ഥം സൽക്കാരങ്ങൾ നടത്തുകയെന്നതു് ഇപ്പോൾ സാധാരണമായിത്തീർന്നിട്ടുണ്ടു്. ടോസ്റ്റു് ആശംസിക്കുകയെന്നതു് യഥാർത്ഥത്തിൽ അത്യന്തം ആനന്ദകരമായ ഒരു കൃത്യമാണു്. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി മെത്രാനായി, എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ സഹായമെത്രാനായി അഭിഷിക്തനായിരിക്കുന്നു. ഒരു കർദ്ദിനാൾ തിരുമേനിയാൽ അവിടുന്നു് അഭിഷിക്തനായിരിക്കുന്നു. കർദ്ദിനാൾ തിരുസംഘത്തിന്റെ അദ്ധ്യക്ഷനാൽ തിരുമേനി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയാൽ തിരുമേനി അഭിഷിക്തനായിരിക്കുന്നു. ഒരു മെത്രാനായി അഭിഷിക്തനാകുകയെന്നതുതന്നെ അസുലഭമായ ഒരു പ്രശസ്തിയും ബഹുമതിയുമാണു്. മെത്രാന്മാർ അപ്പസ്തോലന്മാരുടെ പിൻഗാമികളാണു്. അവരുടെ അധികാരങ്ങൾ പരലോകത്തേക്കുകൂടി വ്യാപിക്കുന്നു. നിത്യജീവിതത്തിൽ ജനങ്ങളെ വിധിക്കുവാൻ വേണ്ടി അവർ സിംഹാസനങ്ങളിന്മേൽ ആസനസ്ഥരാകുന്നു. (വി. മത്തായി 19, 27). സമ്പത്തിന്റെ വിപത്തുകളെപ്പററി നമ്മുടെ കർത്താവു് പ്രസ്താവിച്ചപ്പോൾ, പത്രോസ് പറഞ്ഞു: ഞങ്ങൾ എല്ലാം വിട്ടുപേക്ഷിച്ചു് അങ്ങയെ അനുഗമിക്കുന്നു; ഇനി ഞങ്ങൾ എന്തു ചെയ്യണമെന്നു കല്പിച്ചാലും. അപ്പോൾ യേശു പറഞ്ഞു, മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, ഇസ്രായേലിന്റെ പന്ത്രണ്ടു വംശങ്ങളെപ്പററി വിധിയെഴുതിക്കൊണ്ടു് അവരും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഉപവിഷ്ടരാകും എന്നു്.

ഈ വസ്തുതയെ അധിഷ്ഠിതമാക്കിയാണു് ഞങ്ങൾ മെത്രാന്മാരുടെ തിരുദേഹം ഇരിക്കുന്ന രൂപത്തിൽ കബറടക്കുന്നതു്. മാർ ഇവാനിയോസു തിരുമേനിയെ ഒരു കസേരയിൽ ഉപവിഷ്ടനാക്കിക്കൊണ്ടാണു് കബറടക്കിയതെന്നു നാം കണ്ടുവല്ലോ.

തിരുസഭയുടെ ഒരു കർദ്ദിനാളിനാൽ അഭിഷിക്തനാകുകയെന്നതു് അപൂർവ്വമായ ഒരു അവകാശമാണു്. കർദ്ദിനാൾ തിരുസംഘത്തിന്റെ അദ്ധ്യക്ഷനാൽ അഭിഷിക്തനാകുകയെന്നതു് അസാധാരണമാംവിധം അപൂർവ്വമായ ഒരു കാര്യമാണു്. ഇന്നത്തെ അഭിഷേചകൻ (കർദ്ദിനാൾ) തിരുമേനിയെ ഒരു മാർപ്പാപ്പായാണു്, ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമേനിയാണു്, അഭിഷേകം ചെയ്തതു്. സഹകാർമ്മികരിൽ ഒരാളായ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനിയും ഒരു മാർപ്പാപ്പായാൽ, ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമേനിയാൽ, അഭിഷിക്തനായിട്ടുള്ളതാണു്. മററ സഹകാർമ്മികൻ നിതാന്തവന്ദ്യ ദിവ്യശ്രീ മാർ ജോർജ്ജ് ആലപ്പാട്ട തിരുമേനിയും ഒരു മാർപ്പാപ്പായാൽ മെത്രാഭിഷിക്തനായിട്ടുള്ളതാണോ എന്നു് എനിക്കറിവില്ല. തിരുമേനി ഒരു മാർപ്പാപ്പായാൽ അഭിഷിക്തനായിട്ടില്ലെങ്കിൽ, മാർപ്പാപ്പായുടെ പ്രതിനിധിയാൽ അഭിഷിക്തനായിട്ടുള്ളതായിരിക്കണം.


ആകയാൽ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ അഭിഷേകം ബഹുവിധത്തിൽ കൊണ്ടാടപ്പെടേണ്ടതാണു്. മാർപ്പാപ്പാമാരിൽനിന്നും കർദ്ദിനാളന്മാരിൽനിന്നും മെത്രാഭിഷേകം സിദ്ധിച്ചിട്ടുള്ള കേരളത്തിന്റെ പുത്രന്മാർ ഇവിടെ സന്നിഹിതരായിട്ടുണ്ടു്. നിത്യനഗരത്തിൽനിന്നും ബഹുദൂരം അകലെവച്ചു് ഒരാൾ ഒരു കർദ്ദിനാൾ തിരുമേനിയാൽ അഭിഷേകം ചെയ്യപ്പെടുന്നതു് അത്യപൂർവ്വമാണു്. തിരുസഭയുടെ രണ്ടായിരം വർഷത്തെ സുദീർഘമായ ചരിത്രത്തിൽ സ്വന്തം നാട്ടിൽവച്ചു് ഒരു കർദ്ദിനാളിനാൽ ഇദംപ്രഥമമായി അഭിഷിക്തനാകുന്നതു് മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയാണു്. ഇതു യഥാർത്ഥത്തിൽ പ്രത്യേകപരിഗണന അർഹിക്കുന്ന കാര്യമാണു്.

മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയെപ്പോലെയൊരു മെത്രാപ്പോലീത്തായുടെ സഹായമെത്രാനായിരിക്കുകയെന്നതു് ഒരനുഗ്രഹമാണു്. പ്രായത്തിലും പരിചയത്തിലും മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയെപ്പോലെ സമ്പന്നരായ മെത്രാപ്പോലീത്താമാർ കത്തോലിക്കാസഭയിൽ തുലോം വിരളമായിരിക്കും. പാഠവും ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്ന അറിവുമാത്രം ഒരുവനെ ജനങ്ങളുടെ യഥാർത്ഥ ഭരണാധികാരിയായിരിക്കുവാൻ അർഹനാക്കുകയില്ല. പരിചയത്തിന്റെ വിദ്യാലയത്തിലെ കോഴ്സ് കഴിക്കേണ്ടതാവശ്യമാണു്. വൈദികപാഠസംബന്ധമോ ലൗകികവിജ്ഞാനസംബന്ധമോ ആയ ക്ലാസുമുറികളിലെ പഠനക്കോഴ്സ് തരണംചെയ്യുന്നതിനെക്കാൾ കൂടുതൽ അതു് ആവശ്യമാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. എന്തെന്നാൽ വിഭിന്നതരത്തിലുള്ള ആളുകളുമായി ഇടപെടുകയും വിവിധ സാഹചര്യങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന, പ്രത്യേകിച്ചു് ഒരു മെത്രാനു് ക്ഷമാശീലവും ദീർഘകാലം ക്ലേശങ്ങൾ സഹിക്കുവാനുള്ള സന്നദ്ധതയുമാണു് ആയുധങ്ങൾ. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ ബുദ്ധിപൂർവ്വകമായ മാർഗ്ഗദർശിത്വത്തിൻ കീഴിൽ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു് പല കാര്യങ്ങളും പഠിക്കുവാൻ സാധിക്കും. പൗരോഹിത്യത്തിന്റെ പൂർണ്ണതയിലേക്കു് ഉയർത്തപ്പെടുമ്പോൾ തിരുമനസ്സിലേക്കു് ഈ അനുകൂല്യങ്ങളെല്ലാം ഒത്തിണങ്ങിയിരിക്കുന്നതിൽ തിരുമേനി പ്രത്യേകിച്ചും ഭാഗ്യശാലിയാണു്.


ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ വ്യക്തിപരമായ നേട്ടങ്ങളും പ്രത്യേകപരിഗണന അർഹിക്കുന്നുണ്ടു. തന്റെ പാഠത്തിന്റെ എല്ലാ ശാഖകളിലും തിരുമേനി പ്രശസ്തി ആർജ്ജിച്ചിരുന്നു. പ്രസിദ്ധരായ ജസ്വീററു് വൈദികരുടെ കീഴിൽ കാണ്ടിയിൽവച്ചു് അദ്ദേഹം വൈദികപാഠം നിർവ്വഹിച്ചു. പേപ്പൽ സെമ്മിനാരിയിൽനിന്നും അദ്ദേഹം ഡോക്ടർ ബിരുദം കരസ്ഥമാക്കി. മെഡലുകളും പല സമ്മാനങ്ങളും സമ്പാദിച്ചുകൊണ്ടു് ഡിസ്റ്റിങ്ക്ഷനോടുകൂടി അദ്ദേഹം ബി. എ. പരീക്ഷ പാസ്സായി. അജപാലനകൃത്യവും അദ്ദേഹത്തിനു നല്ലപോലെ അറിയാം. പല ഇടവകകളിലും അദ്ദേഹം അസിസ്റ്റൻറായി ജോലിനോക്കി. അനന്തരം ചില പ്രധാനപ്പെട്ട വലിയ പള്ളികളിൽ അദ്ദേഹം വികാരിയായും നിയമിതനായി. ലേഖനക്രിയ (writing) ഒരുവനെ പൂർണ്ണതയിലെത്തിക്കുന്നുവെന്നു പറയപ്പെടുന്നുണ്ടല്ലോ. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ പൂർണ്ണനായും യോഗ്യനാക്കുന്നതിലേക്കായി അദ്ദേഹം സത്യദീപത്തിന്റെ പത്രാധിപരായി നിയമിക്കപ്പെട്ടു.

കേരളവൈദികാദ്ധ്യക്ഷസമൂഹത്തിലെ ഈ ബഞ്ചമിന്റെ (കനിഷ്ഠസഹോദരന്റെ) അനിതരസാധാരണമായ യോഗ്യതാഗുണങ്ങൾ വാഴ്ത്തുന്നതിനുള്ള അവസരമല്ലിതു്. ഏററവും [illegible] സ്ഥാനം മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു നല്കുന്നതിൽ മാർ ഗ്രിഗോറിയോസ് തിരുമേനിക്കു് ഖേദമുണ്ടായിരിക്കുകയില്ല. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ ഏററവും മുഴച്ചുനില്ക്കുന്ന ഒരു ഗുണവിശേഷം തിരുമനസ്സിലെ വിനയശീലമാണു്. ഒരു പത്രാധിപരെന്ന നിലയിൽ വ്യക്തികൾക്കും സംഭവങ്ങൾക്കും അദ്ദേഹം മതിയായ പ്രസിദ്ധീകരണം നൽകി തന്നെ സംബന്ധിച്ചിടത്തോളം മററുള്ളവരുടെ ശ്രദ്ധയ്ക്കു പാത്രമാകാതെ കഴിഞ്ഞുകൂടുവാൻ അദ്ദേഹം അഭിലഷിച്ചു. സത്യദീപത്തിലെ ചോദ്യോത്തരപംക്തി, വേദപാഠപംക്തി, പുസ്തകാഭിപ്രായം, മുഖപ്രസംഗങ്ങൾ ആദിയായി പേരുകൂടാതെയുള്ളവയെല്ലാം ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ വിദഗ്ദ്ധതൂലികാവിലാസത്താൽ നിർമ്മിക്കപ്പെട്ടവയായിരുന്നുവെന്നു് ഏറെപ്പേർ അറിഞ്ഞിരിക്കുകയില്ല. എളിമയുള്ളവനെ ഉയർത്തുന്ന ദൈവം, തിരഞ്ഞെടുക്കപ്പെട്ട ഈ വ്യക്തിക്കു് ഉന്നതതരമായ പദവി പ്രദാനം ചെയ്തിരിക്കുന്നു.

മാർത്തോമ്മാശ്ലീഹാ പൗരസ്ത്യദേശത്തു വിത്തുപാകിയ സഭയുടെ നായകത്വപദവിയിലേക്കാണു് അവിടുന്നു ക്ഷണിക്കപ്പെട്ടിരിക്കുന്നതു്. 19 നൂററാണ്ടുകാലത്തെ അവിച്ഛിന്നമായ അസ്തിത്വം അതിനുണ്ടെന്നു ന്യായപൂർവ്വം അവകാശപ്പെടാം. നമുക്കു് നമ്മുടെ പിതാവായ വി. തോമാ ആരംഭിച്ച ജോലി പൂർത്തീകരിക്കുകയെന്ന സർവ്വപ്രധാനമായ കർത്തവ്യം നിർവ്വഹിക്കുന്ന കാര്യത്തിൽ നാം ഗുരുതരമാംവിധം പരാജയപ്പെട്ടിരിക്കുന്നുവെന്നു സമ്മതിക്കപ്പെടേണ്ടതാണു്. സുവിശേഷം പ്രസംഗിക്കുന്നതിലേക്കായി അപ്പസ്തോലന്മാർ ലോകത്തെല്ലാടവ




മെത്രാൻപട്ടാഭിഷേകചടങ്ങുകൾക്കിടയിൽ, സകല വിശുദ്ധന്മാരുടെ പ്രാർത്ഥന ചൊല്ലുമ്പോൾ, നിയുക്തമെത്രാൻ—ഡോക്ടർ പാറേക്കാട്ടിൽ—സാഷ്ടാംഗപ്രണാമം ചെയ്യുന്നു.



അഭിഷേകകർമ്മത്തിൽ, അഭിഷേചകനും അഭിഷിക്തനും ഒരുമിച്ചു ദിവ്യപൂജ അർപ്പിക്കുന്നു.

കണ്ടോ! ആ ഭയങ്കരവധത്തിന്നു നേതൃത്വം വഹിച്ചതു ജെയിക്കബ് സെവർദ്ലോവ് എന്ന കമ്മ്യൂണിസ്റ്റു് നേതാവായിരുന്നു. ആ നിഷ്ഠൂരന്റെ നാമവും വഹിച്ചുകൊണ്ടുള്ള റഷ്യൻ കപ്പലത്രെ കിരീടധാരണ മംഗളകർമ്മത്തിനു എത്തിയതു്. എലിസബത്തു രാജ്ഞിയുടെ പിതാമഹന്റെ സഹോദരീപുത്രന്മാരും പുത്രിമാരുമാണു് അന്നവിടെ സംഹരിക്കപ്പെട്ടതു്. അന്നുമുതൽ ഇന്നുവരെ എത്ര രക്തപ്പുഴകളിലാണു ചെങ്കൊടി നീന്തിക്കളിച്ചിട്ടുള്ളതു!



അഭിഷേകകർമ്മത്തിന്റെ സർവ്വപ്രധാന ഭാഗങ്ങൾ നടത്തപ്പെടുമ്പോൾ, സുവിശേഷപുസ്തകം അഭിഷേകം ചെയ്യപ്പെടുന്ന മെത്രാന്റെ തോളിലും കഴുത്തിലുമായി വെക്കുന്നു.



അഭിഷേകാനന്തരം, അഭിഷിക്തമെത്രാനെ സർവ്വസ്ഥാനചിഹ്നങ്ങളോടുകൂടി സിംഹാസനത്തിൽ ഇരുത്തുന്നു.

ൻ കാരോരുത്തരുടെ പ്രവർത്തനരംഗമായി വിഭജിച്ചു. ഇന്ത്യയും പൗരസ്ത്യദേശങ്ങൾ മുഴുവനും വി. തോമാശ്ലീഹായുടെ വിഹിതത്തിൽ ഉൾപ്പെട്ടു. വിശുദ്ധ തോമാശ്ലീഹായുടെ സന്താനങ്ങളെന്നു് അവകാശപ്പെടുന്ന നമുക്കു ഈ ഭാഗങ്ങളിലേക്കു സുവിശേഷം പ്രചരിപ്പിക്കുവാൻ ചുമതലയുണ്ടു്. ഇന്ത്യയിലെ 36 കോടി ജനങ്ങൾ മാത്രമല്ല, ഏഷ്യയിലെ കോടാനുകോടി ജനങ്ങൾ മുഴുവനും നമ്മെ പ്രതീക്ഷിച്ചിരിക്കുകയാണു്.

ഇന്ത്യയിലും പൗരസ്ത്യദിക്കുകളിലും സഭ അസ്വാസ്ഥ്യജനകമായ ഒരു സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കുകയാണു്. മിഷൻ പ്രവർത്തനങ്ങളോടു രാഷ്ട്രീയകേന്ദ്രങ്ങളിൽ വിരോധമുണ്ടെന്നുള്ളതിനു തെളിവുകളുണ്ടു്. കമ്മ്യൂണിസ്റ്റു് ഭീഷണിയുമുണ്ടു്.

കത്തോലിക്കാസഭയുടെ ശക്തി അതിന്റെ ഐക്യമാണു്. സഭ ഒരു സജീവഘടനയാണു്. മാർപ്പാപ്പാമാർ വളരെ ഊന്നിപ്പറഞ്ഞിട്ടുള്ള ക്രിസ്തുവിന്റെ മൗതികശരീരം നമ്മെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമായിത്തീരണം.

ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ

## കൃതജ്ഞതാപ്രകടനം

ഇവിടെ ആഗതരായിരിക്കുന്നവരുടെ നാമത്തിൽ മാർ സെവേരിയോസ് തിരുമേനി ചെയ്ത ആശംസാപ്രസംഗത്തിനു് എന്റെ ഹൃദയംഗമമായ നന്ദി. അദ്ദേഹം എന്റെമേൽ പൊഴിഞ്ഞ സ്തുതിവചനങ്ങൾക്കു ഞാൻ ഒരു വിധത്തിലും അർഹനല്ല. അദ്ദേഹത്തിന്റെ സന്മനസ്സിന്റേയും വിശാലഹൃദയത്വത്തിന്റേയും ലക്ഷണമായി അവയെ ഞാൻ സ്വീകരിക്കുന്നു. വാസ്തവത്തിൽ ഇന്നു എന്റെ ജീവിതത്തിന്റെ ഒരു പ്രധാനഘട്ടം തുടങ്ങുകയാണു്. കാരണമുണ്ടതിനു്. പൗരോഹിത്യത്തിന്റെ പരിപൂർണ്ണതയിലേക്കു് എന്നെ ഉയർത്തിക്കൊണ്ടു് അങ്ങനെ ശ്ലീഹന്മാരുടേയും അവരുടെ പിൻഗാമികളുടേയും നിലയിലേക്കു ദൈവം എന്നെ എത്തിച്ചതു് ഇന്നാണു്. എറണാകുളം അതിരൂപതയുടെ ചരിത്രത്തിൽസുവർണ്ണാങ്കിതമാകേണ്ട ഒരു ദിനവുമാണിന്നു്. കാരണം ഇതാദ്യമാണു് ഈ അതിരൂപതയുടെകത്തീദ്രലിൽ ഒരു അഭിഷേകകർമ്മം നടക്കുന്നതു്. അഭിഷേകം നടത്തുന്നതോ? പൗരസ്ത്യസഭകളുടെ സെക്രട്ടറിയും, കർദ്ദിനാൾ സംഘത്തിന്റെ ഡീനുമായ ഒരു കർദ്ദിനാൾ തിരുമേനി.

വീണ്ടും കേരളീയസഭയുടെ ചരിത്രത്തിൽ ഒരിക്കലും മാഞ്ഞുപോകാത്ത ഒരു സുദിനവുംകൂടിയാണിന്നു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇതാദ്യമായിട്ടാണു് ഈ മണ്ണിൽതന്നെ ജനിച്ചു വളർന്ന ഒരാൾ താൻ പലവിധത്തിലും ബന്ധപ്പെട്ട വിശ്വാസികളുടെയും തന്റെ ബന്ധുക്കളുടെയും പ്രിയപ്പെട്ടവരുടെയും മുമ്പിൽവച്ചു ഒരു കർദ്ദിനാൾ തിരുമേനിയാൽ അഭിഷിക്തനാകുന്നതു്. അങ്ങനെ ഏതുകൊണ്ടു നോക്കിയാലും സർവ്വപ്രാധാന്യമർഹിക്കുന്ന ഈ സുദിനത്തിന്റെ മേന്മയെ നല്ലവണ്ണം ഞാൻ മനസ്സിലാക്കുന്നുണ്ടു്. സംഭവബഹുലമായ ഈ സുദിനത്തെ മംഗളകരമാക്കിത്തീർക്കുന്നതിനു കാരണക്കാരായ സകലർക്കും എന്റെ അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈയവസരം ഞാൻ ഉപയോഗിക്കുന്നു.

എന്റെ കൃതജ്ഞത ആദ്യമായി ദൈവത്തിന്റെ നേർക്കാണു്. അവിടുന്നാണല്ലോ സകലനന്മകളുടേയും ദാതാവു്. പ്രകാശത്തിന്റെ സമ്പൂർണ്ണതയാണവിടുന്നെങ്കിലും അജ്ഞാതനായിരുന്നാണു് അവിടുന്നു പ്രവർത്തിക്കുക. അവിടുന്നാണല്ലോ തന്റെ എളിയ ദാസനെ അഗണ്യതയിൽനിന്നും പ്രകാശത്തിലേക്കു കൊണ്ടുവന്നതു്. ബലഹീനമായ എന്റെ ചുമലുകൾക്കു താങ്ങുവാൻ വഹിയാത്തതാണെങ്കിലും തന്റെ തിരുമനസ്സിനോടുള്ള പരിപൂർണ്ണ വിധേയത്വംകൊണ്ടുമാത്രമാണു ഞാൻ ഈ ഭാരമേറിയ കുരിശു വഹിക്കുവാൻ തന്നെ നിശ്ചയിച്ചതു്. എന്റെ ജീവിതാന്തസ്സിനു വേണ്ട ദിവ്യവരങ്ങൾ അവിടുന്നു എനിക്കു നൽകുമെന്നു എനിക്കുറപ്പുണ്ടു്. അതുകൊണ്ടുതന്നെയാണു് എന്റെ പ്രിയതാതനായ മെത്രാപ്പോലീത്താ തിരുമേനിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ അഗുസ്തീനോസിന്റെ “Da quod jubes” (കല്പിക്കുന്നതു ചെയ്യുവാനുള്ള വരം തരിക) എന്ന ആപ്തവാക്യംതന്നെ എന്റെ മുദ്രാവാക്യമായി ഞാൻ സ്വീകരിച്ചതും. ദൈവതിരുച്ചിത്തം നിറവേററുവാനുള്ള അനുഗ്രഹത്തിനുവേണ്ടിയുള്ള ഒരു യാചനയാണതു്. ആ ദിവ്യാനുഗ്രഹം എനിക്കു ധാരാളം ലഭിക്കുവാനായി നിങ്ങളും സദയം എനിക്കുവേണ്ടി പ്രാർത്ഥിക്കുക.

അടുത്തതായി എന്റെ കൃതജ്ഞതയ്ക്കർഹൻ എന്നിൽ തന്റെ വിശ്വാസം കരുണാന്വിതം അർപ്പിച്ചിരിക്കുന്ന പരിശുദ്ധ പിതാവാണു്. ലോകത്തിൽ ദിവ്യനാഥന്റെ പ്രതിനിധിയാണല്ലോ പരിശുദ്ധപിതാവു്. എന്നെ ഈ സ്ഥാനത്തേക്കുയർത്തുവാൻ തിരുമനസ്സായ പരിശുദ്ധ പിതാവിന്റെ നിശ്ചയത്തിൽ ദൈവതിരുമനസ്സാണു ഞാൻ ദർശിക്കുന്നതു്. രക്ഷകന്റെ വികാരിയോടുള്ള ഒരു കടപ്പാടും അനുസരണവുമായി “അതു നിറവേറട്ടെ” (Fiat) എന്നു ഞാൻ ഏററു പറയുകയും ചെയ്തു. എനിക്കു പരിശുദ്ധ പിതാവിന്റെ നേരെയുള്ള പതറാത്ത ഭക്തിയും പുത്രനടുത്ത ബഹുമാനവും അഭിവന്ദ്യ തിരുമേനി അദ്ദേഹത്തെ അറിയിക്കണമേ.

കൃതജ്ഞതാഭാരത്താൽ വിവശമായ എന്റെ ഹൃദയം അടുത്തതായി തിരിയുന്നതു് അതിവന്ദ്യ തിരുമേനി! അങ്ങയുടെ നേർക്കാണു്. അവിടുന്നാണല്ലോ ഈ സന്തോഷവാർത്തയുമായി ഇവിടെയെത്തിയതും, ദൈവാനുഗ്രഹത്താൽ ആ വാർത്ത പൂർത്തീകരിക്കുന്നതിനുള്ള ഉപകരണമായിത്തീർന്നതും. തിരക്കുപിടിച്ച കാര്യപരിപാടികളുടെയിടയിൽ ഞങ്ങളുടെ മെത്രാപ്പോലീത്താ തിരുമേനിയുടെ ആഗ്രഹാനുസരണം ഇന്നിവിടെയെത്തി ഈ അഭിഷേകകർമ്മങ്ങൾ നിർവ്വഹിക്കത്തക്കവിധം കേബിൾ വഴി പരിശുദ്ധ പിതാവിൽനിന്നും വേണ്ടുന്ന അനുവാദങ്ങൾ വാങ്ങിച്ച അങ്ങയുടെ കാരുണ്യം എത്ര മഹത്തായിരിക്കണം. ഞങ്ങളുടെ അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ നാമത്തിലും, ഈ അതിരൂപതയുടെ നാമത്തിലും, എന്റെ പേർക്കും അങ്ങയോടുള്ള കൃതജ്ഞത ഞാൻ പ്രകാശിപ്പിക്കട്ടെ.

ഈ അഭിഷേകകർമ്മത്തിൽ സഹായിച്ച തിരുമേനിമാരോടും എനിക്കുള്ള കൃതജ്ഞത അകൈതവമാണു്. ഞങ്ങൾക്കു് എന്തു സഹായവും ചെയ്യുവാൻ സദാ സന്നദ്ധനാണു് ഞങ്ങളുടെ അയൽക്കാരനായ മോസ്റ്റ് റവ. ഡോ. അട്ടിപ്പേററി തിരുമനസ്സുകൊണ്ടു്. അഭിഷേകകർമ്മങ്ങളിൽ ഒന്നാം സഹായിയാകണമെന്നുള്ള അഭ്യർത്ഥനയോടുകൂടി തിരുമേനിയെ സമീപിച്ച ഞങ്ങൾക്കു തിരുമേനിയുടെ സമ്മതം നിഷ്പ്രയാസം ലഭിച്ചു. ഇന്നു കപ്പേളയിൽവച്ചു നടന്ന അഭിഷേകകർമ്മം മംഗളകരമായി അവസാനിക്കുന്നതുവരെയുള്ള തിരുകർമ്മങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രമങ്ങൾ സസൂക്ഷ്മം പാലിക്കുന്നതിൽ അന്നുമുതൽ വ്യാപൃതനായിരുന്നു അവിടുന്നു്. തിരുകർമ്മങ്ങളിൽ ആദ്യവസാനം സഹായിച്ചതിനു മൈററു് റവ. ഡോ. ആലപ്പാട്ടു തിരുമേനിയോടും എനിക്കുള്ള കൃതജ്ഞത അപാരമാണു്.

അഭിഷേകകർമ്മക്രമങ്ങൾ സനിഷ്കർഷം അനുഷ്ഠിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്ന അതിവന്ദ്യ കർദ്ദിനാൾ തിരുമേനിയുടെ സെക്രട്ടറിക്കും മററു സഹായികൾക്കും എന്റെ അകമഴിഞ്ഞ കൃതജ്ഞത.

നമ്മുടെ അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി മോസ്റ്റ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയോടു എനിക്കുള്ള കൃതജ്ഞത നിസ്സീമമാണു്. പരമാർത്ഥം പറഞ്ഞാൽ തന്റെ കുരിശിൽ ഭാഗഭാഗിത്വം വഹിക്കുവാനാണു് അവിടുന്നെന്നെ വിളിച്ചിരിക്കുന്നതു്. ഈ പ്രത്യേകഭാഗധേയത്തിന്റെ ഉത്തരവാദിത്വം നോക്കുമ്പോൾ വേദനനിറഞ്ഞതാണെങ്കിലും (ഫലസംദായകവും പുണ്യാത്മകവുമായ ഒരു പ്രത്യേകഭാഗധേയമാണതു്) എന്നെ അതിനു പാത്രവാനാക്കിയതിനു അവിടുത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞാൻ അശക്തനാണു്.

തങ്ങളുടെ സാന്നിദ്ധ്യം കൊണ്ടു് ഈ സുദിനത്തെ മംഗളകരമാക്കിത്തീർത്ത അതിവന്ദ്യ തിരുമേനിമാർക്കും, തങ്ങളുടെ സഹകരണംകൊണ്ടു ഈ ദിനത്തെ ധന്യമാക്കിച്ചെയ്ത ബഹു. മോൺസിഞ്ഞോർമാർക്കും വൈദികർക്കും എന്റെ ഗുരുഭൂതന്മാർക്കും അവസാനമായി എന്റെ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ!

# മേരിവൽസരം

## ഫുൾജെൻസ് കൊറോണ എന്ന തിരുവെഴുത്ത്

(പരിഭാഷകൻ: റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

(തുടർച്ച)

റോമയിൽ തന്നെ
മാതൃക കാണിക്കണം

കന്യകാമറിയത്തെ പ്രത്യേകവിധം വന്ദിക്കപ്പെടുന്ന പള്ളികളിലെല്ലാം—എല്ലാ രൂപതകളിലും കാണും അത്തരം ദൈവാലയങ്ങൾ—തീർത്ഥകർ നിശ്ചിതദിവസങ്ങളിൽ തടിച്ചുകൂടുകയും എത്രയും പരിശുദ്ധ കന്യകയോടു് അവർക്കു പൊതുവേയുള്ള സ്നേഹവും വിശ്വാസവും പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യട്ടെ. അമലോത്ഭവയായ കന്യകാമറിയത്തോടു് എത്രയും തീവ്രമായ ഭക്തി പ്രകാശിപ്പിക്കപ്പെടുന്ന ലൂർദ്ദിലെ ഗ്രോട്ടോയിൽ ഇതു പ്രത്യേകവിധം പ്രത്യക്ഷപ്പെടുമെന്നു നമുക്കു സന്ദേഹമില്ല. എന്നാൽ ഈ റോമാനഗരംതന്നെ പ്രഥമമാതൃക നല്കട്ടെ. ഈ നഗരത്തിന്റെ മദ്ധ്യസ്ഥയായ സ്വർഗ്ഗീയാംബികയെ ക്രിസ്ത്വാബ്ദത്തിന്റെ പ്രാരംഭംമുതല്ക്കുതന്നെ പ്രത്യേകമായി ഈ നഗരം വന്ദിച്ചുപോന്നിട്ടുള്ളതാണു്. റോമൻജനതയുടെ പ്രത്യേകഭക്തി പ്രകടിതമാകുന്ന പല ദൈവാലയങ്ങളും ഈ നഗരത്തിലുണ്ടു്; എന്നാൽ ഇവയിൽ എത്രയും വലുതു ലൈബീരിയൻ ബസിലിക്കയാണെന്നു നിസ്സംശയമത്രെ. ഭാഗ്യസ്മരണാർഹനായ നമ്മുടെ പൂർവ്വഗാമി അവിടെ വരപ്പിച്ചു വച്ചിട്ടുള്ള മൊസെയിക്കുചിത്രങ്ങളിൽ കന്യകാമറിയത്തിന്റെ ദൈവമാതൃത്വത്തിന്റെ സ്മാരകമായി ഒരെണ്ണം മുന്നിട്ടുനിന്നു ശോഭിക്കുന്നുണ്ടു്. റോമൻജനതയുടെ ആരോഗ്യം ആ ചിത്രത്തിൽ പുഞ്ചിരിതൂകുന്നപോലെ തോന്നും. ഭക്തരായ പൗരന്മാർ അവിടെ തിങ്ങിക്കൂടി ആ പരിശുദ്ധ സ്വരൂപത്തിന്റെ മുമ്പിൽ തങ്ങളുടെ ഭക്തിസമന്വിതമായ പ്രാർത്ഥനകൾ സമർപ്പിക്കട്ടെ. കത്തോലിക്കാലോകത്തിലെ പ്രധാനനഗരമായ റോമ വിശുദ്ധിയിലും ഭക്തിയിലും വിശ്വാസത്തിലും മററുള്ളവർക്കു മാതൃകയായി നില്ക്കുന്നതിനു് അവർ പ്രാർത്ഥിക്കുന്നു.

പരിശുദ്ധ സ്മരണയ്ക്കു് അർഹനും മഹാനുമായ ലെയോൻ പാപ്പായുടെ വാക്കുകളിൽ റോമയിലെ കുട്ടികളോടു നാം പറയുന്നു: “ലോകമാസകലമുള്ള അഖിലസഭ എല്ലാ പുണ്യങ്ങളിലും പരിശോഭിക്കേണ്ടതാണെങ്കിലും ശ്ലൈഹികശിലയാകുന്ന കോട്ടയിൽ നില്ക്കുന്ന നിങ്ങൾ, എല്ലാവരോടുംകൂടെ നമ്മുടെ കർത്താവായ ഈശോ രക്ഷിച്ചവരും ഭാഗ്യപ്പെട്ട പത്രോസ്ശ്ലീഹായിൽനിന്നു വിശ്വാസം ലഭിച്ചവരുമായ നിങ്ങൾ പ്രത്യേകിച്ചും ഭക്തിയിൽ എല്ലാജനങ്ങളേയും മുന്നിട്ടുനില്ക്കണം.”

യുവാക്കളോടു് ആഹ്വാനം—
മിതത്വം പാലിക്കുക

കന്യകാമറിയത്തിനു ദൈവത്തിന്റെ മുമ്പിലുള്ള സ്ഥാനമഹിമയും മദ്ധ്യസ്ഥശക്തിയും സംരക്ഷണയും പരിഗണിച്ചുകൊണ്ടു് ഇന്നത്തെ സാഹചര്യങ്ങളിൽ എല്ലാവരും അപേക്ഷിക്കേണ്ടതായ പല സംഗതികളുണ്ടു്. ക്രിസ്തീയപ്രമാണങ്ങളനുസരിച്ചു് എല്ലാവരും ജീവിക്കുന്നതിനു് ആവശ്യമായ ദൈവസഹായം നാം മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഒന്നാമതായി എല്ലാവരും അഭ്യർത്ഥിക്കട്ടെ; എന്തുകൊണ്ടെന്നാൽ പ്രവൃത്തികൂടാതെയുള്ള വിശ്വാസം ചത്തതാണു്. ഇതരരുടെ മുമ്പിൽ ഒരു മാതൃകാപാത്രമായി പ്രകാശിക്കുന്നില്ലെങ്കിൽ പൊതുനന്മയ്ക്കു് അനുയോജ്യമായി യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല. ഉദാരമതികളും കർമ്മശൂരരുമായ യുവാക്കൾ ഉണ്ടാകുന്നതിനും ലോകത്തിന്റെ നശീകരണകാററു് ഏശി തിന്മയിൽ അണ്ടു് യൗവനമാകുന്ന സൂനകോരകവും മലിനമാകാതിരിക്കുവാനും കഴിഞ്ഞാണില്ലാത്ത അവർക്കു തീക്ഷ്ണതയും എരിയുന്ന ഉത്സാഹവും മിതത്വത്തിന്റെ നിയന്ത്രണത്തിൽ ഇരിക്കുന്നതിനും വഞ്ചനകൾക്കു വിധേയമാകാതെ തിന്മയിലേക്കും ഒ ഹത്തിലേക്കും ചായാതിരിപ്പാനും സുന്ദരവും പരിശുദ്ധവും സ്നേഹയോഗ്യവും ഉൽകൃഷ്ടവുമായവയിലേക്കു് അവർ ഉയരുന്നതിനും പ്രാർത്ഥിക്കട്ടെ.

ക്രിസ്തീയമായ ആത്മധൈര്യത്തിലും സത്യസന്ധതയിലും എല്ലാവരും പ്രശോഭിക്കുവാനും ഗാർഹികജീവിതം അക്ഷതമായ വിശ്വസ്തതകൊണ്ടു സമലംകൃതമാകുവാനും കുട്ടികൾക്കു പരിശുദ്ധമായ വിദ്യാഭ്യാസം ശരിയായി നൽകി കുടുംബങ്ങൾ അഭിവൃദ്ധിപ്പെടുവാനും പരസ്പരസഹായവും സത്യമായ ഐക്യവും വഴി അവ പ്രബലപ്പെടുവാനും എല്ലാവരും ഒരുമിച്ചു പ്രാർത്ഥിക്കട്ടെ.

വൃദ്ധർ തങ്ങളുടെ ജീവിതാന്ത്യം സമീപിക്കുമ്പോൾ മനസ്സാക്ഷിയുടെ ഉൽകണ്ഠയോ വേദനയോ എന്നുവേണ്ട യാതൊന്നും ഭയപ്പെടാതെ, ലജ്ജിക്കാൻ ഇടവരാതെ, തങ്ങളുടെ സുദീർഘമായ അദ്ധ്വാനങ്ങളുടെ സമ്മാനം ഉടനെ ലഭിക്കുന്നതാണെന്ന ശരണത്തോടെ ശരിയായി ചെലവഴിച്ച ജീവിതത്തിന്റെ ആനന്ദഫലങ്ങൾ അനുഭവിക്കുന്നതിനു് എല്ലാവരും പ്രാർത്ഥിക്കട്ടെ.

അതിനുംപുറമേ വിശക്കുന്നവർക്കു് അപ്പത്തിനുവേണ്ടിയും വലയുന്നവർക്കു നീതി ലഭിക്കുവാനും വിപ്രവാസം അനുഭവിക്കുന്നവർ സ്വദേശത്തേക്കു മടങ്ങിയെത്തുന്നതിനും വീടില്ലാത്തവർക്കു ഒരു വീടു കിട്ടുന്നതിനും അനീതിയായി ജയിലിലോ കാരാഗൃഹത്തിലോ അടയ്ക്കപ്പെട്ടിരിക്കുന്നവർക്കു സ്വാതന്ത്ര്യം സിദ്ധിക്കുന്നതിനും കഴിഞ്ഞ യുദ്ധം കഴിഞ്ഞു ഇത്രയുംകാലം തടങ്കലിൽ കഴിയുന്നവർ സ്വഭവനത്തിലേക്കു തിരിച്ചെത്തുന്നതിനും ആത്മശരീരങ്ങളുടെ അന്ധതയിൽ വർത്തിക്കുന്നവരുടെമേൽ പ്രകാശം വീശുന്നതിനും പകയും അസൂയയും വൈരാഗ്യവും വഴി ഭിന്നിച്ചുപോയിരിക്കുന്നവർ സഹോദരസ്നേഹംവഴിയും സത്യത്തിലും നീതിയിലും പരസ്പരസ്നേഹത്തിലും അധിഷ്ഠിതമായ സമാധാനവ്യാപാരങ്ങൾവഴിയും പരസ്പരം രമ്യപ്പെടുന്നതിനും എല്ലാവരും ദൈവമാതാവിനോടു് അർത്ഥിക്കട്ടെ.

ബ. സഹോദരരേ, കത്തോലിക്കാസഭ അവകാശപ്പെടുന്ന സ്വാതന്ത്ര്യം ലോകമാസകലം ലഭിക്കുന്നതിനു ദിവ്യരക്ഷകന്റെ മാതാവും നമ്മുടെ എത്രയും മാധുര്യമുള്ള അമ്മയുമായ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം വഴി ഈ മേരിവത്സരത്തിൽ വിശേഷവിധിയായ പ്രാർത്ഥനകൾ ദൈവത്തിങ്കലേക്കു സമർപ്പിക്കണമെന്നു പ്രത്യേകമായി നാം ആഗ്രഹിക്കുന്നു. മേല്പറഞ്ഞ സ്വാതന്ത്ര്യം ജനങ്ങളുടെ നന്മയ്ക്കല്ലാതെ നാശത്തിനു വിനിയോഗിക്കുന്നില്ല. പൗരന്മാരുടേയും ജനപദങ്ങളുടേയും രാജ്യങ്ങളുടേയും മദ്ധ്യേ ഐക്യം പാലിക്കുന്നതിനു തെല്ലും ശണ്ഠ ആ സ്വാതന്ത്ര്യം കളങ്കമാക്കുന്നില്ല. (തുടരും)


### കേരളത്തിലെ ക്രൈസ്തവസഭകൾ

[ജൂബിലിസ്മാരകഗ്രന്ഥം]

രണ്ടു രൂപാ വിലയുള്ള പ്രസ്തുത പുസ്തകം ക്രിസ്തുമസ്സു പ്രമാണിച്ചു് ഒരു മാസത്തേക്കു പകുതി വിലയ്ക്കു കൊടുക്കുന്നതാണു്. സ്റ്റാമ്പു ചെലവുൾപ്പെടെ 1 രൂപാ 6 അണ ഉടൻ മണിയോർഡറായി അയക്കുക.

ഫാദർ ഇഞ്ചയ്ക്കലോടി, പന്തളം (P. O.)

സഭാചരിത്രപംക്തി (8)

# യഹൂദവൽകരണവാദവും

## യറുശലേമിലെ സൂനഹദോസും

(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

പൗലോസിന്റെയും ബാർണബാസിന്റെയും പരിശ്രമഫലമായി അസംഖ്യം പുറജാതിക്കാർ ക്രൈസ്തവസഭയെ ആശ്ലേഷിക്കുന്നു എന്നുള്ള വാർത്ത യറുശലേമിലെ യഹൂദക്രിസ്ത്യാനികളുടെ ഇടയ്ക്കു് ഒരു കോളിളക്കംതന്നെ ഉണ്ടാക്കി. പഴയനിയമത്തേയും യഹൂദാചാരങ്ങളേയും സംരക്ഷിക്കുവാൻവേണ്ടി തീവ്രയത്നം ചെയ്യുവാൻ അവർ നിശ്ചയിച്ചു. മോശയുടെ നിയമത്തിനു് അന്നും സാധുതയുണ്ടെന്നും പ്രസ്തുത നിയമം പരിപൂർണ്ണമായി അനുഷ്ഠിക്കുന്നവർക്ക മാത്രമേ തിരുസ്സഭയിൽ പ്രവേശിക്കുന്നതിനവകാശമുള്ളു എന്നുമായിരുന്നു അവരുടെ വാദം. യറുശലേമിൽനിന്നും തീവ്രവാദികളായ ചില യഹൂദക്രിസ്ത്യാനികൾ അന്ത്യോക്യയിലേക്കും തർലേഷ്യയിലേക്കും പാഞ്ഞെത്തി. ജ്ഞാനസ്നാനത്തിന്റെകൂടെ ഛേദനാചാരവും മോശയുടെ നിയമപ്രകാരമുള്ള മുറകളും അനുഷ്ഠിക്കാത്തപക്ഷം രക്ഷ പ്രാപിക്കയില്ലായെന്നു് ഇക്കൂട്ടർ അവിടങ്ങളിലുള്ള പുറജാതിയരായ ക്രിസ്ത്യാനികളെ ഉൽബോധിപ്പിക്കുവാൻ തുടങ്ങി.

ക്രിസ്തുവിന്റെ ആദർശങ്ങളേയും, സഭയുടെ താത്വികമായ നിലപാടിനേയും ചോദ്യംചെയ്യുന്ന ഒരു പുറപ്പാടായിരുന്നു ഇതു്. യറുശലേമിലെ യഹൂദക്രിസ്ത്യാനികളുടെ വാദം സ്വീകരിക്കുന്നപക്ഷം ക്രിസ്തുമതം മനുഷ്യസാഹോദര്യവും വിശ്വസ്നേഹവും പുലർത്തുന്ന ഒരു സാർവ്വത്രികമതമായി ഒരിക്കലും വികസിക്കയില്ലായിരുന്നു. പഴയനിയമത്തിന്റെ കർക്കശമായ ശൃംഖലകളാൽ ബന്ധിക്കപ്പെട്ടു് ക്രിസ്തുവിന്റെ പുതിയ നിയമം കാലാന്തരത്തിൽ ദുർബലവും അർത്ഥശൂന്യവുമായിത്തീരുമായിരുന്നു. അതിനാൽ തിരുസ്സഭയെ സംബന്ധിച്ചിടത്തോളം അത്യന്തം ഗൗരവതരമായ ഒരു ഘട്ടമാണു് ഈ യഹൂദവൽകരണപ്രസ്ഥാനംമൂലം സംജാതമായതു്.

പൗലോസും ബാർണബാസും യഹൂദനിയമത്തിന്റെ ഈ സുശക്തമായ വെല്ലുവിളിയെ സ്വീകരിക്കുവാൻതന്നെ നിശ്ചയിച്ചു. കാര്യത്തിന്റെ ഗൗരവം അപ്പസ്തോലന്മാരെ ധരിപ്പിക്കുന്നതിനുവേണ്ടി പൗലോസിന്റെയും ബാർണബാസിന്റെയും നേതൃത്വത്തിൽ ഒരു നിവേദകസംഘം അന്ത്യോക്യയിൽനിന്നും യറുശലേമിൽ എത്തിച്ചേർന്നു. ഉടൻതന്നെ ഈ പ്രശ്നത്തെപ്പറ്റി ചർച്ചചെയ്യുവാൻവേണ്ടി അപ്പസ്തോലന്മാരുടെയും സഭാമൂപ്പന്മാരുടെയും (Elders) ഒരു യോഗം (Council) യറുശലേമിൽ വിളിച്ചുകൂട്ടി. ഇതു് 49 A. D. യിലായിരുന്നു. പത്രോസു, യോഹന്നാൻ, ജയിംസ്, (James the Younger) പൗലോസ്, ബാർണബാസു് മുതലായ പ്രമുഖന്മാർ ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. ആദ്യം സംസാരിച്ചതു് സഭാതലവനായ പത്രോസ് തന്നെയാണു്. അദ്ദേഹം പൗലോസിനോടു യോജിച്ചുകൊണ്ടു് പുറജാതിക്രിസ്ത്യാനികൾ യഹൂദനിയമപ്രകാരമുള്ള മുറകൾ അനുഷ്ഠിക്കേണ്ടതില്ലെന്നു തന്നെ അഭിപ്രായപ്പെട്ടു. ജയിംസും ഈ നിലപാടുതന്നെ സ്വീകരിച്ചു. എന്നാൽ യഹൂദപക്ഷത്തെ തീവ്രവാദികളെ സമാധാനപ്പെടുത്തുന്നതിനും, രണ്ടു കക്ഷികളും തമ്മിലുള്ള സാമൂഹ്യസമ്പർക്കം കൂടുതൽ സുഗമമാക്കുന്നതിനുംവേണ്ടി, പുറജാതീയരായ ക്രിസ്ത്യാനികൾ, ദേവന്മാർക്കായി ബലിയർപ്പിക്കപ്പെട്ട സാധനങ്ങൾ, രക്തം, ശ്വാസംമുട്ടിച്ചു കൊല്ലപ്പെടുന്ന ജന്തുക്കൾ മുതലായവയിൽനിന്നും നിവർത്തിക്കണമെന്നു് തീരുമാനിക്കേണ്ടതാണെന്നു് അദ്ദേഹം നിർദ്ദേശിച്ചു. ഈ നിർദ്ദേശം കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചു. ഈ തീരുമാനത്തെ യോഗത്തിന്റെ ഔദ്യോഗികനിശ്ചയ (decree) മായി കല്പനാരൂപത്തിൽ എഴുതി പ്രത്യേക സന്ദേശവാഹകന്മാർവഴി അന്ത്യോക്യയിലേയും സിറിയായിലേയും സിലിഷ്യയിലേയും പുറജാതീയക്രിസ്ത്യാനികൾക്കു് അയച്ചുകൊടുത്തു.

യറുശലേമിലെ കൗൺസിൽ തിരുസ്സഭാചരിത്രത്തിലെ ഏററം പ്രധാനമായ ഒരു സംഭവമാണു്. തിരുസ്സഭയിലെ ഒന്നാമത്തെ സൂനഹദോസായിരുന്നു അതു്. വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന പ്രശ്നങ്ങളെപ്പററി അവസാനതീരുമാനം കല്പിക്കുവാനുള്ള പരമാധികാരം ആദിമകാലം മുതല്ക്കേ തിരുസ്സഭയിൽ നിക്ഷിപ്തമായിരുന്നു എന്നും അവസരം ആവശ്യപ്പെട്ടപ്പോഴൊക്കെയും പ്രസ്തുതാധികാരം സഭ പ്രയോഗിച്ചിരുന്നു എന്നും ഉള്ളതിനു് അനിഷേദ്ധ്യമായ ഒരു തെളിവാണു് യറുശലേമിലെ കൗൺസിലിന്റെ നടപടിയും അപ്പസ്തോലികതീരുമാനവും. പ്രസ്തുത കൗൺസിലിന്റെ ഡിക്രിയുടെ രൂപംതന്നെ ശ്രദ്ധേയമാണു്. "നിങ്ങളുടെ മേൽ (പുറജാതീയക്രിസ്ത്യാനികൾ) താഴെപ്പറയുന്ന അവശ്യകാര്യങ്ങളിൽ കൂടുതലായ ഭാരങ്ങൾ ചുമത്തേണ്ടതില്ലെന്നു് പരിശുദ്ധാത്മാവിക്കും ഞങ്ങൾക്കും ബോദ്ധ്യമായിരിക്കുന്നു" എന്നാണു് ഡിക്രി. ഇതിൽ പ്രകടമായിരിക്കുന്ന അധികാരവും ദൈവനിവേശിതത്വവും സ്വയം വിശദമാണു്.

അങ്ങനെ ആ വിഷമപ്രശ്നത്തിനു് അപ്പസ്തോലികമായ തീരുമാനം ഉണ്ടായി. എങ്കിലും അതു സംബന്ധിച്ചുള്ള വിമതകോലാഹലങ്ങൾ അവിടെ അവസാനിച്ചില്ല. ചില യഹൂദക്രിസ്ത്യാനികൾ അവരുടെ പഴയ നിലതന്നെ തുടർന്നുകൊണ്ടുപോന്നു. അവർ പുറജാതീയസഹോദരങ്ങളോടൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതിൽ വൈമുഖ്യം പ്രകടിപ്പിച്ചു. പത്രോസ് അപ്പസ്തോലൻപോലും, പുതുതായി ക്രിസ്തുമതം സ്വീകരിച്ച അന്ത്യോക്യയിലെ പുറജാതീയരുടെ സൽക്കാരം സ്വീകരിക്കാതെ ഒഴിഞ്ഞുമാറി. പഴയനിയമത്തിന്റെ കെട്ടുകളിൽനിന്നും സുവിശേഷത്തെ സ്വതന്ത്രമാക്കുവാൻ ദൃഢനിശ്ചയം ചെയ്തിരുന്ന പൗലോസ് ഈ അവസരത്തിൽ പത്രോസിന്റെ അസ്ഥിരതയെ ശക്തിയായി വിമർശിക്കയും അപലപിക്കയും ചെയ്തു.

കാലക്രമേണ പൗലോസ് വിഭാവനം ചെയ്യുകയും പ്രചരിപ്പിച്ചതുമായ സാർവ്വത്രികാദർശത്തിനു തന്നെ അംഗീകാരവും പ്രചാരവും ലഭിച്ചു. ലോകത്തിലെ എല്ലാ ജാതികൾക്കുംവേണ്ടി തിരുസ്സഭയുടെ കവാടം അദ്ദേഹം തുറന്നുകൊടുത്തു. തന്റെ പ്രേഷിത സംരംഭങ്ങളെ എതിർത്തവരെ തീക്ഷ്ണമായ വാക്ശരങ്ങൾകൊണ്ടു് അദ്ദേഹം നിശ്ശബ്ദരാക്കി.

70 A. D. യിൽ നടന്ന യറുശലേമിന്റെ നാശത്തോടുകൂടി യഹൂദവർഗ്ഗത്തിന്റെ പ്രഭാവവും യഹൂദനിയമത്തിന്റെ പ്രാബല്യവും അസ്തമിച്ചു. അതോടുകൂടി യഹൂദവൽകരണപ്രസ്ഥാനത്തിന്റെ അവശേഷിച്ചിരുന്ന സ്വാധീനവും നിമ്മാർജ്ജനം ചെയ്യപ്പെട്ടു. ക്രിസ്തുമതം ജനിച്ചുവളന്ന ആദ്യഭവനം ചരിത്രരംഗത്തുനിന്നും അന്തർദ്ധാനംചെയ്തു. അവളുടെ സ്ഥിരമായ ആസ്ഥാനമാകാനിരുന്ന പുതിയ ഭവനത്തെ ലക്ഷ്യമാക്കിയുള്ള പ്രയാണം ആരംഭിച്ചുകഴിഞ്ഞു—യറുശലേമിൽനിന്നും റോമിലേക്കു്.



പട്ടാഭിഷേകാനന്തരം. ഇടത്തുനിന്നു വലത്തോട്ടു്: വരാപ്പുഴ മെത്രാപ്പോലീത്താ, എറണാകുളം മെത്രാപ്പോലീത്താ, അത്യുന്നതകർദ്ദിനാൾ, അഭിനവ മെത്രാൻ, തൃശ്ശൂർ മെത്രാൻ എന്നീ തിരുമേനിമാർ.

# പട്ടാഭിഷേകമഹാമഹം

എറണാകുളം അതിരൂപതാ സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പട്ടാഭിഷേകം നവംബർ 30-ാംനു- കാലത്തു് എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ, മനോഹരമായി അലങ്കരിച്ച രണ്ടു് അൾത്താരകളോടും, വൈദികാദ്ധ്യക്ഷന്മാർക്കും മററുമുള്ള ഇരിപ്പിടങ്ങളോടുംകൂടി സജ്ജമാക്കിയിരുന്ന പ്രത്യേക മണ്ഡപത്തിൽവച്ചു് കേരളത്തിലെ പത്തു വൈദികാദ്ധ്യക്ഷന്മാരുടേയും ബഹുശതം വൈദികരുടേയും കന്യാസ്ത്രീകളുടേയും മുഖ്യമന്ത്രി മി. എ. ജെ. ജോണും മററു പൗരമുഖ്യരും ഉൾപ്പെടെ മുപ്പതിനായിരത്തോളം വരുന്ന ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ, അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങു് തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചിരിക്കുന്നു.

രാവിലെ 6-30-നു് കർദ്ദിനാൾ തിരുമേനിയേയും നിയുക്തമെത്രാൻ തിരുമേനിയേയും മററു തിരുമേനിമാരേയും എറണാകുളം മെത്രാപ്പോലീത്തൻ അരമനയിൽനിന്നും ആഘോഷപൂർവ്വം മണ്ഡപത്തിലേക്കു് എതിരേററു. കൃത്യം ഏഴുമണിക്കു്, കർദ്ദിനാൾ തിസ്സെരാങ്ങു് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ് അട്ടിപ്പേററി, തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജു് ആലപ്പാട്ടു് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും അഭിഷേകകർമ്മങ്ങൾ ആരംഭിച്ചു. ലത്തീൻ റീത്തിൽ നടത്തപ്പെട്ട തിരുകർമ്മങ്ങൾ സംബന്ധിച്ച വിവരങ്ങൾ അപ്പഴപ്പോൾ ഉച്ചഭാഷിണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു.

ആദ്യമായി, ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി മെത്രാൻപദത്തിലേക്കു് ഉയർത്തപ്പെട്ടിരിക്കുന്നതുസംബന്ധിച്ചു് തിരുസിംഹാസനത്തിൽനിന്നും അയച്ചിരുന്ന കേബിൾ സന്ദേശം പരസ്യമായി പാരായണം ചെയ്യപ്പെട്ടു. തുടർന്നു നടന്ന തിരുകർമ്മങ്ങൾ ഏതാണ്ടു് രണ്ടുമണിക്കൂർ ദീർഘിക്കുകയുണ്ടായി.

9 മണിയോടുകൂടി കർദ്ദിനാൾ തിരുമേനിയും അഭിനവമെത്രാൻ തിരുമേനിയും മററു വൈദികാദ്ധ്യക്ഷന്മാരും ഘോഷയാത്രയായി എറണാകുളം അതിമെത്രാസനാരമനയിലേക്കു് ആനയിക്കപ്പെട്ടു.

ഉച്ചയ്ക്കു് അതിമെത്രാസനാരമനയിൽവച്ചു നടത്തപ്പെട്ട സൽക്കാരത്തിൽ കർദ്ദിനാൾ തിരുമേനിയും അഭിഷേകകർമ്മങ്ങളിൽ സംബന്ധിച്ചിരുന്ന മറെറല്ലാതിരുമേനിമാരും മോൺസിഞ്ഞോർമാർ, വൈദികർ, പേപ്പൽബഹുമതിലഭിച്ചവർ എന്നിവരും, മന്ത്രി ശ്രീ എ. ജെ. ജോൺ ഉൾപ്പെടെ അനേകം ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും സംബന്ധിച്ചിരുന്നു. തദവസരത്തിൽ തിരുവല്ലാമെത്രാൻ മാർ സെവേരിയോസു് തിരുമനസ്സുകൊണ്ടു് അഭിനവമെത്രാനെ അനുമോദിച്ചുകൊണ്ടു് ടോസ്റ്റു് പ്രസംഗം നടത്തുകയും ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി മറുപടിപ്രസംഗരൂപേണ ഏവർക്കും കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തു. (ടോസ്റ്റു പ്രസംഗവും മറുപടിയും അന്യത്ര) അനന്തരം അത്യുന്നതകർദ്ദിനാൾ തിരുമേനി അഭിനവമെത്രാനു ഭാവുകങ്ങളാശംസിച്ചുകൊണ്ടും അഭിഷേകകർമ്മങ്ങളിൽ പ്രധാന കാർമ്മികത്വം വഹിക്കുവാനിടയായതിൽ തനിക്കുള്ള ചാരിതാർത്ഥ്യം പ്രകടിപ്പിച്ചുകൊണ്ടും ഒരു ലഘുപ്രസംഗം ചെയ്യുകയുണ്ടായി.

3-30-നു് അരമനഹാളിൽവച്ചു് പൊതുവായ അനുമോദനയോഗമാരംഭിച്ചു. എറണാകുളം അതിരൂപതയിലെ വൈദികരുടേയും അൽമേനികളുടേയും വകയായി ഒരു മംഗളപത്രം തദവസരത്തിൽ വികാരിജനറാൾ മോൺ. പോത്തനാമൂഴി അവർകൾ വായിച്ചു് മനോഹരമായ ഒരു കാസ്കറ്റിൽ അടക്കംചെയ്തു് അഭിനവമെത്രാൻ തിരുമേനിക്കു സമർപ്പിച്ചു. (മംഗളപത്രം ഒന്നാം പേജിൽ ചേർത്തിരിക്കുന്നു) തുടർന്നു് ഹാരാർപ്പണങ്ങളും സമ്മാനദാനങ്ങളും നടന്നു. അതിരൂപതയിലെ വൈദികർ ഗണ്യമായ ഒരു സംഖ്യ പിരിച്ചെടുത്തു് "സത്യദീപഫണ്ടു്" എന്ന പേരിൽ ഒരു നിധി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം പെ. ബ. വികാരിജനറാൾ തദവസരത്തിൽ സദസ്സിനെ അറിയിക്കുകയുണ്ടായി. അനന്തരം അഭിനവമെത്രാൻ തിരുമനസ്സുകൊണ്ടു് മറുപടിപ്രസംഗം നടത്തുകയും സദസ്സിനെ ആശീർവ്വദിക്കുകയുംചെയ്തു. (മറുപടിപ്രസംഗം 2-ാംപേജിൽ)

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമായാചനം.
M. K. C., Thannipuzha

5മണിക്കു് എറണാകുളം മെത്രാപ്പോലീത്തൻപള്ളി ഇടവകക്കാരുടെ ആഭിമുഖ്യത്തിൽ ഒരനുമോദനയോഗമാരംഭിച്ചു. ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രം വികാരി റവ. ഫാദർ കുരിയാക്കോസു് ചിറമേൽ അവർകൾ വായിച്ചു് അഭിനവമെത്രാൻ തിരുമേനിക്കു സമർപ്പിച്ചു. അനന്തരം ഇടവകക്കാരുടെ വകയായി ഒരു കുരിശുമാലയും തിരുമേനിയെ അണിയിക്കുകയുണ്ടായി. തുടർന്നു് വിവിധഭക്തസംഘങ്ങളുടെ ആഭിമുഖ്യത്തിൽ നിരവധി ജ്ഞാനപുഷ്പക്കെട്ടുകളും സമ്മാനങ്ങളും സമർപ്പിക്കപ്പെട്ടു. തിരുമേനിയുടെ മറുപടിപ്രസംഗത്തോടുകൂടി യോഗം സമാപിച്ചു.

പട്ടാഭിഷേകം പ്രമാണിച്ചു് നവംബർ 28-ാംനു- ഉച്ചയ്ക്കു് എറണാകുളം മെത്രാപ്പോലീത്തൻ അരമനയുടെ പരിസരങ്ങളിൽവച്ചു് അയ്യായിരത്തോളം സാധുക്കൾക്കു് മൃഷ്ടാന്നഭോജനം നൽകപ്പെട്ട വസ്തുതയും പ്രസ്താവയോഗ്യമത്രെ.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റൈററു് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 | ERNAKULAM, DECEMBER 9, 1953 | No. 16

# റഷ്യയോ അമേരിക്കയോ

## ലോകസമാധാനത്തിന് എതിര്?

അൻപതു രാഷ്ട്രങ്ങൾ ഒരുമിച്ചു് 1945 ജൂൺ 26-ാംനു- ഐക്യരാഷ്ട്രസംഘടനയുടെ ചാർട്ടർ (പ്രമാണപത്രിക) സ്വീകരിച്ചു. ജർമ്മനിയുടേയും ജപ്പാന്റേയും സാമ്രാജ്യമോഹത്തിനെതിരായ രണ്ടാംലോകമഹായുദ്ധത്തിൽ ജയം നേടിക്കഴിഞ്ഞാലുടൻ ആഗോളനിരായുധീകരണം സാധിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ആ ചാർട്ടറിൽ സ്പഷ്ടമായ മൂന്നു പ്രസ്താവനകളുണ്ടായിരുന്നു. ജയംനേടി 8 കൊല്ലത്തോളം കഴിഞ്ഞിട്ടും നിരായുധീകരണം സാധിച്ചിട്ടില്ല. മാത്രമല്ല, ലോകത്തിലെ സമ്പത്തുകളുടേയും ഉല്പാദകശക്തികളുടേയും ഒരു പ്രധാനഭാഗം യുദ്ധോപകരണങ്ങൾ നിർമ്മിക്കുവാനും സൈന്യങ്ങളെ സംരക്ഷിക്കുവാനും വിനിയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകമാസകലമുള്ള ജനങ്ങളുടെ ബുദ്ധിയും ഭാവനയും ശക്തിയും, സ്കൂളുകളും ആസ്പത്രികളും നിർമ്മിക്കുന്നതിലും നദീതടപദ്ധതികളും പുതിയ വ്യവസായങ്ങളും വികസിപ്പിക്കുന്നതിലും കേന്ദ്രീകരിക്കപ്പെടുന്നതിനുപകരം, സൈനികങ്ങളായ പ്രതിരോധനപ്രവർത്തനങ്ങൾക്കായി വ്യയംചെയ്തുകൊണ്ടിരിക്കുകയുമാണു്. ഈ നിർഭാഗ്യാവസ്ഥ വന്നുഭവിച്ചതെങ്ങനെ? അതിനു ആരാണു കാരണക്കാർ? ലോകരാഷ്ട്രങ്ങൾ 1945 ജൂൺ 26-ാംനു- പരസ്യം കൈകോർത്തുപിടിച്ചപ്പോൾ പ്രകാശിപ്പിച്ച വിശ്വാസവും ശരണവും പുനസ്ഥാപിക്കുവാൻ മാർഗ്ഗമെന്തു?

### അമേരിക്ക നിരായുധീകരണം നടത്തി

രണ്ടാംലോകമഹായുദ്ധത്തിനിടയിൽ അമേരിക്കക്കാരുടെ സകലവിഭാഗങ്ങളിലും പെട്ട സൈന്യങ്ങളിൽ 150ലക്ഷം ആളുകൾ സേവനം ചെയ്തിരുന്നു. ഇവരിൽ 110 ലക്ഷത്തിലധികം പേർ നാസികളുടേയും ഫാസിസ്റ്റുകളുടേയും ജപ്പാൻകാരുടേയും സാമ്രാജ്യമോഹത്തിനെതിരായി ഏഷ്യയിലും യൂറോപ്പിലും വടക്കെ ആഫ്രിക്കയിലും മഹാസമുദ്രങ്ങളിലും ഭയങ്കരസമരങ്ങൾ നടത്തിക്കൊണ്ടിരുന്നു. യു. എസ്സ്. എ. യുടെ വിമാനസൈന്യത്തിനു് 200,000 വിമാനങ്ങൾ ഉണ്ടായിരുന്നു. എല്ലാത്തരത്തിലുംപെട്ട അനേകായിരം യുദ്ധക്കപ്പലുകളും സമരത്തിൽ പങ്കെടുത്തിരുന്നു. യു. എസ്സ്. എ. യിൽ സൈനികവിമാനങ്ങൾ കൊല്ലത്തിൽ 96,000-ത്തിലധികം എന്ന കണക്കിലാണു് ഉല്പാദിപ്പിക്കപ്പെട്ടിരുന്നതു്. പ്രതിവർഷം 210 ലക്ഷം ടൺ എന്ന കണക്കിനു് എല്ലാത്തരം കപ്പലുകളും അമേരിക്കയിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്നു.

ജർമ്മനും ജപ്പാനിസും സാമ്രാജ്യമോഹികൾ യുദ്ധത്തിൽ കീഴടങ്ങിക്കഴിഞ്ഞയുടനെ, ഐക്യരാഷ്ട്രചാർട്ടറിലെ പ്രതിജ്ഞയനുസരിച്ചു്, യു. എസ്സ്. എ. ലോകചരിത്രത്തിലെ ഏററവും വലിയ നിരായുധീകരണപരിപാടിയിലേക്കു് പ്രവേശിച്ചു. യുദ്ധം അവസാനിച്ചു് 18 മാസം കഴിഞ്ഞതിനിടയിൽ യു. എസ്സ്. എ. യുടെ സൈനികശക്തി 150 ലക്ഷം സ്ത്രീപുരുഷന്മാരിൽനിന്നു് 15 ലക്ഷമായി കുറഞ്ഞു. സൈനികവിമാനങ്ങളുടേയും യുദ്ധക്കപ്പലുകളുടേയും നിർമ്മാണം പരിപൂർണ്ണമായും നിലച്ചു. കോടി കോടി ഡോളർ വിലയുള്ള സൈനികസജ്ജീകരണങ്ങൾ നശിപ്പിക്കുകയോ വിററഴിക്കുകയോ ചെയ്തു.

### റഷ്യ നിരായുധീകരണം നടത്തിയില്ല

നേരെമറിച്ചാണു് സോവ്യററുയൂണിയൻ പ്രവർത്തിച്ചതു്. യുദ്ധം അവസാനിച്ചശേഷവും 50 ലക്ഷത്തിൽപ്പരം ആളുകളെ തങ്ങളുടെ സൈന്യങ്ങളിൽ അവർ നിലനിർത്തിക്കൊണ്ടുപോന്നു. പോളണ്ടു്, ഹങ്കറി മുതലായ തെക്കുകിഴക്കൻ യൂറോപ്പിലെ ഉപഗ്രഹരാജ്യങ്ങളിൽ പുതിയ സൈന്യഡിവിഷനുകൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ ആയുധീകരണശ്രമങ്ങളുടെ കാഠിന്യത്തിന്റെ ഫലമായി 1950-തോടുകൂടി റഷ്യയിലും അവളുടെ ഉപഗ്രഹരാജ്യങ്ങളിലുമായി പരിപൂർണ്ണസജ്ജീകരണങ്ങളോടുകൂടിയ 215 സൈനികഡിവിഷനുകൾ ഉണ്ടായിരുന്നു.

സോവ്യററു ഗവമ്മെന്റിന്റെ ആയുധീകരണവും തെക്കുകിഴക്കൻ യൂറോപ്പിലേക്കുള്ള ആക്രമണവും വർദ്ധമാനമായിക്കൊണ്ടിരുന്നെങ്കിലും 1950 വരെ അമേരിക്കൻ ഗവമ്മെന്റും അമേരിക്കൻ ജനതതിയും ആയുധീകരണത്തിനു് പുറപ്പെട്ടില്ല. റഷ്യൻ പൊളിററു് ബ്യൂറോ (കമ്മ്യൂണിസ്റ്റു് പരമാധികാരസഭ) അവരുടെ ആക്രമണമനോഭാവത്തിനു് അയവുവരുത്തുമെന്നും, രണ്ടാംലോകമഹായുദ്ധത്തിനിടയിൽ റഷ്യ പ്രദർശിപ്പിച്ച സൗമനസ്യം വീണ്ടും പ്രയോഗത്തിൽ വരുമെന്നും അമേരിക്ക പ്രതീക്ഷിച്ചു. 1947-ൽ ഗ്രീസിനേയും ടർക്കിയേയും പിടിച്ചടക്കുമെന്നുള്ള സോവ്യററിന്റെ ഭീഷണിയുണ്ടായിട്ടും, 1948-ൽ കിഴക്കേ ജർമ്മനിയിലെ സോവ്യററധികാരികൾ ബെർലിൻപട്ടണത്തെ പൊടുന്നനവേ ബ്ലോക്കേഡു് ചെയ്തിട്ടും (കെട്ടി അടച്ചിട്ടും), അമേരിക്കൻ സൈനികശക്തി ഏററവും താഴ്ന്നതോതിലാണു് വച്ചപ്പെട്ടിരുന്നതു്. 1950 ജൂണിൽ കമ്മ്യൂണിസ്റ്റുകൊറിയ തെക്കെകൊറിയായെ ആക്രമിച്ചതിനുമുമ്പു് അമേരിക്കൻ കരസൈന്യത്തിലേയും കപ്പൽസൈന്യത്തിലേയും വിമാനസൈന്യത്തിലേയും ആളുകളുടെ എണ്ണം 15 ലക്ഷത്തിൽ കുറവായിരുന്നു. അക്കാലത്തു് അമേരിക്കൻസൈന്യത്തിൽ ആകെ 10 ഡിവിഷൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവയിൽ 9-ത്തിലും പട്ടാളക്കാരുടെ എണ്ണം മുഴുവനുള്ളതിൽ കുറവായിരുന്നു. കപ്പൽപ്പടയിൽ പകുതിയിലധികവും സേവനരംഗത്തിൽനിന്നു് റിട്ടയർ ചെയ്തിരുന്നു. അമേരിക്കൻ വിമാനസൈന്യമാകട്ടെ യുദ്ധകാലത്തുണ്ടായിരുന്നതിന്റെ ഒരു ചെറിയ അംശം മാത്രമേ ആയിരുന്നുള്ളു. അമേരിക്കയിലെ ഉല്പാദനശക്തികളുടെ 5 ശതമാനത്തിൽ കുറവാണു് സൈനിക പ്രതിരോധനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെട്ടിരുന്നതു്.

### അമേരിക്കയുടെ പുനരായുധീകരണം

സോവ്യററുകാരുടെ സഹായത്തോടുകൂടി വടക്കെ കൊറിയൻ സൈന്യം 1950 ജൂൺ 25-ാം തീയതി 38-ാം സമാന്തരരേഖയ്ക്കപ്പുറം പൊടുന്നനവേ ആക്രമണം തുടങ്ങിയപ്പോൾ സ്ഥിതിഗതികൾക്കു് സമൂലമായ മാററങ്ങളുണ്ടായി. സോവ്യററുയൂണിയന്റെ ഭീമമായ സൈനികശക്തികളുടെ ലക്ഷ്യം കിഴക്കെ യൂറോപ്പിലെ ഉപഗ്രഹരാജ്യങ്ങളെ ഭീഷണിപ്പെടുത്തുക മാത്രമല്ല, പ്രത്യുത നഗ്നമായ ആക്രമണം തന്നെയാണെന്നു് അമേരിക്കയ്ക്കു് അപ്രതിഹതമായ തെളിവുകളോടുകൂടി ബോദ്ധ്യപ്പെട്ടു. അമേരിക്കക്കാരും പശ്ചിമയൂറോപ്പിലെ ജനങ്ങളും മനസ്സിലാക്കി, ഭയങ്കരമായ ആപത്തു് അവർക്കു് നേരിട്ടിരിക്കുകയാണെന്നു്. അക്കാലഘട്ടത്തിൽ മദ്ധ്യയൂറോപ്പിലും പശ്ചിമയൂറോപ്പിലും സൈനികമായ വലിയ വിടവാണുണ്ടായിരുന്നതു്. ഫ്രഞ്ചുസൈന്യം ആധുനിക പടക്കോപ്പുകളില്ലാത്തതും ദുർബ്ബലവുമായിരുന്നു. ബ്രിട്ടീഷ് സൈന്യത്തിനാകട്ടെ യുദ്ധകാലത്തിനു മുമ്പുണ്ടായിരുന്ന അതിന്റെ ശക്തിയുടെ തൊണ്ടമാത്രമേ ഉണ്ടായിരുന്നുള്ളു. റഷ്യയിലും കിഴക്കെ യൂറോപ്പിലുമുള്ള അവളുടെ ഉപഗ്രഹരാജ്യങ്ങളിലും പരിപൂർണ്ണസജ്ജീകരണങ്ങളോടുകൂടി തയ്യാറാക്കി നിർത്തിയിരുന്ന 215 സൈനികഡിവിഷനുകൾക്കു് യാതൊരെതിർപ്പും നേരിടാതെതന്നെ യൂറോപ്പു മുഴുവനും പിടിച്ചടക്കുവാനും ലോകത്തെ മൂന്നാം ലോകമഹായുദ്ധത്തിൽ മുക്കിക്കളയുവാനും സാധിക്കുമായിരുന്നു. അങ്ങനെ യൂറോപ്പു പിടിച്ചടക്കിയാൽ സോവ്യററു് റഷ്യയുടെ വ്യാവസായികവും സൈനികവുമായ ശക്തി ഇരട്ടിയിലധികമായി വർദ്ധിച്ചേനെ. ആ ശക്തിയെല്ലാം കുറെനാൾകൊണ്ടു് ഉറപ്പിച്ചശേഷം റഷ്യൻ കമ്മ്യൂണിസ്റ്റധികാരികൾക്കു് ഇന്ത്യയും അമേരിക്കയുമുൾപ്പെടെ ലോകത്തിൽ ബാക്കിയുള്ള സ്വതന്ത്രരാജ്യങ്ങളെ അടിപ്പെടുത്തുവാൻ യാതൊരു പ്രയാസവുമുണ്ടാകുമായിരുന്നില്ല. സോവ്യററു് റഷ്യയുടെ വൻപിച്ച സൈനികശക്തിയും അതിനെ ആക്രമണത്തിനായി ഉപയോഗിക്കുവാനുള്ള അവരുടെ സന്നദ്ധതയും ഒരുവശത്തും, അതു നേരിടുവാനുള്ള തങ്ങളുടെ ദൗർബല്യം മറെറാരുവശത്തും കണ്ടതുനിമിത്തം പാശ്ചാത്യലോകത്തിലെ രാഷ്ട്രങ്ങളെ ബാധിച്ച ഭീമമായ ഭയം മനസ്സിലാക്കുവാൻ, വിശാലങ്ങളായ സമുദ്രങ്ങളാലും ഉന്നതങ്ങളായ ഹിമാലയൻ പർവ്വതങ്ങളാലും ചുററപ്പെട്ടിരിക്കുന്ന ഇന്ത്യയിലെ നിവാസികളായ നമുക്കു് എളുപ്പമല്ല.

### ഇന്ത്യാക്കാർക്കു് എളുപ്പം മനസ്സിലാകണമെങ്കിൽ

എന്നാൽ നമുക്കു് ചില സങ്കല്പങ്ങൾ സ്വീകരിക്കാം. ഇന്ത്യയുടെ വടക്കുഭാഗത്തു 20,000 അടിയിൽപ്പരം അടി ഉയരമുള്ള ഹിമാലയപർവ്വതപംക്തികളുടേയും അതിനു പിന്നിൽ ഉയർന്നു കിടക്കുന്ന ടിബററിലെ ശുഷ്കങ്ങളായ സമതലങ്ങളുടേയും സ്ഥാനത്തു്, ഗംഗാനദിയോടു് അനുബന്ധിച്ചുള്ള അതിവിസ്തൃതമായ മൈതാനപ്രദേശങ്ങളാണുള്ളതെന്നും അവയിലേക്കുള്ള പ്രവേശനത്തിനു് പ്രകൃതിജന്യമായ യാതൊരു തടസ്സവും ഇല്ലെന്നും വിചാരിക്കുക; ഇന്ത്യയുടെ വടക്കെ അതിർത്തിയിൽ ഒരു "ഇരുമ്പുമറ" ഉണ്ടെന്നും, ഇതരരാജ്യങ്ങളിൽനിന്നുള്ള സകല ഇടപാടുകളും സമ്പർക്കങ്ങളും അതു പരിപൂർണ്ണം അകററിനിർത്തിയിരിക്കുകയാണെന്നും വിചാരിക്കുക. (അത്തരം ഒരു ഇരുമ്പുമറ ടിബററു ചൈനയുംകൂടിയുള്ള അതിർത്തിയിൽ ഇപ്പോളുണ്ടുതാനും) ഈ ഇരുമ്പുമറയ്ക്കു പിന്നിൽ 50ലക്ഷത്തിൽപ്പരം പട്ടാളക്കാരെ ഏററവും സമർത്ഥമായി പരിശീലിപ്പിച്ചിട്ടുണ്ടെന്നും, ആധുനികങ്ങളായ ടാങ്കുകളും യന്ത്രത്തോക്കുകളും ബോമ്പുകളും ജററു് വിമാനങ്ങളും, എന്നുവേണ്ട സകലവിധ നശീകരണയന്ത്രങ്ങളും അവരുടെ സ്വാധീനത്തിലുണ്ടെന്നും വിചാരിക്കുക. ബൃഹത്തായ ഈ സൈനികശക്തിയെ പിടിയിൽ വച്ചുകൊണ്ടിരിക്കുന്ന സ്വേച്ഛാധിപതികൾ, ഇന്ത്യ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്ന സകലതിനോടും തങ്ങൾക്കുള്ള അപ്രതിഹതമായ വിരോധം ആവർത്തിച്ചാവർത്തിച്ചു് പ്രകാശിപ്പിച്ചിട്ടുള്ളവരാണെന്നും വിചാരിക്കുക; അവരുമായി പരസ്പരധാരണയിലെത്തുവാൻ ചെയ്തിട്ടുള്ള സകല ശ്രമങ്ങളും നിരാകരിക്കപ്പെട്ടിരിക്കുകയാണെന്നും വിചാരിക്കുക; ആക്രമണോദ്യുക്തമായ ഈ വമ്പിച്ച സൈന്യത്തിനു് മൂന്നാഴ്ചയ്ക്കുള്ളിൽ ഇന്ത്യയെ മുഴുവനും പിടിച്ചടക്കുവാനും നാശവും അടിമത്തവും സർവ്വത്ര വ്യാപിപ്പിക്കുവാനും കഴിവുണ്ടെന്നു് ഇന്ത്യാക്കാരനായ ഓരോ സൈനികവിദഗ്ദ്ധനും ബോദ്ധ്യമാണെന്നും വിചാരിക്കുക.

ഇന്ത്യയെപ്പററി നാം ചെയ്ത ഈ സങ്കല്പങ്ങൾ തങ്ങളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യങ്ങളാണെന്നാണു് 1950-ൽ ജർമ്മനിയിലേയും പോളണ്ടിലേയും വിശാലങ്ങളായ സമതലങ്ങളിൽക്കൂടി കിഴക്കോട്ടു് ദൃഷ്ടിപതിച്ച അമേരിക്കയ്ക്കും മററു പാശ്ചാത്യരാഷ്ട്രങ്ങൾക്കും കാണാൻ ഇടയായതു്. ആ കാഴ്ചയാണു്, യുദ്ധാനന്തരം സ്വീകരിച്ച നിരായുധീകരണസംരംഭം ഉപേക്ഷിച്ചുകൊണ്ടു് പുനരായുധീകരണത്തിനായി പുറപ്പെടുവാൻ അവരെ പ്രേരിപ്പിച്ചതു്. ഏവംവിധം അവരുടെ സ്ഥാനത്തു് നമ്മെത്തന്നെ വച്ചുകൊണ്ടു് ചിന്തിച്ചാൽമാത്രമേ ആ രാഷ്ട്രങ്ങളെ നേരിട്ട ആപത്തുകളുടെ വൈപുല്യവും അവയെ ദൂരീകരിക്കുവാനുള്ള പുനരായുധീകരണത്തിന്റെ ആവശ്യകതയും ഇന്ത്യാക്കാരായ നമുക്കു ഗ്രഹിക്കുവാൻ സാധിക്കൂ.

### റഷ്യയുടെ ഇപ്പോഴത്തെ സൈനികശക്തി

സോവ്യററുറഷ്യയുടെ അധീനതയിൽ ഇപ്പോൾ ഏകദേശം 55 ലക്ഷം പട്ടാളക്കാരും, 20,000 ത്തിലധികം മുന്നണിവിമാനങ്ങളും, 300 മുങ്ങിക്കപ്പലുകളുമുണ്ടു്. റഷ്യയിൽത്തന്നെ 175-ലധികം സൈനിക ഡിവിഷനുകൾ സകല സജ്ജീകരണങ്ങളോടുംകൂടി സമരത്തിനു തയ്യാറായി നില്ക്കുന്നു. കിഴക്കെ യൂറോപ്പിൽ റഷ്യൻ പട്ടാളക്കാരുൾപ്പെട്ട 30 സൈനികഡിവിഷനുകൾ വേറെയുമുണ്ടു്. ഇതിനുപുറമെ ബൾഗേറിയ, ചെക്കോസ്ലോവാക്കിയ, ഹങ്കറി, പോളണ്ടു്, റുമേനിയ എന്നീ രാജ്യങ്ങളിലെ പട്ടാളക്കാരുൾപ്പെട്ട 70 സൈനികഡിവിഷനുകളുമുണ്ടു്. ഉപഗ്രഹരാജ്യങ്ങളിലെ ഈ ഡിവിഷനുകളും ആധുനികങ്ങളായ സൈനികസജ്ജീകരണങ്ങളോടുകൂടിയവയാണു്. സോവ്യററു് സൈനികതന്ത്രജ്ഞന്മാരുടെ പരിപൂർണ്ണമായ നിർദ്ദേശത്തിലും നിയന്ത്രണത്തിലുമാണു് ഈ പട്ടാളങ്ങൾ പ്രവർത്തനം നടത്തുന്നതു്. 1952-ൽ സോവ്യററുയൂണിയന്റെ ഉല്പാദനത്തിൽ 28 ശതമാനം സൈനികകാര്യങ്ങൾക്കായി വിനിയോഗിക്കപ്പെട്ടിരുന്നു.

### അമേരിക്കയുടെ ഇപ്പോഴത്തെ സൈനികശക്തി

അമേരിക്കയുടെ ഉല്പാദനത്തിൽ 17 ശതമാനമാണു് ഇപ്പോൾ സൈനികകാര്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നതു്. അമേരിക്കൻ സൈന്യത്തിൽ ആകെ ഏകദേശം 35,00,000 ആളുകളുണ്ടു്; ആകെ 26 ഡിവിഷനുകളുമുണ്ടു്. ഇവയിൽ 6 എണ്ണം കൊറിയായിലാണു്; 5 എണ്ണം യൂറോപ്പിൽ; 2 എണ്ണം ജപ്പാനിൽ; ബാക്കിയുള്ളതു മിക്കതും യു. എസ്സ്. എ. യിലുമാണു്. അമേരിക്കയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ളതും മദ്ധ്യയൂറോപ്പിലേയും പശ്ചിമയൂറോപ്പിലേയും രാഷ്ട്രങ്ങൾ അംഗങ്ങളായുള്ളതുമായ "നോർത്തു് അററ്ലാൻറിക് ട്രീററി" ഓർഗനൈസേഷൻ (N A T O) എന്ന സംയുക്ത സൈനികസംഘടനയുടെ വകയായി, ഏകദേശം 50 ഡിവിഷൻ സൈന്യം ഇപ്പോഴുണ്ടു്. മുൻപറഞ്ഞ യു. എസ്സ്. എ. യുടെ യൂറോപ്പിലുള്ള 5 ഡിവിഷനും അതിലുൾപ്പെടുന്നു. 1955-ഓടുകൂടി 96 ഡിവിഷൻവരെ സൈനികശക്തി വർദ്ധിപ്പിക്കണമെന്നാണു് ഈ നാറേറാസംഘടനയുടെ ഇപ്പോഴത്തെ പ്ലാൻ. അത്രത്തോളം വർദ്ധിപ്പിച്ചാൽത്തന്നെയും അതു് സോവ്യററുയൂണിയന്റെ സ്വാധീനത്തിൽ ഇപ്പോൾത്തന്നെയുള്ള സൈനികശക്തിയെക്കാൾ വളരെ താഴെയായിരിക്കും. തന്മൂലം നാറേറാസംഘടന തങ്ങളുടെ സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തുന്ന സൈനികമായ കൂട്ടുകെട്ടാണെന്നുള്ള സോവ്യററുയൂണിയന്റെ ആക്ഷേപം അപഹാസ്യമായിരിക്കുന്നു. എങ്കിലും നാറേറാ സൈന്യങ്ങൾ സമുന്നതമായ ആത്മവീര്യവും സമ്പൂർണ്ണമായ പരിശീലനവും സിദ്ധിച്ചവയാണു്. യൂറോപ്പു പിടിച്ചടക്കുവാൻ സോവ്യററുകളും കൂട്ടുകാരായ കമ്മ്യൂണിസ്റ്റുകളും ചെയ്യുന്ന ശ്രമങ്ങൾ അത്യന്തം വ്യയമേറുകവും മിക്കവാറും നിഷ്ഫലവുമാക്കിത്തീർക്കുവാൻ ആ സൈന്യങ്ങൾക്കു സാധിക്കും. ഇങ്ങനെയാണു് യുദ്ധാനന്തരം മദ്ധ്യയൂറോപ്പിലും പശ്ചിമയൂറോപ്പിലും സൈനികമായുണ്ടായ വിടവു് നികത്തപ്പെട്ടിരിക്കുന്നതു്. അതിന്റെ ഫലമായി പൊടുന്നനവേയുള്ളതും അപ്രതിഹതവുമായ ആക്രമണം നടത്തുവാൻ സോവ്യററുയൂണിയനു് ഉണ്ടാകുമായിരുന്ന ദുർബ്ബുദ്ധി മിക്കവാറും ദൂരീകരിക്കപ്പെട്ടിരിക്കുകയാണെന്നു പറയാം.

ആകയാൽ ലോകസമാധാനത്തെ സ്വമേധയാ ഭീഷണിപ്പെടുത്താൻ തുടങ്ങിയതു് സോവ്യററുറഷ്യയാകുന്നു. യുദ്ധാനന്തരം നിരായുധീകരണം ചെയ്യണമെന്നുള്ള പ്രതിജ്ഞയ്ക്കു വിരോധമായി അവൾ പ്രവർത്തിച്ചു. അതുവഴിയായി യൂറോപ്പിലെ പല രാ

ഷ്ട്രങ്ങളേയും അവർ ആക്രമിച്ചു അതുകൊണ്ടും അവരുടെ സാമ്രാജ്യദുർമ്മോഹം തൃപ്തിപ്പെട്ടവരൻ ഭാവമില്ലെന്നു കണ്ടപ്പോൾ, ലോകത്തിലെവിടെയും അക്രമണം നടത്താൻ അവർ തക്കംനോക്കിയിരിക്കുകയാണെന്നു ബോദ്ധ്യപ്പെട്ടപ്പോൾ, സ്വയരക്ഷാർത്ഥം അതു തടഞ്ഞേ കഴിയൂവെന്നു് അമേരിക്കയും അവരുടെ കീഴിൽ മററു സ്വതന്ത്രരാഷ്ട്രങ്ങളും തീരുമാനിച്ചു. അതിൻെറ ഫലമാണു് അമേരിക്കയുടേയും നാററോസംഘടനയുടേയും പുനഃരായുധീകരണം. ഈ സാഹചര്യങ്ങളിൽ, ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുന്നതു് അമേരിക്കയല്ല എന്നു് സ്പഷ്ടമാണല്ലോ.

## പ്രസാധകക്കുറിപ്പുകൾ

* * *

### മിസ്സിസ്സ് മെള്ളർ എതിർക്കുന്നു കൃത്രിമജനനനിരോധനത്തെ

ജനപ്പെരുപ്പം അനിയന്ത്രിതമായിത്തീരുകയാണെന്നും അതുനിമിത്തം പഞ്ഞത്തിൻെറ ബാധയുണ്ടാകുമെന്നു തീർച്ചയാണെന്നും അതു തടയാനുള്ള ഏകമാർഗ്ഗം കൃത്രിമജനനനിരോധനമാണെന്നും വിശ്വസിക്കുന്നവർ ആ ദുഷ്പ്രസ്ഥാനത്തെ സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ആശ്ചര്യമില്ലല്ലോ. കൃത്രിമജനനനിരോധനം മനുഷ്യവർഗ്ഗത്തിനു് നാശകരമാണെന്നു സാമ്പത്തികവും ആരോഗ്യപരവും മററുമായ ഭൗതികപരിഗണനകൾ വച്ചു തന്നെ വാദിക്കാവുന്നതാണു്. എന്നാൽ കൃത്രിമജനനനിരോധനം നിഷിദ്ധമാണെന്നുള്ളതിനു് ഏററവും ശക്തിയായ ന്യായം അതു് സന്മാർഗ്ഗവിരുദ്ധമാണെന്നുള്ളതത്രെ. എന്നുവരികിലും സന്മാർഗ്ഗത്തിൻെറ അധഃപതനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു ആ ന്യായത്തിനു വില കല്പിക്കുന്നവർ കത്തോലിക്കാസഭയ്ക്കു പുറമെ വളരെ ചുരുക്കമാണെന്നു് സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അക്കാരണത്താൽ പ്രസ്തുത ന്യായത്തെ അടിസ്ഥാനപ്പെടുത്തി കൃത്രിമജനനനിരോധനത്തെ എതിർക്കുന്നവരെ കാണുമ്പോൾ അവരെ അഭിനന്ദിക്കാതിരിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല.

കുമാരനല്ലൂർ ക്ഷേത്രസന്നിധിയിൽവച്ചു നടന്ന കോട്ടയംതാലൂക്കു് നായർ മഹാസമ്മേളനത്തിൻെറ വനിതാസെഷനിൽ അദ്ധ്യക്ഷതവഹിച്ച മിസ്സിസ്സ് മെള്ളർ സന്മാർഗ്ഗന്യായത്തെ ആധാരമാക്കി കൃത്രിമജനനനിയന്ത്രണപ്രസ്ഥാനത്തെ ശക്തിപൂർവ്വം എതിർക്കുകയുണ്ടായി. ആ മഹതിയുടെ വാക്കുകൾ കേട്ടാലും:

സ്ത്രീയുടെ പൂർണ്ണത പുരുഷനിലും പുരുഷൻെറ പൂർണ്ണത സ്ത്രീയിലുമാണു് പ്രപഞ്ചകർത്താവു നിക്ഷേപിച്ചിരിക്കുന്നതു്. എല്ലാ ആശ്രമങ്ങളിലുംവച്ചു് ഉത്തമമായതു ഗൃഹസ്ഥാശ്രമമാണെന്നുള്ളതിൽ സംശയമില്ല. രണ്ടു ദിവസങ്ങൾക്കുമുമ്പു് പത്രങ്ങളിൽ കണ്ട വാർത്ത എന്നെ വളരെ അസ്വസ്ഥയാക്കി. അതിൽ ഇന്ത്യൻ സെൻസസ്സ് കമ്മീഷണർ മി. ഗോപാലസ്വാമി പറയുന്നു, ഒരമ്മ മൂന്നേ പ്രസവിക്കാവൂ എന്നു. അതിൽപ്പരം കുട്ടികളുള്ള ഒരു കുടുംബത്തിലെ അമ്മയാണു് ഞാൻ. എനിക്കു 66 വയസ്സു് പ്രായംവരും. ജനനനിയന്ത്രണപ്രസ്ഥാനത്തെ ആരംഭംമുതൽ ഞാൻ എതിർത്തിട്ടുണ്ടു്. കൃത്രിമ പ്രയോഗങ്ങൾ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യത്തെ എന്നന്നേക്കുമായി താറുമാറാക്കുമെന്നു മാത്രമല്ല, പ്രകൃതിവിരുദ്ധമായ ഈ നടപടി ഒരുതരം ഭ്രൂണഹത്യയാണെന്നും അതു ലൈംഗികാപത്തിനുകൂടി കാരണമാക്കിത്തീർക്കുമെന്നുമാണു എൻെറ ദൃഢമായ വിശ്വാസം. അതുകൊണ്ടാണു ഞാൻ ജനനനിയന്ത്രണപ്രസ്ഥാനത്തെ എതിർക്കുന്നതു്. ശരിയായ ഭാര്യാഭർത്തൃബന്ധത്തിലേർപ്പെട്ടു കുടുംബസംരക്ഷണം കൈയേൽക്കുക എന്നുവച്ചാൽ കേവലം സ്വാർത്ഥമായ ഒരു സ്വൈരജീവിതം നയിക്കുക എന്നല്ല അർത്ഥമാക്കേണ്ടതു്. ഭാര്യയും ഭർത്താവും സമുദായസേവനം എന്ന ഉപരിധർമ്മം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാണു് — മിസ്സിസ്സ് മെള്ളരിനു ഞങ്ങളുടെ കൂപ്പുകൈ!

* * *

### കൊച്ചിമഹാരാജാവിൻെറ സന്ദേശം, ക്രിസ്ത്യാനികളുടെ രാജഭക്തിയെ അഭിനന്ദിച്ചു്

അത്യുന്നതകർദ്ദിനാൾ ടിസ്സെരാങ്ങു് തിരുമനസ്സുകൊണ്ടു് ആദ്യമായി എറണാകുളത്തു വന്നിറങ്ങിയപ്പോൾ അവിടത്തെ പൗരതതി നൽകിയ വൻപിച്ച സ്വീകരണത്തിൽ അനാരോഗ്യംമൂലം പങ്കെടുക്കുവാൻ സാധിക്കാതിരുന്ന കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു് കർദ്ദിനാളിനു് നൽകുവാൻ ഒരു സന്ദേശവും തിരുമേനിയെ അണിയിക്കുവാൻ ഒരു ഹാരവും പ്രൈവററു് സിക്രട്ടറിവശംകൊടുത്തയച്ചു. സിക്രട്ടറി അവർകൾ ഹസൂർജട്ടിയിൽവച്ചു് കർദ്ദിനാൾ തിരുമേനിയെ ഹാരമണിയിക്കുകയും സന്ദേശം അവിടുത്തേക്കു സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സന്ദേശത്തിൻെറ ഉള്ളടക്കം താഴെ ചേർക്കുന്നു:-

അത്യുന്നതകർദ്ദിനാൾ തിരുമേനി, അവിടുത്തേക്കു് ഈ സംസ്ഥാനത്തേക്കു് ഹൃദയംഗമമായ സ്വാഗതമരുളുവാൻ എറണാകുളത്തെ പൗരന്മാരുടെകൂടെ പങ്കെടുക്കുന്നതിൽ എനിക്കു് അത്യധികമായ സന്തോഷമാണുള്ളതു്. അവിടുന്നു് മുൻകൊച്ചിസംസ്ഥാനത്തിൻെറ തലസ്ഥാനത്തെത്തുമ്പോൾ, ശരീരാസ്വാസ്ഥ്യംമൂലം എന്നെ പ്രതിനിധീകരിക്കുവാൻ എൻെറ പ്രൈവററു് സിക്രട്ടറിയെ ഞാൻ നിയോഗിക്കുന്നു. അവിടുത്തെ സന്ദർശനം സംസ്ഥാനത്തെ ജനങ്ങൾക്കു പൊതുവിലും ക്രിസ്ത്യാനികൾക്കു പ്രത്യേകിച്ചും അത്യന്തം പ്രയോജനപ്രദമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മുൻകൊല്ലങ്ങളിൽ ക്രിസ്ത്യാനികൾ, കൊച്ചിയുടെ ക്ഷേമൈശ്വര്യങ്ങൾ പുരോഗമിപ്പിക്കുന്നകാര്യത്തിൽ അന്നത്തെ കൊച്ചിയിലെ ഗവണ്മെൻറുകളുമായി ഹൃദയപൂർവ്വം സഹകരിക്കയുണ്ടായിട്ടുണ്ടു്. മുൻകൊച്ചിസംസ്ഥാനത്തെ രാജസിംഹാസനത്തോടു അവരുടെ കൂറും വിശ്വാസവും അന്നത്തെ മഹാരാജാക്കന്മാർ അത്യധികം വിലമതിക്കുകയുമുണ്ടായിട്ടുണ്ടു്. തിരു-കൊച്ചിസംസ്ഥാനവും തിരുസിംഹാസനവുമായുള്ള സൗഹൃദബന്ധം അവിച്ഛിന്നം തുടരുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഞങ്ങളുടെ മദ്ധ്യേ അവിടുത്തെ താമസം ആനന്ദപ്രദമായിരിക്കുമെന്നും സുഭഗസ്മരണകളോടുകൂടിയായിരിക്കും അവിടുന്നു തിരിച്ചെഴുന്നള്ളുന്നതെന്നും ഞാൻ പ്രത്യാശിക്കുന്നു — ഈ വാക്കുകളിൽ പ്രകടിപ്പിച്ചിരിക്കുന്ന വികാരങ്ങൾ എത്ര ഉൽകൃഷ്ടവും ഹൃദയംഗമവുമായിരിക്കുന്നു!

* * *

### ക: വി: മുന്നണി എറണാകുളത്തു് —സൈക്കിൾറാലി, ബഹുജനജാഥ, വമ്പിച്ച പൊതുയോഗം

അടുത്തുവരുന്ന തിരു-കൊച്ചി പൊതുതിരഞ്ഞെടുപ്പിൽ ഇൻഡ്യൻനാഷനൽ കോൺഗ്രസ്സിൻെറ സ്ഥാനാർത്ഥികളുടെ വിജയത്തിനായി പ്രവർത്തിക്കണമെന്നു നിശ്ചയിച്ചു് അഖിലകേരള കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണിയുടെ സമ്പൂർണ്ണസമ്മേളനം ഐകകണ്ഠ്യേന പാസാക്കിയ പ്രമേയം കഴിഞ്ഞലക്കത്തിൽ ഞങ്ങൾ ഉദ്ധരിച്ചിരുന്നല്ലോ. മുന്നണി എറണാകുളത്തുവച്ചു നടത്തിയ ആ യോഗത്തിൻെറയും അതിനു മുമ്പുണ്ടായ അവരുടെ പ്രകടനങ്ങളുടേയും ഒരു ചുരുങ്ങിയ വിവരണംകൂടി നൽകുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്.

നവംബർ 21 (ശനിയാഴ്ച) രാവിലെ എക്സിക്യൂട്ടീവു് കമ്മിററിയോഗവും വൈകുന്നേരം സെൻട്രൽ കമ്മിററിയോഗവും നടന്നു. തീവ്രമായ വാദപ്രതിവാദങ്ങൾക്കുശേഷം എക്സിക്യൂട്ടീവു് കമ്മിററി തയ്യാറാക്കിയ പ്രമേയം സെൻട്രൽ കമ്മിററി അംഗീകരിച്ചു. 22-ാംനു- (ഞായറാഴ്ച) രാവിലെ പ്രഭാതഭേരിയെ തുടർന്നു രാജേന്ദ്രമൈതാനത്തു് പതാക ഉയർത്തി. അതിനുശേഷം മൈതാനത്തുനിന്നു സൈക്കിൾറാലി പുറപ്പെട്ടു. വിരുദ്ധമുന്നണി പ്രവർത്തകർ മഞ്ഞക്കൊടികളും പിടിച്ചു് മുദ്രാവാക്യങ്ങൾ മുഴക്കി നടത്തിയ റാലിയിൽ 450-ൽപ്പരം സൈക്കിൾ പങ്കെടുത്തു. ടൗണിലും പ്രാന്തപ്രദേശങ്ങളിലുമായി 20 മൈൽ ദൈർഘ്യത്തിൽ റാലി സഞ്ചരിച്ചു. രാവിലെ 9 മണിക്കാരംഭിച്ച സൈക്കിൾറാലി ഉച്ചതിരിഞ്ഞു ഒരു മണിക്കാണു് അവസാനിച്ചതു്.

ഞായറാഴ്ച പുലർച്ചമുതൽ നാടിൻെറ നാനാഭാഗങ്ങളിൽ നിന്നായി വിരുദ്ധമുന്നണിജാഥകൾ എറണാകുളത്തേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. 35-ൽപ്പരം സ്ഥലങ്ങളിൽനിന്നുള്ള ജാഥകളാണു് ഉച്ചതിരിഞ്ഞു് 4 മണിവരെ അവിടെ എത്തിച്ചേർന്നതു്. ബോട്ടുകളിൽ വന്നവർ കായലിൽ പ്രകടനങ്ങൾ നടത്തി.

വിരുദ്ധമുന്നണിയുടെ എല്ലാ സെൽപ്രതിനിധികളും, താലൂക്കു്, ഡിസ്ട്രിക്ട്, ലോക്കൽകമ്മിററികളുമടങ്ങിയ സമ്പൂർണ്ണസമ്മേളനം സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടി. അതിൽ 2000 പ്രതിനിധികൾ സംബന്ധിച്ചിരുന്നു. സെൻട്രൽകമ്മിററി പാസാക്കിയ പ്രമേയം തീവ്രമായ വാദപ്രതിവാദങ്ങൾക്കും പ്രതിനിധികളുടെ അഭിപ്രായപ്രകടനങ്ങൾക്കുംശേഷം ഒരു ഭേദഗതിയോടുകൂടി ഏകാഭിപ്രായത്തിൽ പാസാക്കപ്പെട്ടു. (അതാണു് കഴിഞ്ഞലക്കത്തിൽ ചേർത്തിരുന്നതു്)

4 മണിയോടുകൂടി സെൻറു് ആൽബർട്ട്സ് കോളേജുഗ്രൗണ്ടിൽനിന്നു ബഹുജനറാലി ആരംഭിച്ചു. മൂന്നരമൈൽ ദൈർഘ്യമുണ്ടായിരുന്ന ജാഥയിൽ 15,000 ത്തിൽപ്പരം ജനങ്ങൾ പങ്കെടുത്തു. പട്ടണത്തിൻെറ വിവിധവീഥികളിൽക്കൂടി നീങ്ങിയ ജാഥ രാത്രി 7-മണിയോടുകൂടി രാജേന്ദ്രമൈതാനത്തെത്തി. അപ്പോൾ മൈതാനവും പാർക്കുറോഡും അമ്പലമൈതാനവുമെല്ലാം അരലക്ഷത്തോളം വരുന്ന ജനങ്ങളാൽ നിബിഡമായിരുന്നു.

#### പ്രസംഗങ്ങൾ

യോഗാദ്ധ്യക്ഷൻ ശ്രീ വെട്ടിക്കാടൻ കമ്മ്യൂണിസ്റ്റുകാരുടെ ആരോപണങ്ങൾക്കു മുട്ടമറുപടികൊടുത്തും, വിരുദ്ധമുന്നണിയുടെ നയപരിപാടികൾ വിശദീകരിച്ചും, അദ്ധ്യക്ഷൻെറ [illegible] അവലോകനംചെയ്തും പ്രസംഗിച്ചു. ബ്രദർ വടക്കൻെറ പ്രസംഗത്തിൽ “വിരുദ്ധ”പാദത്തെപ്പററിയുള്ള ആക്ഷേപങ്ങൾക്കു മറുപടി നൽകുകയും മുന്നണിയുടെ അഖിലലോകവീക്ഷണഗതിയേയും രചനാത്മകപരിപാടികളേയും സമൃക്കായി വിവരിക്കുകയും ചെയ്തിരുന്നു. ഐ. യു. വിൻെറ കുതന്ത്രങ്ങളെ തുറന്നുകാണിച്ചും, കമ്മ്യൂണിസത്തെ നിർമ്മാർജ്ജനം ചെയ്യേണ്ടതിൻെറ ആവശ്യകതയെ ചൂണ്ടിക്കാണിച്ചും ഉള്ളതായിരുന്നു ശ്രീ ടി. എം. സ്റ്റീഫൻെറ പ്രസംഗം. ശ്രീ പോൾ മാൻവെട്ടത്തിൻെറ പ്രസംഗത്തിൽ മലനാടിൻെറ മണ്ണിൽനിന്നും ചെങ്കൊടിയെ കടപുഴക്കിയെറിയുവാനും, ദേശസ്നേഹികളും സേവനനിരതരുമായ ഭാരതസന്താനങ്ങളുടെ ജീവരക്തത്തിൽ മുക്കിത്തോർത്തിയെടുത്ത രക്തദാഹികളുടെ ചോരക്കൊടിയെ പിച്ചിച്ചീന്തുവാനും ആഹ്വാനം ചെയ്തു. കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ഒരു സജീവപ്രവർത്തകനായിരുന്നശേഷം പാർട്ടിയുടെ ദേശദ്രോഹപരമായ തന്ത്രങ്ങൾ മനസ്സിലാക്കി അവരുടെ വലയത്തിൽനിന്നും പുറത്തുചാടി ഇപ്പോൾ കോൺഗ്രസ്സിൻെറ കൊടിക്കീഴിൽ പ്രവർത്തിച്ചുവരുന്ന ശ്രീ ചന്ദ്രോത്തു് കുഞ്ഞുരാമൻ ചെയ്ത പ്രസംഗത്തിൽ, സ്വാനുഭവങ്ങൾ ഓരോന്നായി നിരത്തിവച്ചുകൊണ്ടു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അട്ടിമറിപ്രവർത്തനങ്ങളെ തുറന്നുകാട്ടി. ഒടുവിൽ സഭാവാസികളെഴുതിക്കൊടുത്ത ചോദ്യങ്ങൾക്കു ചുരുക്കമായി മറുപടി നൽകി പ്രസിഡൻറു ബ്രദർ വടക്കൻ പ്രസംഗിച്ചു.

കമ്മ്യൂണിസ്റ്റുവിരുദ്ധമുന്നണിക്കു് തിരു-കൊച്ചിയിലെവിടെയും സ്വാഗതം ലഭിച്ചുകൊണ്ടിരിക്കുകയാണെന്നും, അവരുടെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും കമ്മ്യൂണിസത്തിൻെറ തനിനിറം നമ്മുടെ ജനസാമാന്യത്തിനു് മനസ്സിലാക്കിക്കൊടുക്കുവാൻ വളരെ പ്രയോജനപ്പെടുന്നുണ്ടെന്നും എറണാകുളത്തു നടന്ന ഈ പ്രകടനങ്ങളും പ്രസംഗങ്ങളും പ്രസ്പഷ്ടം തെളിയിക്കുന്നു. അങ്ങനെയുള്ള കമ്മ്യൂണിസ്റ്റുവിരുദ്ധമുന്നണിക്കു് സ്വദേശസ്നേഹമുള്ളവരും പ്രജായത്താദർശങ്ങളിൽ വിശ്വസിക്കുന്നവരും സകലവിധ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകേണ്ടതാണെന്നു ശുപാർശചെയ്യുവാൻ ഞങ്ങൾക്കു ലേശം മടിയില്ല.

* * *

### കമ്മ്യൂണിസ്റ്റുകളുടെ മതപീഡനം മതത്തിനുതന്നെ എതിരായ പീഡനമാണു്

“റഷ്യയും മതവും” എന്ന തലക്കെട്ടിൽ മതവിരുദ്ധപ്രസിദ്ധീകരണമായ യുക്തിവാദിയിൽ കണ്ട ഒരു പ്രസാധകക്കുറിപ്പിൽ, റഷ്യയിലെ മതപീഡനത്തിനു ചില വ്യാഖ്യാനങ്ങൾ നൽകുകയും അവയുടെ വെളിച്ചത്തിൽ ആ മതപീഡനത്തെ നീതീകരിക്കുവാൻ ശ്രമം നടത്തുകയും ചെയ്തിരിക്കുന്നു. കുറിപ്പിലെ ചില വാക്കുകളുദ്ധരിക്കാം:-

“കമ്മ്യൂണിസ്റ്റുഭരണാരംഭംമുതൽ റഷ്യൻജനതയിൽനിന്നു് മതവിശ്വാസങ്ങൾ നശിപ്പിക്കാൻ റഷ്യ ആഗ്രഹിക്കുകമാത്രമല്ല, അതിനായി പണം കോരിവാരി ചിലവുചെയ്തു് തീവ്രപ്രചരണവും നടത്തിക്കൊണ്ടിരിക്കുകയാണു്. ജനായത്തപരമായവിധം അതിനുതകുന്ന നിയമങ്ങളും റഷ്യ നിർമ്മിച്ചിട്ടുണ്ടു്. പ്രഖ്യാപിതനയമനുസരിച്ചു് അവിടത്തെ ഗവൺമെൻറു് തനി നിരീശ്വരണാണു്. “ദൈവവിരോധപ്രസ്ഥാനം” (Anti-God Movement) “ദൈവനിഷേധപ്രചാരണം” (No-God Campaign) മുതലായവ ഗവർമ്മെൻറിൻെറ ആഭിമുഖ്യത്തിലും സർക്കാർ ചിലവിലുമാണവിടെ നടത്തുന്നതു്. സ്കൂളുകളിൽ മതം പഠിപ്പിക്കുവാൻ പാടില്ലെന്നു മാത്രമല്ല, നിരീശ്വരത്വം സ്കൂളുകളിൽ പഠിപ്പിക്കണമെന്നുമുണ്ടു്. യാതൊരു മതത്തിനും പ്രചരണസ്വാതന്ത്ര്യം അവിടെയില്ല. ഒരു സ്ഥാപനം എന്തുദ്ദേശത്തോടുകൂടി സ്ഥാപിച്ചുവോ ആ ഉദ്ദേശത്തെ (Trust) അനുകൂലിക്കുന്നതു ഒരാൾമാത്രവും, പ്രതികൂലിക്കുന്നതു 99 ശതമാനവും ആണെങ്കിൽ പോലും നമ്മുടെ ഗവർമ്മെൻറും കോടതികളും ആ ഒരാളെ അനുകൂലിച്ചും സഹായിച്ചും ട്രസ്റ്റിനു ഒരുപ്രകാരത്തിലും വിരുദ്ധമാകാത്തപ്രകാരവുമേ പ്രവർത്തിക്കയുള്ളു. റഷ്യൻ നിയമം അങ്ങനെയല്ല. ട്രസ്റ്റിൻെറ ഫലാനുഭോക്താക്കളിൽ (Beneficiaries) ബഹുഭൂരിപക്ഷം ഒരു സ്ഥാപനത്തെ അതിൻെറ ട്രസ്റ്റിനു കടകവിരോധമായ നിലയിൽപ്പോലും പൊതുജനോപകാരപ്രദമായി ഉപയോഗിക്കണമെന്നാവശ്യപ്പെട്ടാൽ അപ്രകാരം ചെയ്തുകൊടുക്കണമെന്നാണവിടത്തെ നിയമം.

“പള്ളിയേയോ ഇതരസ്ഥാപനത്തേയോ മററു വല്ലതുമായി രൂപാന്തരപ്പെടുത്തിക്കിട്ടണമെന്നോ പൊളിച്ചുമാററണമെന്നോ ഇടവകക്കാരുടെ അപേക്ഷ കിട്ടിയാൽ ആ കാര്യത്തിൽ ഗവർമ്മെൻറധികൃതർ വേണ്ട അന്വേഷണംനടത്തി നിശ്ചിതഭൂരിപക്ഷം ആ അപേക്ഷയെ അനുകൂലിക്കുന്നുണ്ടെന്നു തെളിഞ്ഞാൽ ആ അവരുടെ അപേക്ഷയനുസരിച്ചു പ്രവർത്തിക്കുന്നതിനു പോലിസു് സഹായം നൽകും. മതഭ്രാന്തന്മാരായ ന്യൂനപക്ഷം ആ രൂപാന്തരപ്പെടുത്തലിനെ ബലംപ്രയോഗിച്ചു ചെറുക്കുകയും അവിടെ ഒരു ചെറിയ യുദ്ധംതന്നെ വിശ്വാസഭ്രാന്തന്മാരും ഗവർമ്മെൻറധികാരികളും തമ്മിൽ നടക്കുകയും ചെയ്യുന്നതപൂർവ്വമായിരുന്നില്ല. അതിൽ തടസ്സക്കാരുടെ നായകത്വം വഹിക്കുന്ന പുരോഹിതരോ മററാ സംഘട്ടനത്തിൽ മുറിവേററുവീണെന്നോ മരിച്ചുപോയെന്നോ വരും. അപ്പോൾ മതപക്ഷക്കാർ പ്രചരിപ്പിക്കുന്ന വാർത്ത പുരോഹിതരേയും വിശ്വാസികളേയും ഗവർമ്മെൻറധികാരികൾ വെറുതെ കൊന്നുകളഞ്ഞു എന്നായിരിക്കും. ഗവർമ്മെൻറുദ്യോഗസ്ഥനെ അവൻെറ ഔദ്യോഗികപ്രവൃത്തി നിർവ്വഹിക്കുന്നതിൽ തടസ്സപ്പെടുത്തി എന്ന ശിക്ഷാനിയമത്തിലെ വകുപ്പിൻപ്രകാരം അവരെ കോടതിയിൽ ചാർജ്ജുചെയ്തു ശിക്ഷിക്കുകയാണു് അവിടെ ചെയ്യുന്നതു്. അങ്ങനെ അനവധി പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടു്. പട്ടക്കാരേയും വിശ്വാസികളേയും പിടിച്ചു ജയിലിലാക്കി എന്ന വാർത്ത റോമിൽനിന്നു മററും പ്രചരിപ്പിക്കുന്നതു് അങ്ങനെയുള്ള ശിക്ഷകളെപ്പററിയാണു്.”

“യുക്തിവാദി” സമ്മതിക്കുന്നതും വിവരിക്കുന്നതുമായ ഈ വസ്തുതകൾതന്നെ സ്പഷ്ടമായി തെളിയിക്കുന്നുണ്ടു്, റഷ്യയിലെ കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു് യഥാർത്ഥത്തിൽ മതപീഡനം നടത്തുന്നുണ്ടെന്നു്. മനുഷ്യൻെറ ജന്മാവകാശങ്ങളിലൊന്നാണു് മതസ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യത്തിൽ, ന്യായമായ നിയമങ്ങൾക്കും ക്രമങ്ങൾക്കും വിധേയമായി ഏതു മതം സ്വീകരിക്കുന്നതിനും, അനുഷ്ഠിക്കുന്നതിനും, പ്രകടിപ്പിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും ഏതൊരു പൗരനും അവ

കാശമുണ്ട്. അവയിൽ ഏതെങ്കിലും ഒന്നു നിഷേധിച്ചാൽ അവിടെ മതസ്വാതന്ത്ര്യമില്ല; നിഷേധിക്കപ്പെടുന്നവയെ സംബന്ധിച്ചിടത്തോളം മതപീഡനമാണുള്ളതു്. ഗവർമ്മെൻറ് എന്നതു് ഇഹലോകജീവിതകാര്യങ്ങൾ സുഖകരമായി നടത്തത്തക്കവണ്ണം രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവും മററുമായ സൗകര്യങ്ങളും സഹായങ്ങളും പൗരന്മാർക്കു ചെയ്തുകൊടുക്കുവാനുള്ള പൊതുസ്ഥാപനമാകുന്നു. മതം പൊതുവിലോ, ഏതെങ്കിലും മതം പ്രത്യേകിച്ചോ, സത്യമെന്നോ അസത്യമെന്നോ നിർണ്ണയിക്കുക; സത്യമെന്നു തങ്ങൾക്കു തോന്നുന്നതു പ്രചരിപ്പിക്കുവാനും അസത്യമെന്നു തോന്നുന്നതു നിരോധിക്കുവാനും ആവശ്യകമായതെല്ലാം ഡിപ്പാർട്ടുമെൻറുകൾവഴിയായി നടത്തുക; അങ്ങനെയുള്ള പ്രചരണത്തിനും നിരോധനത്തിനും സഹായകമായിരിക്കത്തക്കവണ്ണം സ്വേച്ഛാധിപത്യനടപടികൾ സ്വീകരിച്ചു് നിയമങ്ങൾ ഏർപ്പെടുത്തുക; യഥാർത്ഥത്തിൽ അന്യായങ്ങളെന്നു സ്പഷ്ടമായി കാണാവുന്ന ആ നിയമങ്ങൾ നടപ്പിൽ വരുത്തുവാൻ ഗവർമ്മെൻറുദ്യോഗസ്ഥന്മാർ ശ്രമിക്കുമ്പോൾ, അതുവഴിയായി തങ്ങളുടെ സ്വത്തിനും മാനത്തിനും വിശ്വാസത്തിനും നാശം നേരിടുമെന്നു് കാണുന്നവർ എതിർപ്പു് പ്രകടിപ്പിക്കുമ്പോൾ, പോലീസിൻേറയും പട്ടാളത്തിൻേറയും ബലപ്രയോഗത്താൽ അവരെ അടിച്ചമർത്തുകയും കോടതികൾ വഴിയായി അവരെ ശിക്ഷിക്കുകയും ചെയ്ക—ഇതെല്ലാം മതസ്വാതന്ത്ര്യവിരുദ്ധവും മതപീഡനപരവുമായ പ്രവർത്തനങ്ങളാകുന്നു. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ റഷ്യയിലും മററു രാജ്യങ്ങളിലുമുള്ള കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറുകൾ നടത്തുന്നുണ്ടെന്നു് യുക്തിവാദി സമ്മതിക്കുന്ന സ്ഥിതിക്കു്, അവിടങ്ങളിൽ സാക്ഷാൽ മതപീഡനമില്ലെന്നു വാദിക്കുന്നതു് യുക്തിവാദമല്ല, പ്രത്യുത കുയുക്തിവാദമാണു്.

ഞങ്ങൾ അന്യത്ര ചേർത്തിട്ടുള്ളതും, "സഹോദരൻ" പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നതുമായ ലേഖനത്തിൽനിന്നു കാണാം, റഷ്യയിൽ ഭയങ്കരമായ മതപീഡനം ഉണ്ടായിരുന്നുവെന്നും, ഇപ്പോഴും ഉണ്ടെന്നും.

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

## അടുത്തയാഴ്ചയിൽ

ഡിസംബർ

13 ഞാ: സുവാറ 3-ാംഞായർ
14 തി: നിക്കാസിയൂസ്
15 ചൊ: ഫ്ളോറൻസ്
16 ബു: എവുസേബിയസ്
17 വ്യാ: ലാസറസ്
18 വെ: മാർ തോമ്മാശ്ലീഹായുടെ മൈലാപ്പൂർ പ്രത്യക്ഷം
19 ശ: ഫാവുസ്തം

ആദ്ധ്യാത്മികവീഥി(10)

# നമുക്കെന്തു ചെയ്യാം?

ദൈവത്തിൻെറ വത്സലമക്കളേ,

കമ്മ്യൂണിസം ഒരു ദൈവശിക്ഷയാകുന്നു എന്നു കഴിഞ്ഞ ലക്കത്തിൽ ഞാൻ പറയുകയുണ്ടായി. അതിനു എന്തു പ്രതിവിധിയെങ്കിലും ചെയ്യുവാൻ നമുക്കു കഴിയുമോ എന്നാണു് അടുത്തതായി ആലോചിക്കാനുള്ളതു്. നിശ്ചയമായും കഴിയുമെന്നു വേദാഗമചരിത്രം അസന്ദിഗ്ദ്ധമായി നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്.

സൃഷ്ടിയുടെ പുസ്തകം 18-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ഒരു സംഭവം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണു. സോദോം ഗൊമോറാ എന്ന പട്ടണങ്ങളിലെ അവരുടെ പാപാധിക്യംമൂലം നശിപ്പിക്കുവാൻ കരുതിയിരിക്കയാണെന്നു ദൈവം അബ്രാഹത്തെ അറിയിച്ചു. അപ്പോൾ അവിടെ ഒരൻപതു നീതിമാന്മാരുണ്ടെങ്കിൽ അവരെക്കുറിച്ചു ആ പട്ടണങ്ങളെ നശിപ്പിക്കാതിരിക്കാമോ എന്നു അബ്രാഹം ചോദിച്ചു. നശിപ്പിക്കാതിരിക്കാമെന്നു ദൈവം സമ്മതിച്ചു. വീണ്ടും വീണ്ടുമുള്ള അബ്രാഹത്തിൻെറ അഭ്യർത്ഥനയുടെ ഫലമായി വെറും പത്തു നീതിമാന്മാരെങ്കിലും ഉണ്ടെങ്കിൽ അവരെക്കുറിച്ചു ആ സ്ഥലങ്ങളെ നാശത്തിനിരയാക്കാതിരിക്കാമെന്നു ദൈവം വാക്കുകൊടുത്തു.

നിർഭാഗ്യവശാൽ അത്രയും നീതിമാന്മാരെപ്പോലും അവിടെ കാണാഞ്ഞതിനാൽ അവ നശിപ്പിക്കപ്പെട്ടു എന്നുള്ളതു ശരിതന്നെ. എങ്കിലും പത്തു നീതിമാന്മാരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ദൈവം ആ പട്ടണങ്ങളെ രക്ഷിക്കുമായിരുന്നുവെന്നുള്ളതു നിശ്ചയമാണു്. 19-ാം അദ്ധ്യായം വായിച്ചാൽ കാണാം എത്ര മ്ലേച്ഛമായ ഒരു ജീവിതമാണു് ആ നാട്ടുകാർ നയിച്ചിരുന്നതെന്നു്. എന്നിട്ടും ചുരുക്കം ചില നല്ലയാളുകളെ ഓർത്തു് അവരെ ശിക്ഷിക്കാതിരിക്കാമെന്നു ദൈവം സമ്മതിച്ചു എന്നുള്ളതാണു് നമുക്കു ശ്രദ്ധേയമായിട്ടുള്ളതു്.

ഇന്നു ലോകം വളരെ വഷളായിട്ടുണ്ടെന്നു സമ്മതിക്കണം. എങ്കിലും ദുഷ്ടന്മാരുടെ എണ്ണത്തെക്കാൾ വളരെ കുറഞ്ഞ ഒരു തുകയെങ്കിലും ശിഷ്ടന്മാർ ഉണ്ടാകുന്നപക്ഷം അവരെ ഓർത്തു ലോകത്തെ ദൈവം ശിക്ഷിക്കാതെയിരിക്കും. അങ്ങനെ കുറെ നല്ലവരുണ്ടാകുന്നതിനാണു നാം ശ്രമിക്കേണ്ടതു്. അതിനു ഏററവും എളുപ്പമുള്ള മാർഗ്ഗം നമ്മെത്തന്നെ വിശുദ്ധീകരിക്കുകയെന്നുള്ളതാണു്. നാം നന്നാകുന്നപക്ഷം നാമറിയാതെതന്നെ നമുക്കു ചുററുമുള്ളവരും നന്നാകുന്നതിനെളുപ്പമുണ്ടു്. കുറഞ്ഞപക്ഷം ദൈവശിക്ഷയ്ക്കു നാം കൂടി കാരണക്കാരായി എന്നൊരാക്ഷേപണത്തിനു വകയില്ലാതാകും.

നിനുവയിൽ ചെന്നു അനുതാപം പ്രസംഗിക്കുന്നതിനു നിയുക്തനായ യോനാസ് ദൈവകല്പനയെ അനുസരിക്കാതിരിക്കുന്നതിനായി അദ്ദേഹം കയറിയിരുന്ന കപ്പൽ, കടൽക്ഷോഭത്താൽ മുങ്ങുമെന്നുള്ള പരമത്തിൽ എത്തിയതും അദ്ദേഹത്തെ കടലിലേക്കു വലിച്ചെറിഞ്ഞ ക്ഷണത്തിൽ കടൽ ശാന്തമായതും നാമറിഞ്ഞിട്ടുള്ള സംഗതികളാണല്ലോ.

വി. ഡോമിനിക്കു പ്രസംഗിക്കുന്നതിനായി ഏതെങ്കിലും പട്ടണത്തിൽ പ്രവേശിക്കുന്നതിനു മുൻപു അവിടെ പ്രവേശനദ്വാരത്തിനു വെളിയിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു തൻെറ പാപകാരണത്താൽ ആ പട്ടണത്തെ ശിക്ഷിക്കരുതേ എന്നു ദൈവത്തോടു കേണപേക്ഷിക്കുക പതിവായിരുന്നു.

വിശുദ്ധന്മാർപോലും ഇങ്ങനെ ചെയ്തിരുന്നെങ്കിൽ നാം എത്രയോ കൂടുതൽ ന്യായത്താൽ അതേ പ്രാർത്ഥനതന്നെ ആവർത്തിക്കേണ്ടിയിരിക്കുന്നു! നമ്മുടെ പാപങ്ങളെക്കുറിച്ചു നിരന്തരം സ്മരിച്ചുകൊണ്ടു "എൻെറ ദൈവമേ, അങ്ങേ അനുഗ്രഹാധിക്യത്തിനൊത്തവണ്ണം എന്നോടു കരുണയുണ്ടാകേണമെ എൻെറ പാപങ്ങൾ കാരണത്താൽ എൻെറ നാട്ടിനെ ശത്രുക്കൾക്കേല്പിക്കരുതെ" എന്നു വിനയപൂർവ്വം പ്രാർത്ഥിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

## തിരുത്തു്

ഈ ലക്കം ഒന്നാംപേജിൽ ചേർത്തിരിക്കുന്ന മംഗളപത്രത്തിൽ മൂന്നാംകോളം മൂന്നാംവരിയിൽ "328 വൈദികരും 128 വൈദികവിദ്യാർത്ഥികളും" എന്നു കാണുന്നതു് "222 വൈദികരും 90 വൈദികവിദ്യാർത്ഥികളും" എന്നു തിരുത്തിവായിപ്പാനപേക്ഷ.

രണ്ടാം ചരമവാർഷികം



മേലൂർ നെററിക്കാട്ടു് ചാക്കുണ്ണി മകൾ തങ്കമ്മ
മരണം: 1951 ഡിസംബർ 12

ദയാപരനായ ഈശോയെ, ഇവൾക്കു നിത്യാശ്വാസം കൊടുത്തരുളേണമെ.

By her loving Aunt, Mrs. Celine J. Palathingal, Alwaye

വി. യൂദാ തദ്ദേവൂസ് ശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

C. J. Mary, Trichur

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin
BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

## പുതിയ ബൽഗാം മെത്രാൻ

ഒരററു് റവ. മോൺ. മൈക്കിൾ റൊഡ്റിഗസ് തിരുമേനിയെ ബൽഗാം രൂപതയുടെ മെത്രാനായി ബോംബെ ആർച്ചുബിഷപ്പു് കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനി നവ. 30-ാംനു സായാഹ്നത്തിൽ അഭിഷേകം ചെയ്തിരിക്കുന്നു. പുതിയ ബൽഗാം രൂപതയിൽ ബൽഗാം, ധർവാർ, ബീജാപ്പൂർ, കാർവാർ ഈ ഡിസ്ട്രിക്ടുകൾ ഉൾപ്പെട്ടിരിക്കുന്നു. അഭിഷേകകർമ്മങ്ങളിൽ ഒരു വൻപിച്ച ജനാവലി സംബന്ധിച്ചിരുന്നു.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യംസാധിച്ചതിനു ഉപകാരസ്മരണ.

എ. സി. ചെറിയാൻ,
ചേന്നങ്കരി, കാവാലം

(10-ാംപേജു് തുടർച്ച)

ഇതിനർത്ഥം. (മെളൊഡായ് ബോൾഷെവിക്—1946)

1947-ൽ രാഷ്ട്രീയവും ശാസ്ത്രീയവുമായ അറിവു് പ്രചരിപ്പിക്കാനുള്ള സർവ്വാഷ്യാസമാജം സ്ഥാപിച്ചു. അതിലെ എല്ലാം അംഗങ്ങളുടേയും കൃത്യം നാസ്തികത്വം പരത്തലാണു്.

ഗവമ്മെണ്ടു് വീണ്ടും മതവിരോധം തുടങ്ങിയപ്പോൾ ആമാതിരി പ്രവർത്തനങ്ങൾ ഉപഗ്രഹരാജ്യങ്ങളിലും തുടങ്ങി. 4 ഉപഗ്രഹരാജ്യങ്ങളിൽ റോമൻ കത്തോലിക്കാ പുരോഹിതന്മാർ റോമിൽ പോയിക്കൂടെന്നു വിലക്കി. പള്ളിമുതലുകൾ കണ്ടുകെട്ടി. പട്ടക്കാർ ശമ്പളം മുതലായതിനു ഗവമ്മെണ്ടിനധീനരായി.

വിദ്യാഭ്യാസത്തോടുള്ള സോവ്യററുമനോഭാവം കാണിക്കുന്ന ഒരു പത്രാഭിപ്രായം താഴെ ചേർക്കുന്നു:

ലനിനിസത്തിൻെറ അർത്ഥത്തിൽ വിദ്യാഭ്യാസം എന്നതു ലോകം സംബന്ധിച്ചും സാമൂഹ്യജീവിതംസംബന്ധിച്ചും സമുദായത്തിൽ മനുഷ്യനുള്ള സ്ഥാനവും നിലയും പെരുമാററവും സംബന്ധിച്ചും മാർക്സിസ്റ്റു് ലനിനിസ്റ്റു അഭിപ്രായം യുവാക്കളിൽ ഉളവാക്കുകയാണു്. എന്നുവച്ചാൽ അന്ധവിശ്വാസങ്ങൾക്കും മിസ്റ്റിസിസങ്ങൾക്കും വിരുദ്ധവും, പഴയലോകത്തുടെ പായൽ പിടിച്ച പാരമ്പര്യങ്ങൾ, യഥാർത്ഥജീവിതത്തിലും അതു നന്നാക്കാനുള്ള ശ്രമങ്ങളിലുംനിന്നു തിരിഞ്ഞ പാകാരത്തുമായി ശാസ്ത്രവും ഭൗതികത്വജ്ഞാനവും ഐഡിയലിസ്റ്റിക്കുമുള്ള ഭൗതികലോകാവലോകനവും സ്വാശക്തിയിലുള്ള വിശ്വാസവും വിജയമാർഗ്ഗങ്ങളെപ്പററിയുള്ള അറിവും യുവാക്കൾക്കുണ്ടാക്കുക എന്നർത്ഥം. (ബോൾഷെവിക്ക് 1946)

ഈ നയത്തെ പ്രതിഷേധിക്കാൻ ശ്രമിച്ച മതനേതാക്കന്മാരെ രാജ്യദ്രോഹവും ചാരത്വവും ചുമത്തി വിസ്തരിച്ചു തടവുകാരാക്കി—പലരെ ജീവപര്യന്തം. കർദ്ദിനാൾ മിൻസെന്തി, മെത്രാൻ ലാദ്ജോസ് ഓർദാസ്, മെത്രാൻ ജാൻവോജ ടാസക്ക്, മെത്രാൻ മിച്ചൽ ബുഡൽക്ക മുതലായവർ ഈ കൂട്ടത്തിൽപ്പെട്ടവരാണു്. (സഹോദരൻ)

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യംസാധിച്ചതിൽ കൃതജ്ഞത.

C. M. R., Trichur

അൽഫോൻസാ ട്രിബ്യൂണൽ

## ഉദ്ഘാടനം

സിസ്റ്റർ അൽഫോൻസായെ ധന്യയെന്നു നാമകരണം ചെയ്യുന്നതിനുള്ള വിചാരണനടപടികൾക്കായി രൂപവൽക്കരിക്കപ്പെട്ടിരിക്കുന്ന രൂപതാകോടതിയുടെ ഉദ്ഘാടനകർമ്മം ഡിസംബർ 2-ാംനു ഉച്ചകഴിഞ്ഞു് നാലുമണിക്കു് അത്യുന്നതകർദ്ദിനാൾ ടിസ്സെരാങ്ങു് തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ഭരണങ്ങാനം ഫൊറോനാപ്പള്ളിയിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു. ഈ നടപടികളുടെ പോസ്റ്റുലേററർ വെ. റവ. ഫാ. ഫോത്തുനാത്തോ ഷിപ്പിയാനി, ഒ. എഫ്. എം. ആണു്. ഇദ്ദേഹത്തിൻെറ ആസ്ഥാനം റോമിൽ ആയിരിക്കും. വൈസ്പോസ്റ്റുലേററർ—വെ. റവ. ഡോ. ജെ. സികാപ്പൻ പിഎച്ചു്. ഡി. ഈ നടപടികൾക്കാവശ്യമായവരെ കോടതി അധികാരിയായ പാലാമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി 23 11. 53-ലെ കല്പനപ്രകാരം നിയമിച്ചിരിക്കുന്നു: ചാൻസലർ—വെരി റവ. ഫാ. മാത്യു കൊട്ടാരത്തുമ്യാലി. ജസ്റ്റ് ഡലിഗേററു്—വെ. റവ. ഫാദർ റോമയോ തോമസ് ടി. ഒ. സി. ഡി. എം. എ. എൽ. ററി. മററു ജസ്റ്റിമാർ—വെ. റവ. ഫാ. ചാണ്ടി കൊടിത്തോട്ടം, വെ. റവ. ഡോ. ജോസഫ് ഏറാമാന്തുക്കാരൻ, ഡി. ഡി., എൽ. എസ് സി. ഒ. പിഎച്ചു. ബി. ബി. സി. എൽ; വെ. റവ. ഫാ. തോമസ് അരയത്തിനാൽ എം. ഒ. എൽ. വിശ്വാസസംരക്ഷകൻ—വെ. റവ. ഫാ. ബെക്കമൻസ്. ഒ. എഫ്. എം. (കപ്പുച്ചിൻ) നോട്ടറി—റവ. ഫാ. പോൾ പള്ളത്തുകുഴി. കോടതി കാര്യസ്ഥൻ— (Cursur) ശ്രീ ടി. ടി. മാത്യു.

മുതലക്കോടംപള്ളിയിൽ
നാല്പതുമണി ആരാധന
ഡിസം. 15, 16, 17 ഈ തീയതികളിൽ
1-ാം ദിവസം പ്രസംഗം: Rev. Fr. Emmanuel Pallickunnel, Vincentian
2-ാം ദിവസം പ്രസംഗം: Rev. Fr. Thomas Nedumkallel M. A., B. T.
3-ാം ദിവസം പ്രസംഗം: Rev. Fr. Joseph Manavalan B. A., B. T.

ചെറുകഥ

# • വേലക്കാരൻ

(പ്രഫസർ എം. എം. മാണി എം. എ)

ശ്രീധരൻ നഗരത്തിലേക്കു തിരിച്ചുവന്നതു് ക്രിസ്തുമസ്സിനു അല്പം മുമ്പ്, അതായതു ജോലികിട്ടാൻ ഏററവും പ്രയാസമുള്ള സമയത്തു്, ആയിരുന്നു. ആ കർഷകയുവാവു് എന്തെങ്കിലുമൊരു വേലകിട്ടുന്നതിനുവേണ്ടി മൂന്നാഴ്ചക്കാലം അങ്ങുമിങ്ങും അലഞ്ഞുനടന്നു. തൻെറ ഗ്രാമത്തിൽനിന്നും വന്നബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും കൂടെയായിരുന്നു അയാൾ അവിടെ താമസിച്ചതു്. അയാൾക്കു ഒന്നിനും പ്രയാസമുണ്ടായിരുന്നില്ല. എങ്കിലും അരോഗദൃഢഗാത്രനും കരുത്തനുമായ താൻ ജോലിയൊന്നുമില്ലാതെ അന്യന്മാരെ ആശ്രയിച്ചുകഴിയുന്നുവെന്ന ചിന്ത അയാളെ വല്ലാതെ വ്യാകുലപ്പെടുത്തി.

ബാല്യംമുതല്ക്കു ശ്രീധരൻ നഗരത്തിലാണു് താമസിച്ചിരുന്നതു്. ഒരു മദ്യോല്പാദനശാലയിൽ പാത്രം കഴുകിക്കൊടുക്കുന്ന ജോലിയിലാണു് അയാൾ ആദ്യം ഏർപ്പെട്ടതു്. അനന്തരം അയാൾ ഒരു വീട്ടിലെ താഴ്ന്നതരം വേലക്കാരിലൊരുത്തനായിത്തീർന്നു പിന്നീടു് രണ്ടുവർഷക്കാലത്തേക്കു് അയാൾ ഒരു കച്ചവടക്കാരൻെറ ശമ്പളം പററി കഴിഞ്ഞുകൂടി. അപ്പോഴാണു് പട്ടാളനിയമമനുസരിച്ചു് സേവനമനുഷ്ഠിക്കണമെന്നു ഗവർമ്മെൻറു് അയാളോടാവശ്യപ്പെട്ടതു്. അല്ലായിരുന്നെങ്കിൽ അയാൾ ഇന്നും പ്രസ്തുതജോലിയിൽ തുടർന്നേനെ. ഗ്രാമജീവിതം അത്യന്തം രസപ്രദമായിട്ടാണു് അയാൾക്കു് അനുഭവപ്പെട്ടതു്. അങ്ങനെയുള്ള ജീവിതം അയാൾക്കു പരിചിതമായിരുന്നില്ലതാനും. അതുകൊണ്ടയാൾ തീർച്ചപ്പെടുത്തി, അവിടെ താമസിക്കുന്നതിലും നല്ലതു് നഗരത്തിൽ പോയി കല്ലുമുമക്കുകയാണെന്നു്. ഇങ്ങനെയാണു് അയാൾ വീണ്ടും നഗരത്തിൽ എത്തിച്ചേർന്നതു്.

അലസനായി തെരുവീഥികളിൽക്കൂടി അലഞ്ഞുനടക്കുകയെന്നതു അയാൾക്കു അഭിമതമായിരുന്നില്ല. എന്തെങ്കിലുമൊരു ജോലികിട്ടുന്നതിനുവേണ്ടി അയാൾ അക്ഷീണം യത്നിച്ചു. തൻെറ പരിചിതന്മാരെയെല്ലാം അയാൾ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. വഴിയിൽ കണ്ടവരെയെല്ലാം തടഞ്ഞുനിർത്തി അയാൾ ചോദിച്ചു. എവിടെയെങ്കിലും വേലകിട്ടാൻ തരമുണ്ടോയെന്നു്. പക്ഷേ അയാളുടെ യത്നമെല്ലാം വിഫലമായിപ്പോകയാണുണ്ടായതു്. എന്തിനേറെ? അയാൾ ബന്ധുമിത്രാദിവർഗ്ഗത്തിനെല്ലാം ഒരു ഭാരമായിത്തീർന്നു. അയാളുടെ ആഗമനംതന്നെ അവരിൽ പലർക്കും നീരസജനകമായിരുന്നു.

II

നഗരത്തിൻെറ പ്രാന്തപ്രദേശത്തു താമസിച്ചിരുന്ന ഒരു സ്നേഹിതനെ ശ്രീധരൻ ഒരുദിവസം കണ്ടുമുട്ടി. ധനികനായ ഒരു കച്ചവടക്കാരൻെറ വണ്ടിക്കാരനായിരുന്നു അയാൾ. പ്രസ്തുതവണിക്കിനു വളരെക്കാലമായി തന്നെ സേവിച്ചുപോരുന്ന അയാളിൽ അനല്പമായ വിശ്വാസവും പ്രീതിയും ജനിച്ചിരുന്നു. അയാളുടെ സംഭാഷണചാതുരിയായിരുന്നു യജമാനൻെറ പ്രീതിക്കു മുഖ്യകാരണം. അയാൾ മററു ഭൃത്യന്മാരെപ്പററി അഭിപ്രായം പുറപ്പെടുവിച്ചിരുന്നു. കച്ചവടക്കാരൻ അതിനെ വിലമതിച്ചിരുന്നതാനും.

ശ്രീധരൻ അയാളെ സമീപിച്ചു് അഭിവാദ്യംചെയ്തു. വണ്ടിക്കാരൻ അയാളെ സ്നേഹപൂർവ്വം സ്വീകരിച്ചു. ഒരുകപ്പു ചായയും കുറെ പലഹാരവും നൽകിയിട്ടു് അയാൾ കുശലാന്വേഷണം ചെയ്തു.

"സ്നേഹിതനായ രവി, വളരെ കഷ്ടമാണു് എൻെറ സ്ഥിതി." ശ്രീധരൻ പറഞ്ഞുതുടങ്ങി. "പല ആഴ്ചകളായി യാതൊരു തൊഴിലുമില്ലാതെ നട്ടംതിരിയുകയാണു് ഞാൻ."

"തിരിച്ചു ജോലിക്കെടുക്കണമെന്നു പഴയ മുതലാളിയോടു് ആവശ്യപ്പെട്ടില്ലേ?" വണ്ടിക്കാരൻ അന്വേഷിച്ചു.

"ഉവ്വു്. ഞാൻ ആവശ്യപ്പെട്ടു."

"എന്നിട്ടു്. അയാൾ നിന്നെ തിരിച്ചെടുക്കയില്ലേ?"

"ആ ഒഴിവിൽ വേറൊരാളെ നിയമിച്ചുപോലും."

"ഓ! നിങ്ങൾ—ചെറുപ്പക്കാർ—എല്ലാം ഇങ്ങനെയാണു്. നിങ്ങൾ യജമാനന്മാരെ സേവിക്കുന്നതു ഒരു സാമാമട്ടിലാണു്. തിരിച്ചുവരാനുള്ള മാർഗ്ഗം അടച്ചിട്ടിട്ടാണു് നിങ്ങൾ തൊഴിലിൽനിന്നും പിരിഞ്ഞുപോകുന്നതു്. പൊയ്ക്കഴിഞ്ഞാലും നിങ്ങളെ യജമാനന്മാർ മറക്കാത്തവിധത്തിൽവേണം നിങ്ങൾ അവരെ സേവിക്കുക. നിങ്ങൾ തിരിച്ചുവരുന്നുവെന്നിരിക്കട്ടെ. നിങ്ങളെ ജോലിക്കെടുക്കുന്നതിനു് അവർ ഒട്ടുമേതും മടിക്കരുതു്. നിങ്ങളുടെ ഒഴിവിൽ നിയമിതരായവരെ പിരിച്ചുയച്ചിട്ടു നിങ്ങളെ അവർ നിയമിക്കണം. അത്തരത്തിലാണു് സേവനം അനുഷ്ഠിക്കേണ്ടതു്."

"അതു സാദ്ധ്യമാണോ? ഇക്കാലത്തു് അങ്ങനെയുള്ള യജമാനന്മാരുണ്ടോ? മാത്രമല്ല, നമ്മൾ മാലാഖാമാരുമല്ലല്ലോ."

"എന്തിനാണു് ഏറെപ്പറയുന്നതു്? എൻെറ സ്ഥിതിതന്നെ നോക്കുക. എന്തെങ്കിലും കാരണത്താൽ ഈ ജോലിവിട്ടു് ഞാൻ വീട്ടിലേക്കു പോയിയെന്നു സങ്കല്പിക്കുക. ഞാൻ തിരിച്ചുവരുന്നുവെന്നും കരുതുക. എൻെറ യജമാനൻ എന്നെ അപ്പോൾ തീർച്ചയായും സ്വീകരിക്കും; സന്തോഷപൂർവ്വം സ്വീകരിക്കും."

തൻെറ സ്നേഹിതൻ ആത്മപ്രശംസ ചെയ്യുകയാണെന്നു ശ്രീധരൻ മനസ്സിലായി. അയാളെ പ്രീണിപ്പിക്കുകതന്നെയാണു് തനിക്കു പ്രയോജനകരമെന്നു അയാൾ ആലോചിച്ചുറച്ചു. "അതെനിക്കറിയാം." ശ്രീധരൻ അഭിനന്ദനരൂപത്തിൽ പറഞ്ഞു. "പക്ഷേ സ്നേഹിതാ, നിങ്ങളെപ്പോലുള്ളവർ ലോകത്തിൽ അധികം പേരില്ലല്ലോ. നിങ്ങൾ അത്യുത്തമനായ ഒരു വേലക്കാരനല്ലേ? അതുകൊണ്ടല്ലേ പന്ത്രണ്ടുവർഷക്കാലമായി ഈ യജമാനനെ സേവിച്ചു ഇവിടെ പാർക്കുന്നതു്."

രവി പുഞ്ചിരിതൂകി. ആർക്കാണു് പ്രശംസ പ്രിയംകരമല്ലാത്തതു്? "അതു് അങ്ങനെതന്നെ" അയാൾ സാഭിമാനം പറഞ്ഞു. "എന്നെപ്പോലെ ജീവിക്കുകയും സേവിക്കുകയും ചെയ്ക. നിങ്ങൾക്കു ഒരിക്കലും തൊഴിലില്ലാതാവുകയില്ല."

ശ്രീധരൻ മറുപടിയൊന്നും പറഞ്ഞില്ല.

"ആവട്ടെ. അല്പം ക്ഷമിച്ചിരിക്കൂ." രവി പറഞ്ഞു. "ഞാൻ വേഗത്തിൽ തിരിച്ചുവരാം."

"അങ്ങനെതന്നെ."

III

രവി വേഗത്തിൽ തിരിച്ചെത്തി. അയാളുടെ യജമാനൻ അരമണിക്കൂറിനുള്ളിൽ ഒരു പട്ടണത്തിലേക്കു പോകാൻ തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നു് അയാൾ ശ്രീധരനെ അറിയിച്ചു. അയാൾ കുതിരകളെയെല്ലാം ഒരുക്കി; വണ്ടി തയ്യാറാക്കി. എന്തിനേറെ? വേണ്ട സജ്ജീകരണങ്ങളെല്ലാം ചെയ്തു. അനന്തരം അയാൾ ശ്രീധരനോടു പറഞ്ഞു:-

"കേൾക്കു, ചെറുപ്പക്കാരനായ സ്നേഹിതാ, നിങ്ങൾക്കിഷ്ടമാണെങ്കിൽ, ഞാൻ യജമാനനോടു അപേക്ഷിക്കാം ഇവിടത്തെ ഒരു വേലക്കാരനായി നിങ്ങളെ നിയമിക്കണമെന്നു്."

"അദ്ദേഹത്തിനൊരാളെ ആവശ്യമുണ്ടോ?"

"ഇവിടെ ഒരുത്തനുണ്ടു്. അയാൾ സമർത്ഥനല്ല. ഇവിടത്തെ ജോലിയെല്ലാം ചെയ്തുതീർക്കുന്നതിനു അയാൾക്കു കെല്പില്ല."

"അങ്ങനെയെങ്കിൽ എനിക്കുവേണ്ടി യജമാനനോടു ഒരുവാക്കു പറയുക; നിങ്ങളുടെ നന്മയ്ക്കുവേണ്ടി ഞാൻ ആജീവനാന്തം ഈശ്വരനെ പ്രാർത്ഥിക്കുന്നതാണു്."

"ആവട്ടെ. ഞാൻ പറയാം. എന്നാലാവതു ഞാൻ ചെയ്യാം."

ശ്രീധരൻ പോയി. രവി വണ്ടിയൊരുക്കി, യജമാനൻെറ സുന്ദരമായ മന്ദിരത്തിൻെറ മുമ്പിൽ കൊണ്ടുപോയി നിർത്തി. കച്ചവടക്കാരൻ വണ്ടിയിൽ കയറി. വണ്ടി പുറപ്പെടുകയുംചെയ്തു. അവർ യഥാകാലം പട്ടണത്തിൽ എത്തി. കുറെ കഴിഞ്ഞു്, അവിടത്തെ ജോലി നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ അവർ മടങ്ങി. തൻെറ യജമാനൻ പ്രസന്നചിത്തനായിരിക്കുന്നുവെന്നു രവി മനസ്സിലാക്കി. അയാൾ പതുക്കെ പറഞ്ഞുതുടങ്ങി:-

"എനിക്കൊരപേക്ഷയുണ്ടു്."

"എന്താണതു്?"

"എൻെറ ഗ്രാമത്തിൽനിന്നും ഒരു യുവാവു് ഇവിടെ എത്തിയിട്ടുണ്ടു്. നല്ലൊരു ചെറുപ്പക്കാരൻ. അയാൾ ജോലിയൊന്നുമില്ലാതെ കഷ്ടപ്പെടുകയാണു്."

"ശരി."

"അങ്ങു് അവനൊരു ജോലി കൊടുക്കുമോ?"

"എന്തു ജോലി?"

"നമ്മുടെ തോട്ടത്തിലെ ജോലിയുടെയെല്ലാം മേൽനോട്ടം."

"അതിനു വിപിനൻ ഉണ്ടല്ലോ."

"അവനെക്കൊണ്ടു എന്താണു പ്രയോജനം? അവനെ പറഞ്ഞയക്കേണ്ട സമയം അതിക്രമിച്ചിരിക്കയാണു്."

"അതു് ഉചിതമല്ല. എത്രയേറെ വർഷക്കാലമായി അയാൾ എന്നെ സേവിക്കുന്നു. അങ്ങനെ പെട്ടെന്നയാളെ കാരണമേതുമെന്യേ പറഞ്ഞയച്ചുകൂടാ."

"അയാൾ വളരെക്കാലം സേവിച്ചുപോലും! വെറുതെയാണോ അയാൾ ജോലി ചെയ്തതു്? അയാൾ ശമ്പളം പററിയിട്ടില്ലേ? വാർദ്ധക്യത്തിലെ ആവശ്യത്തിനായി അയാൾ കുറച്ചൊക്കെ സമ്പാദിച്ചിട്ടുണ്ടാവും. സംശയമില്ല."

"അയാൾ സാരമായിട്ടൊന്നും തന്നെ സമ്പാദിച്ചിട്ടുണ്ടായിരിക്കയില്ല. എങ്ങനെ കഴിയും? അയാൾക്കു ഭാര്യയില്ലേ? അവൾക്കു മുണ്ടല്ലോ വിശപ്പും ദാഹവും."

"അയാളുടെ ഭാര്യക്കും സമ്പാദ്യമുണ്ടു്. അവൾക്കുമുണ്ടു് ജോലി."




"ഹേയ്, എന്താണു് നിങ്ങൾ പറയുന്നതു്? ഒരു മാളികവെക്കാൻമാത്രം അവൾ സമ്പാദിച്ചിരിക്കും!"

"വിപിനനെയും അവൻെറ ഭാര്യയെയുംപററി അങ്ങു എന്തിനാണു് ഇത്രയേറെ ചിന്തിക്കുന്നതു്? നേരു പറയാമല്ലോ. അയാൾ കാര്യശേഷി ഒട്ടുമില്ലാത്തൊരു ഭൃത്യനാണു്. അയാളുണ്ടോ എന്തെങ്കിലും ജോലി ശരിയായി ചെയ്യുന്നു? രാത്രിയിൽ പാറാവുനില്ക്കേണ്ട സമയമാകുമ്പോൾ അവൻ പതിവായി ഒളിച്ചുമാറിക്കളയും. വേറൊന്നുകൂടി പറഞ്ഞേക്കാം. അയാൾ ജോലിയിൽ തുടരുന്നപക്ഷം യജമാനൻ പോലീസുകാരുമായി തീർച്ചയായും ശണ്ഠകൂടേണ്ടിവരും."

"അതു ശരിയായിരിക്കാം. എങ്കിലും വൃദ്ധനായ അയാളെ പെട്ടെന്നു പറഞ്ഞയക്കുന്നതു മര്യാദകേടാണു്. പതിനഞ്ചുവർഷം എൻെറ കീഴിൽ ജോലിചെയ്ത ഒരുത്തനാണയാൾ. വാർദ്ധക്യത്തിലെത്തിയിരിക്കുന്ന അയാളോടു ഞാൻ ഇങ്ങനെ ചെയ്താൽ അതു വലിയൊരു പാപമായിരിക്കും."

"പാപം! എന്തു പാപം! മാത്രമല്ല, അതുകൊണ്ടു അയാൾക്കു ബുദ്ധിമുട്ടൊന്നും ഉണ്ടാവുകയില്ല. ഒരഗതിമന്ദിരത്തിലേക്കു് അയാൾക്കു പോകാമല്ലോ. അയാൾക്കതാണു് തീർച്ചയായും നല്ലതു്."

"ആവട്ടെ, തൻെറ സ്നേഹിതനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരൂ." കച്ചവടക്കാരൻ കുറച്ചുനേരം ആലോചിച്ചതിനുശേഷം പറഞ്ഞു. "അയാൾക്കുവേണ്ടി വല്ലതും ചെയ്യാമോയെന്നു ഞാൻ നോക്കാം."

"അവൻ നല്ലൊരു ചെറുപ്പക്കാരനാണു്. വളരെക്കാലമായി ജോലിയില്ലാതെ അവൻ കഷ്ടപ്പെടുകയാണു്. വിശ്വസ്തതയോടുകൂടി അവൻ ജോലിയെല്ലാം ഭംഗിയായി ചെയ്യുമെന്നു എനിക്കുറപ്പുണ്ടു്."

IV

അടുത്ത ദിവസം ശ്രീധരൻ രവിയുടെ വീട്ടിലെത്തി.

"എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനു കഴിഞ്ഞോ?" അയാൾ ചോദിച്ചു.

"കുറച്ചൊക്കെ. ആദ്യം നമുക്കു അല്പം ചായ കുടിക്കാം. അനന്തരം നമുക്കു യജമാനനെ ചെന്നു കാണാം."

ശ്രീധരനു ചായ കുടിക്കുന്നതിൽ ഒരു രസവും തോന്നിയില്ല. എങ്കിലും തൻെറ ഉപകർത്താവിനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി മാത്രം അയാൾ രണ്ടു പാത്രം ചായ കഴിച്ചു. പിന്നീടു് അവർ കച്ചവടക്കാരനെ കാണുന്നതിനു പുറപ്പെട്ടു. ആ വർത്തകൻ ശ്രീധരനോടു ചോദിച്ചു, അയാൾ മുമ്പു ജോലി ചെയ്തിരുന്നതു് എവിടെയായിരുന്നുവെന്നും എന്തുമാതിരി ജോലിയാണു് അയാൾ ചെയ്തിരുന്നതെന്നും. ശ്രീധരൻെറ മറുപടി വിനയാന്വിതവും തൃപ്തികരവുമായിരുന്നു. സന്തുഷ്ടനായിത്തീർന്ന കച്ചവടക്കാരൻ ഒടുവിൽ പറഞ്ഞു, അടുത്ത ദിവസം തന്നെ ജോലിക്കു ഹാജരായിക്കൊള്ളണമെന്നു്.

അവിചാരിതമായുണ്ടായ ഭാഗ്യമോർത്തു് ശ്രീധരൻ അത്യന്തം ആനന്ദിച്ചു. അയാൾ രവിയോടുകൂടി യജമാനനു് കൃതജ്ഞത പ്രകാശിപ്പിച്ചു. എന്നിട്ടു അവർ രവിയുടെ വീട്ടിലേക്കു പോയി. രവി ശ്രീധരനോടു ഉപദേശരൂപത്തിൽ ഇങ്ങനെ പറഞ്ഞു:-

"ആവട്ടെ. ഭാഗ്യംകൊണ്ടു നിനക്കൊരു ജോലി കിട്ടി. കർത്തവ്യം ശരിയായി അനുഷ്ഠിക്കുക. എനിക്കു — അപമാനമുണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ യജമാനന്മാർ എങ്ങനെയുള്ളവരാണെന്നറിയാമോ? ഒരിക്കൽ നാമൊരു കുററം ചെയ്തുപോയാൽ, പിന്നെയവർ എപ്പോഴും ദോഷാന്വേഷികളായി നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും. നമുക്കു പിന്നെയൊരിക്കലും സ്വൈരമുണ്ടാവുകയില്ല."

"എന്നെച്ചൊല്ലി വ്യാകുലപ്പെടേണ്ട." ശ്രീധരൻ തൻെറ ദൃഢനിശ്ചയം വെളിപ്പെടുത്തി.

"വളരെ നല്ലതു്." രവി അയാളെ അനുമോദിച്ചു.

ശ്രീധരൻ യാത്ര പറഞ്ഞു പുറത്തേക്കിറങ്ങി. അയാൾ വേഗത്തിൽ പ്രധാനതോട്ടത്തിൻെറ അടുക്കലെത്തി. വിപിനൻ താമസിച്ചിരുന്ന കൊച്ചുവീടു് ആ തോട്ടത്തിനടുത്താണു് സ്ഥിതിചെയ്തിരുന്നതു്. അടുത്ത ദിവസം മുതൽ തനിക്കു ലഭിക്കുവാൻപോകുന്ന ഭവനത്തിൻെറ അന്തർഭാഗം എങ്ങനെയിരിക്കുമെന്നറിയാനുള്ള കൗതുകം അയാൾക്കു പെട്ടെന്നുണ്ടായി. ജനാലകളും വാതലുകളുമെല്ലാം അടച്ചിരുന്നതുകൊണ്ടു തൻെറ കൗതുകം അപനയിക്കുന്നതിനു് അയാൾക്കു കഴിഞ്ഞില്ല. എങ്കിലും അകത്തുണ്ടായിരുന്ന ആളുകൾ പറയുന്നതു് അയാൾക്കു വ്യക്തമായി കേൾക്കാമായിരുന്നു.

* വിദേശസാഹിത്യത്തിലെ പ്രശസ്തമായൊരു ചെറുകഥയുടെ ആശയാനുവാദം. മൂലകഥയിലെ കഥാപാത്രങ്ങളുടെ പേരുകളെല്ലാം ഇതിൽ മാററിയിട്ടുണ്ടു്.

"നാമിനി എന്തു ചെയ്യും?" നിസ്സഹായയായ ഒരു സ്ത്രീയുടെ ചോദ്യമായിരുന്നു അത്.

"എനിക്കറിഞ്ഞുകൂടാ." ഒരു പുരുഷൻ—വിപിനനായിരുന്നു അത്—പ്രതിവചിച്ചു "തെണ്ടി നടക്കേണ്ടിവരും എന്നാണ് തോന്നുന്നത്."

"അതെ; അതു മാത്രമാണ് നമുക്കു ചെയ്യാവുന്നത്." ആ സ്ത്രീ പറഞ്ഞു. "പാവപ്പെട്ട നമ്മൾ എത്ര ദയനീയമായ ജീവിതമാണ് നയിക്കുന്നത്. നാം എന്നും കുന്നും പണിയെടുക്കുന്നു, പ്രഭാതം മുതൽ അന്തിവരെ. നാം വാർദ്ധക്യത്തിലെത്തുമ്പോൾ എന്താണു സംഭവിക്കുന്നത്? "പോ പുറത്ത്" എന്നു പറഞ്ഞു അവർ നമ്മെ ആട്ടിയോടിക്കുന്നു."

"നാമിനി എന്താണ് ചെയ്യുക? യജമാനനോട് ഇതപ്പററി പറഞ്ഞതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അയാളുടെ ഗുണം മാത്രമാണ് അയാൾ പരിഗണിക്കുന്നത്."

"ഈ യജമാനന്മാരെല്ലാം നീചന്മാരാണ്. അവർക്കു അവരുടെ കാര്യത്തെപ്പററി മാത്രമേ ചിന്തയുള്ളു. അനേകം സംവത്സരങ്ങൾ നാം അവർക്കുവേണ്ടി ആത്മാർത്ഥതയോടുകൂടി അദ്ധ്വാനിക്കുന്നു. അവർക്കുവേണ്ടി നമ്മുടെ ശക്തിയെല്ലാം നാം വിനിയോഗിക്കുന്നു. പക്ഷെ അവർ ഇതൊന്നും ഓർമ്മിക്കുന്നില്ല. നമ്മുടെ യജമാനൻെറ ജോലിയെല്ലാം ചെയ്യാനുള്ള കരുത്തു നമുക്കു ഇപ്പോൾ തീർച്ചയായും ഉണ്ട്. എങ്കിലും ഒരു വർഷക്കാലത്തേക്കുകൂടി ജോലി തുടരുവാൻ ചെയ്യുവാൻ അദ്ദേഹം സമ്മതിക്കുന്നില്ല കഷ്ടം!"

"ഇക്കാര്യത്തിൽ യജമാനനെക്കാൾ കാരക്കാരൻ അദ്ദേഹത്തിൻെറ വണ്ടിക്കാരൻ രവിയാണ്."

"രവിയുടെ ഉദ്ദേശ്യം വ്യക്തമാണ്. എങ്ങനെയെങ്കിലും കൂട്ടുകാരനു ഒരു ജോലിയുണ്ടാക്കി കൊടുക്കണമെന്നാണ് അയാളുടെ ആഗ്രഹം."

"അതെ. അയാൾ ഒരു സർപ്പമാണ്. അയാൾ സേവപിടിക്കാനും ഏഷണികൂട്ടാനും വിരുതനാണ്. എടാ രവി, ദുഷ്ടമമേ, നീ കരുതിക്കോ. ഞാൻ യജമാനനോടു പറയുന്നുണ്ട്, നീ ചനായ നീ അദ്ദേഹത്തിൻെറ വസ്തുവകകൾ പിടുങ്ങാക്കം മോഷ്ടിച്ചു കൊണ്ടുപോകുന്നുണ്ടെന്ന്. ഞാൻ ഒരു ഹർജി തയ്യാറാക്കി സമർപ്പിക്കുന്നുണ്ട്. അതു വായിക്കുമ്പോൾ യജമാനനു മനസ്സിലാകും, അവൻ എത്ര ദുഷ്ടനാണെന്ന്."

"അങ്ങനെ ചെയ്യരുത്. അതു പാപമാണ്."

"പാപം! എന്താണിതിൽ പാപം? ഞാൻ പറഞ്ഞതെല്ലാം സത്യമല്ലേ? തീർച്ചയായും ഞാൻ ഇതെല്ലാം യജമാനനോടു പറയും."

"എന്തെങ്കിലും ചെയ്യുക. അതിരിക്കട്ടെ. എന്താണിനി നാം ചെയ്യുക? എവിടേക്കാണു നാം പോവുക? ആ ദുഷ്ടൻ നമ്മെ മുടിച്ചല്ലോ." ആ വൃദ്ധ വിമ്മി വിമ്മി കരഞ്ഞുതുടങ്ങി.

ശ്രീധരൻ ഈ സംഭാഷണം സശ്രദ്ധം കേട്ടു ഒരു കഠാരി കൊണ്ടു കുത്തിയാലെന്നപോലെ, അതു അയാളുടെ മനസ്സിൽ ആഴമേറിയൊരു മുറിവുളവാക്കി. വൃദ്ധരും നിസ്സഹായരുമായ ആ ദമ്പതികൾക്കു എത്ര തീവ്രമായ സങ്കടമാണ് താൻ വരുത്തിക്കൂട്ടുന്നതെന്ന് അയാൾ ഗ്രഹിച്ചു. ഈ ചിന്ത അയാളെ അത്യന്തം അസ്വസ്ഥചിത്തനാക്കിത്തീർത്തു. അയാൾ അവിടെത്തന്നെ ദുഃഖാർത്തനും ചിന്താവിഷ്ടനുമായി കുറെനേരം നിന്നു. എന്നിട്ട് ശ്രീധരൻ വണ്ടിക്കാരൻെറ വീട്ടിലേക്കുതന്നെ മടങ്ങി.

"എന്തുപററി?" രവി ചോദിച്ചു. "വല്ലതും എടുക്കാൻ നിങ്ങൾ മറന്നുപോയോ?"

"ഇല്ല, സ്നേഹിതാ" ശ്രീധരൻ ഒരുതരത്തിൽ പറഞ്ഞൊപ്പിച്ചു. "ഞാൻ വന്നതു എന്തിനെന്നോ? പറയാം, കേൾക്കു. നിങ്ങൾ എന്നെ സ്നേഹപൂർവ്വം സ്വീകരിച്ചു. എനിക്കുവേണ്ടി നിങ്ങൾ വളരെയധികം ബുദ്ധിമുട്ടി. നിങ്ങൾക്കു ഞാൻ എന്നും കടപ്പെട്ടവനാണ്. ഇവയെല്ലാം ഞാൻ നന്ദിയോടുകൂടി എന്നുമെന്നും ഓർമ്മിക്കും. പക്ഷെ, ഈ ഉദ്യോഗം എനിക്കു വേണ്ട. ഈ ജോലി എനിക്കു സ്വീകരിക്കുവാൻ വയ്യ."

"എന്തു? എന്താണ് നീ പറയുന്നതു?"

"വിശേഷിച്ചൊന്നുമല്ല. ഈ ജോലി എനിക്കു വേണ്ട എന്നു മാത്രം. വേറൊരു ജോലി ഞാൻ എങ്ങനെയെങ്കിലും തേടിപ്പിടിച്ചുകൊള്ളാം."

"എടാ മൂഢാ, എന്നെയൊരു മായനാക്കാനാണോ നീ ഇനി ശ്രമിക്കുന്നതു?" രവി കോപംവെറിപൂണ്ട് അട്ടഹസിച്ചു "വളരെ വിനീതനായി നീയിവിടെ വന്നു. "എനിക്കുവേണ്ടി ഒന്നു ദയവായി ശ്രമിക്കേണമേ" എന്നു നീ കെഞ്ചി. എന്നിട്ടിപ്പോൾ നീ വന്നു ഞെളിഞ്ഞുനിന്നു പറയുന്നു, "എനിക്കു ഉദ്യോഗം സ്വീകരിക്കാൻ നിവൃത്തിയില്ലെ"ന്ന് എടാ തെമ്മാടി, നീ എനിക്ക് അപമാനം വരുത്തിവച്ചല്ലോ. ഞാൻ യജമാനനോടു ഇനി എന്താണു പറയുക?"

ശ്രീധരൻ മറുപടിയായി ഒന്നുമേതും പറഞ്ഞില്ല. അയാൾ പതുക്കെ പുറത്തേക്കിറങ്ങി നടന്നുതുടങ്ങി. അവാച്യമായൊരു ആനന്ദമാണ് അയാൾക്കപ്പോൾ അനുഭവപ്പെട്ടതു.

## വിനോദവീഥി

കോളെജിൽ പഠിക്കുന്ന മകനെ കാണുവാൻ ചെന്ന ഗ്രാമീണവൃദ്ധൻ, മടങ്ങുന്നതിനുമുമ്പായി മകനുമൊന്നിച്ച് ഒരു ഫോട്ടോ എടുക്കുന്നതിനു സമ്മതിച്ചുകൊടുക്കേണ്ടിവന്നു.

"മകൻെറ കൈ അപ്പൻെറ കസേരയുടെ പുറകിലിരിക്കട്ടെ." ഫോട്ടോഗ്രാഫർ അഭിപ്രായപ്പെട്ടു.

"അതുവേണ്ട." അപ്പൻ തടഞ്ഞു "ഫോട്ടോ കുറേക്കൂടി സ്വാഭാവികമായിരിക്കണം. അവൻെറ കൈ എൻെറ പോക്കററിലിരിക്കട്ടെ."

* * *

ഒരു പുരാണവസ്തുഗവേഷകൻെറ ഭാര്യ സ്നേഹിതയോട്: "ഒരു സ്ത്രീക്ക് ലഭിക്കാവുന്നതിൽ ഏററവും ഉത്തമനായ ഭർത്താവ് ഒരു പുരാണവസ്തുഗവേഷകനാണ്."

"അതെന്തുകൊണ്ട്?"

"ഭാര്യക്കു പ്രായംകൂടുന്തോറും അദ്ദേഹത്തിനു അവളിൽ താല്പര്യം വർദ്ധിച്ചുവരും."

* * *

യാത്രക്കാരൻ: "സ്റ്റേഷനിലേക്ക് എന്തുതരണം?"

വണ്ടിക്കാരൻ: "എട്ടണ."

"എൻെറ ബാഗുകൂടി കൊണ്ടുപോകാനുള്ള ചാർജ്ജ് അതിൽ ഉൾപ്പെടുമോ?"

"ബാഗ് ചാർജ്ജില്ലാതെതന്നെ ഞാൻ കൊണ്ടുവന്നുകൊള്ളാം."

"എന്നാൽ അങ്ങനെയാകട്ടെ. ഞാൻ നടന്നുവന്നുകൊള്ളാം."

---

# മതവും കമ്മ്യൂണിസവും

റഷ്യയിൽ മതസ്വാതന്ത്ര്യം ഉണ്ടെന്നു സ്ഥാപിക്കുവാൻ ഇപ്പോൾ കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നുണ്ട്. അതു ശരിയല്ലെന്നും മതത്തോടുള്ള കമ്മ്യൂണിസ്റ്റുകളുടെ മനോഭാവത്തിനു് ഒരു മാററവും വന്നിട്ടില്ലെന്നും സ്ഥാപിക്കുവാൻ കമ്മ്യൂണിസവിരോധികളും ശ്രമിക്കുന്നു.

ണ്ടാമത്തെക്കൂട്ടരുടെ ഒരു പ്രസിദ്ധീകരണത്തിൽനിന്നു എടുത്ത ചില വിവരങ്ങളാണ് താഴെ ചേർക്കുന്നതു്. അതു റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിൻെറയും നേതാക്കന്മാരുടേയും മതം സംബന്ധിച്ചുള്ള നില മനസ്സിലാക്കുവാൻ സഹായകമായിരിക്കും:—

ഓരോ മതാശയവും ഓരോ ദൈവാശയവും ദൈവത്തോടുള്ള കൊഞ്ചൽപോലും ഏററവും അപകടകരമായ തരത്തിലുള്ള അവാച്യമായ നീചതയാണ്.

—ലെനിൻ

മതമല്ല മനുഷ്യനെ സൃഷ്ടിക്കുന്നതു. മനുഷ്യനാണ് മതം സൃഷ്ടിക്കുന്നതു്. മതം, ചവിട്ടിത്താഴ്ത്തിയിട്ടിരിക്കുന്ന ജീവിയുടെ നിലവിളിയാണു്. അതു മനുഷ്യൻെറ അവീൻ (കറുപ്പ്) ആണു. ജനങ്ങളുടെ വ്യാമോഹസുഖമായ മതം ഇല്ലാതാക്കേണ്ടതു് അവരുടെ യഥാർത്ഥസുഖത്തിനു ആവശ്യമാണ്.

—ലെനിൻ 1905

പാർട്ടിക്കു (കമ്മ്യൂണിസ്റ്റ്) മതത്തോടു് നിഷ്പക്ഷനില എടുക്കാൻ നിവൃത്തിയില്ല. അതു എല്ലാ മതസ്പർദ്ധകൾക്കും എതിരായി മതവിരുദ്ധപ്രചാരണം നടത്തുകതന്നെ ചെയ്യുന്നു. പിന്തിരിപ്പരായ പുരോഹിതരെ നശിപ്പിക്കാനുള്ള വഴി മതവിരുദ്ധപ്രചാരണമാണ്. —സ്റ്റാലിൻ 1927

മുതലാളിത്വത്തിൽനിന്നു ശേഷിച്ചിട്ടുള്ള പഴയ സമുദായത്തിലെ സ്പർദ്ധകളും അപകടകരമായ പഴമകളും നീക്കി ജനങ്ങളുടെ മനസ്സുകൾ ശുദ്ധമാക്കുന്നതിനുള്ള തൊഴിലാളികളുടെ കമ്മ്യൂണിസ്റ്റ് ബോധനവേലയിൽ, ശാസ്ത്രീയ - നാസ്തിക വിജ്ഞാനപ്രചരണത്തിനു വലിയ സ്ഥാനമുണ്ടു. അതു നമ്മുടെ റിപ്പബ്ലിക്കിൽ പ്രത്യേകിച്ചും പ്രധാനമാണു. മതത്തിൻെറ അവശിഷ്ടങ്ങൾ നമ്മുടെ ജനങ്ങളിൽ പ്രത്യേകിച്ചു ഗ്രാമീണരിൽ പലരുടേയും മനസ്സുകളിൽ ഇപ്പോഴും ഉണ്ട്. കെട്ടുകഥകളുടേയും പുരാണങ്ങളുടേയും ദുർവ്യാഖ്യാനങ്ങളുടേയും സമഗ്രമായ ശാസ്ത്രീയഖണ്ഡനംകൊണ്ടല്ലാതെ, മതത്തിൻെറ ചരിത്രപരവും സാമ്പത്തികവുമായ യഥാർത്ഥ അടിസ്ഥാനം വിശദമാക്കുന്നതുകൊണ്ടല്ലാതെ ജനങ്ങളുടെ സംസ്കാരവളർച്ച സാധിക്കയില്ല.

—സോവസ്റ്റാവ മോൾഡേവിയ എന്ന സോവ്യററ്പത്രം. 1953

ഈയിടെ ഒരു പോളിഷ്, ഗവമ്മെൻറ് ഉത്തരവിൽ ദൈവം എന്ന വാക്കു വർജ്ജിക്കുവാൻ പത്രങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. God (ദൈവം) എന്ന വാക്കു ഉപയോഗിച്ചാൽ തന്നെ അതിലെ G വലിയ അക്ഷരമാക്കരുതെന്നും ആവശ്യപ്പെട്ടു. ക്രിസ്തുവിനുമുമ്പ് (ബി. സി.). ക്രിസ്തുവിനുശേഷം (എ. ഡി.) ഇവകൾക്കു നമ്മുടെ വർഷം, നമ്മുടെ വർഷത്തിനുമുമ്പ് എന്നു് ഉപയോഗിക്കാനും പറഞ്ഞു.

മതം വ്യക്തികാര്യമായി പ്രഖ്യാപിക്കണം. ഈ വാക്കുകളിലാണ് സോഷ്യലിസ്റ്റുകളുടെ മതത്തോടുള്ള മനോഭാവം പതിവായിപറഞ്ഞുപോരുന്നതു്. സ്റ്റേററിനെ സംബന്ധിച്ചേടത്തോളം മതം വ്യക്തികാര്യമായിരിക്കണമെന്നു നമ്മൾ ആവശ്യപ്പെടുന്നു. എന്നാൽ പാർട്ടിയെ സംബന്ധിച്ചേടത്തോളം മതം വ്യക്തികാര്യമാക്കാൻ ഒരു സ്ഥിതിയിലും നമ്മൾ കരുതുകയില്ല. —ലെനിൻ

ബോൾഷെവിക്കുകൾ 1917-ൽ അധികാരത്തിൽ വന്ന ഉടനെ 1918 ജനുവരി 23-ലെ ഒരു കല്പനപ്രകാരം പള്ളിസ്വത്തുക്കളെല്ലാം പ്രതിഫലം കൊടുക്കാതെ പിടിച്ചെടുക്കുകയും, പള്ളികൾ പുതിയ സ്വത്ത് ഉണ്ടാക്കിക്കൂടന്നു തടയുകയും, സ്കൂളുകളിൽ മതപ്രബോധനം നിരോധിക്കയും ചെയ്തു.

1918 ലെ R. S. F. S. R. കോൺസ്റ്റിററ്യൂഷൻ 65-ാം വകുപ്പുപ്രകാരം പുരോഹിതന്മാർക്കും പട്ടക്കാർക്കും വോട്ടില്ലാതാക്കി. അവർക്കു റേഷൻകാർഡ് കൊടുക്കാതിരിക്കയോ കൊടുത്താൽ ഏററവും താണയിനത്തിൽ കൊടുക്കയോ ചെയ്തു. അവരെ ട്രേഡ്യൂണിയനുകളിൽ ചേർത്തില്ല. അവർക്കു വാടകയും കരവും അധികമാക്കി. അവരുടെ മക്കൾക്കു സെക്കണ്ടറി വിദ്യാലയങ്ങളിൽ പ്രവേശനം കൊടുത്തില്ല.

1917 ഡിസംബർ 18-ലെ ഒരു കല്പനപ്രകാരം പള്ളികളിലെ വിവാഹങ്ങൾക്കും മോചനങ്ങൾക്കും നിയമസാധുതം ഇല്ലാതാക്കി. 1921 ജൂൺ 13-ലെ കല്പനപ്രകാരം 18 വയസ്സിനു താഴെയുള്ള കുട്ടികളെ മതം പഠിപ്പിച്ചുകൂടെന്നു വിലക്കി.

1922-ൽ മോസ്കോവിൽ നാസ്തികൻ (എത്സ്റ്റ്) എന്ന പേരിൽ ഒരു പബ്ലിഷിങ്ങ് ഹൗസ് സ്ഥാപിച്ചു. ഒരു മതവിരുദ്ധസെമിനാരി സ്ഥാപിച്ചു. ക്രിസ്തുമസ് വിരുദ്ധകാർണിവൽ തുടങ്ങുകയും ചെയ്തു.

1924 ഫെബ്രുവരി 7-ാംനു- സമരക്കാരായ നാസ്തികരുടെ ലീഗ് സ്ഥാപിച്ചു 1928 ഏപ്രിൽ 13-ാംനുയിലെ പ്രവദയുടെ വിവരണപ്രകാരം ഈ ലീഗിൻെറ കൃത്യം മതം വേലക്കാരൻെറ ശത്രുവാണെന്നും, എല്ലാം പ്രകൃതിശാസ്ത്രംകൊണ്ടു് വ്യാഖ്യാനിക്കാമെന്നും, മതവിശ്വാസം രാഷ്ട്രത്തോടുള്ള ഒരുതരം കുറ്റകരമാണെന്നും കാണിക്കുകയാണ്.

1929-ൽ ആയിരക്കണക്കിനു പള്ളികൾ നിർബന്ധിച്ച് അടപ്പിക്കുന്ന പ്രസ്ഥാനം തുടങ്ങി പള്ളിക്കെട്ടിടങ്ങൾ നശിപ്പിക്കയോ. ധാന്യപ്പുരകളോ, സ്കൂളുകളോ, നാടകശാലകളോ, ചായനങ്ങളോ ആക്കുകയോ ചെയ്തു അനേകശത പുരോഹിതരെ അറസ്റ്റുചെയ്തു നാടുകടത്തുകയോ വധിക്കയോ ചെയ്തു.

1929 ഏപ്രിൽ 8-ാംനുയിലെ ഒരു കല്പനപ്രകാരം സ്റ്റേററുവകയോ സ്വകാര്യവകയോ ആയ വിദ്യാലയങ്ങളിൽ ഒരുതരം മതപ്രബോധനവും പാടില്ലെന്നാക്കി. പള്ളികളിൽ പിരിവുകൾ തടഞ്ഞ് പട്ടക്കാർക്കു ഉപജീവനമാർഗ്ഗം ഇല്ലാതാക്കി.

ക്രിസ്ത്യൻമതങ്ങൾ മാത്രമല്ല, യൂദമതവും ഇസ്ലാമും സംബന്ധിച്ചും മേല്പറഞ്ഞ നടപടികൾ നടത്തി.

ഈ നയം ഒരു പത്തുവർഷം ശക്തിയായി നിന്നു. അതു 1937-ൽ മൂർദ്ധന്യത്തിലെത്തി.

1939 ജനുവരിയിൽ ആഭ്യന്തരകാര്യകമ്മിസർ യേഷോവിനെ ഡിസ്മിസ് ചെയ്തതോടെ ഈ മതമർദ്ദനവും പെട്ടെന്നു നിന്നു. ഈ കാലത്തു് ആൻറിറിലിജിയനിസ്റ്റിക് എന്ന പത്രം ഇങ്ങനെ പറഞ്ഞു:

"മത തന്നെ പിന്തിരിപ്പനാകകൊണ്ടു് മതസംബന്ധിച്ച എല്ലാം പിന്തിരിപ്പനാകാതെ തരമില്ല എന്നു വിചാരിക്കുന്നതു തെററായിരിക്കും. റഷ്യയെ ക്രിസ്ത്യനാക്കിയതു ഒരു പിന്തിരിപ്പൻ നടപടിയാണെന്നു വിചാരിക്കുന്നതു പ്രത്യേകിച്ചും തെററാണ്. നമ്മുടെ മതവിരുദ്ധപ്രവർത്തനങ്ങളിൽ നിർഭാഗ്യവശാൽ അങ്ങനെ പറഞ്ഞുപോയിട്ടുണ്ട്."

മേൽപ്പറഞ്ഞ പത്രത്തിൻെറ അതേ ലക്കത്തിൽത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടണിയിലാണ് സമരം നടത്തിയതെന്നു് പറഞ്ഞിരിക്കുന്നു. മതം പൗരൻെറ വ്യക്തികാര്യമാണെന്നു കരുതുന്നവരോടും മതത്തിൻെറ പ്രാധാന്യം അതിശയോക്തിപ്പെടുത്തി അതിനെ ഭരണനടപടി കൊണ്ടു് ഉടനെ നശിപ്പിക്കണമെന്നു വാദിക്കുന്നവരോടും.

മതം നശിപ്പിക്കാൻ സാധിക്കയില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടായിരിക്കണം പെട്ടെന്നുള്ള ഈ നയംമാററം ഉണ്ടായതു്. 20 കൊല്ലത്തെ മതവിരുദ്ധപ്രചരണത്തിനു ശേഷവും നഗരങ്ങളിൽ മൂന്നിലൊന്നും ഗ്രാമങ്ങളിൽ മൂന്നിൽ രണ്ടും ഭാഗം ജനങ്ങൾ മതവിശ്വാസികളായിത്തന്നെയിരിക്കയാണെന്നു നാസ്തികലീഗിൻെറ തലവനായ യറൊസ്ലാവ്സ്കി 1937-ൽ സമ്മതിക്കുകയുണ്ടായി. നയംമാററത്തിനുള്ള പ്രധാനകാരണം ജർമ്മൻയുദ്ധം അടുത്തിരിക്കുന്നതുകൊണ്ടു് എല്ലാ ജനങ്ങളുടേയും സഹകരണം ആവശ്യമാണെന്നു കണ്ടതുമാണ്. 1941 ജൂണിൽ യുദ്ധം തുടങ്ങിയപ്പോൾ ഗവമ്മെൻറ് മതവിരുദ്ധപ്രചരണം മുഴുവൻ നിറുത്തി. മതത്തിനും പുരോഹിതന്മാർക്കും അനുകൂലമായ പ്രസിദ്ധീകരണം പത്രങ്ങൾ നൽകി.

1945-ൽ മതത്തോടുള്ള എതിരു വീണ്ടും തുടങ്ങി. ബഹുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കണമെന്നും പ്രകൃതിശാസ്ത്രങ്ങളെപ്പററിയുള്ള പ്രസംഗങ്ങൾ നടത്തണമെന്നും എല്ലാ അന്ധവിശ്വാസങ്ങളും സ്പർദ്ധകളും തുറന്നുകാട്ടണമെന്നും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സെൻട്രൽ കമ്മിററി ആവശ്യപ്പെട്ടതോടുകൂടിയാണ് ഈ എതിരു തുടങ്ങിയതു. ഈ പുതിയ നയത്തെ കാണിക്കുന്ന ചില പത്രാഭിപ്രായങ്ങൾ താഴെ ചേർക്കാം.

"യുവകമ്മ്യൂണിസ്റ്റുകൾ ഉത്തമബോദ്ധ്യമുള്ള നാസ്തികരും അന്ധവിശ്വാസവിരോധികളും ആയാൽ പോരാ. അവർ അന്ധവിശ്വാസങ്ങളും സ്പർദ്ധകളും യുവജനങ്ങളുടെ ഇടയിൽ പരക്കുന്നതിനെ തടയാൻ പ്രവർത്തിക്കുന്നവരുമായിരിക്കണം." (കാംസോമോൾസ്കായപ്രവ്ഡ 1947)

"മതവിശ്വാസങ്ങളിൽ നിന്നു സ്വതന്ത്രനായല്ലാതെ ഒരു യുവാവിനു ഒരു യുവകമ്മ്യൂണിസ്റ്റാകാൻ സാധിക്കയില്ല." (കാംസോമോൾസ്കാവ പ്രവ്ഡ 1947)

ക്രെംലിൻ അതിൻെറ ദേശീയോദ്ദേശങ്ങൾ നടത്താൻ യുവകമ്മ്യൂണിസ്റ്റിനെ ആശ്രയിക്കുന്നു. അവൻ ദൈവത്തിൽ വിശ്വസിക്കുന്നു എങ്കിൽ അവൻ അവൻെറ കടമകൾ നടത്തുകയില്ല. ഒരു കമ്മ്യൂണിസ്റ്റ് യുവാവ് ദൈവത്തിൽ വിശ്വസിക്കുകയും പള്ളിയിൽ പോകുകയും ചെയ്താൽ അവൻ അവൻെറ കടമകൾ നിറവേററുകയില്ല. അവൻെറ മതാന്ധവിശ്വാസങ്ങൾ മാറിയിട്ടില്ലെന്നും അവൻ തികച്ചും ബോധവാനായിട്ടില്ലെന്നുമാണ്"

(ശേഷം 8-ാംപേജിൽ)

ആരോഗ്യപംക്തി

# വൈറസ് (VIRUS)

(ടി. എ. ആൻറണി ബി. എസ് സി.)

അഭിനവ പരിഷ്കാര പാരമ്യത്തിനൊപ്പംതന്നെ ദീനങ്ങളും അധികമധികമായിക്കൊണ്ടിരിക്കുന്ന ഈ നൂററാണ്ടിൽ വൈറസിനേയും വൈറസു് സുഖക്കേടുകളേയുംപററി കേൾക്കാത്തവർ വളരെ ചുരുക്കമായിരിക്കും. പകർച്ചവ്യാധികൾ മനുഷ്യരെ എപ്പോഴും ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ബാക്ടീരിയോളജിസ്റ്റുമാർ പറയുന്നതുപോലെ, ജീവനുള്ള വസ്തുക്കളുടെ മുമ്പാകെ വലിയൊരു ചോദ്യചിഹ്നമാണു് പകർച്ചവ്യാധികളുടെ വാഹകരായ വൈറസുകൾ.

ലൂയിസു് പാസ്ചറുടേയും കോഷിൻേറയും (Koch) വരവോടുകൂടിയാണു് ലോകം പകർച്ചവ്യാധികളെക്കുറിച്ചു് ശാസ്ത്രീയമായി പഠിക്കുവാൻ തുടങ്ങിയതു്. ഈ ശാസ്ത്രജ്ഞന്മാർ സുഖക്കേടുകളുടെ—പ്രത്യേകിച്ചു പകർച്ചവ്യാധികളുടെ—മൂലകാരണങ്ങൾ ആരാഞ്ഞു. ഭൂതക്കണ്ണാടിയുടെ സഹായം സുകരമായി. മനുഷ്യചക്ഷുസ്സുകൾക്കു് അദൃശ്യമായിരുന്ന കോടാനുകോടി "മൈക്രോ ഓർഗനിസങ്ങളെ" പാസ്ചർ ലോകത്തിനു കാണിച്ചുകൊടുത്തു. നഗ്നനേത്രങ്ങൾകൊണ്ടു് കാണുവാൻ കഴിയാത്ത ചെറുജീവികളാണു "മൈക്രോ ഓർഗനിസങ്ങൾ". പ്രോട്ടോസോവ (Protozoa), ഫംഗസ്സു് (Fungus), ബാക്ടീരിയ എന്നിവയെല്ലാം ഇക്കൂട്ടത്തിൽപെട്ടവയാണു്. അർശ്ശസ്സിൻേറയും (Amoebic Dysentery) മലമ്പനിയുടേയും കാരണക്കാർ "പ്രോട്ടോസോവ"യാകുന്നു. ഒരുതരം "ഫംഗസ്സു്" ചെടിയിൽ നിന്നാണു് കുട്ടികൾക്കുണ്ടാവുന്ന "പുഴുക്കടി" എന്ന സുഖക്കേടു വരുന്നതു്. ബാക്ടീരിയയേയും അവയുണ്ടാക്കുന്ന സുഖക്കേടുകളേയും പററി എഴുതുവാൻ തുടങ്ങിയാൽ അവസാനമില്ല. ക്ഷയം, ടൈഫോയിഡു്, പ്ലേഗു് തുടങ്ങിയവയെല്ലാം ബാക്ടീരിയയുടെ കുത്തകയാണു്. അവയാണു് ഈ സുഖക്കേടുകൾക്കെല്ലാം ഹേതുഭൂതം.

ഗവേഷണത്തിൻെറ ത്വരിതഗമനത്തിൽ ലോകം പലതും കണ്ടുപിടിച്ചു. അതിലൊന്നാണു് "ഇലക്ട്രോൺ മൈക്രോസ്കോപ്പു്." അമ്പതിനായിരം മുതൽ നൂറായിരം ഇരട്ടിവരെ വലിപ്പത്തിൽ ഒരു സാധനത്തെ കാണിക്കുവാൻ കഴിവുള്ള ഒരത്ഭുതസൂക്ഷ്മദർശിനിയാണിതു്. പത്തൊമ്പതാം ശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിൽ (1892) ഇലക്ട്രോൺ മൈക്രോസ്കോപ്പിൻെറ സഹായത്തോടുകൂടി വൈറസ് കണ്ടുപിടിക്കപ്പെട്ടു. "നഗ്നമായ കണ്ണുകൾകൊണ്ടോ, സാധാരണ സൂക്ഷ്മദർശിനി (Compound microscope)യിൽക്കൂടിയോ കാണുവാൻ കഴിയാത്ത ചില സാധനങ്ങൾ (certain bodies)" എന്നാണു് വൈറസുകളെപ്പററി ബാക്ടീരിയോളജിസ്റ്റുമാർ പറയുന്നതു്. അതെ, അവ സാധാരണ സൂക്ഷ്മദർശിനിയുടെ പരിമാണത്തിൽനിന്നും അതീതമാകുന്നു (Ultra-microscopic). വിശകലനം ചെയ്തു പഠിക്കുന്നതിനായി വൈറസുകളെ കൃത്രിമമായി വളർത്തുവാൻ ശാസ്ത്രജ്ഞന്മാർ നിരന്തര പരിശ്രമങ്ങൾ ചെയ്തു. ഇന്നും അതു് പരിപൂർണ്ണവിജയത്തിൽ എത്തിയിട്ടില്ല. ജീവനുള്ള ഒരു അറയുടെ (cell) ഉള്ളിൽ മാത്രമേ അവയ്ക്കു് വളരുവാനും വർദ്ധിക്കുവാനും കഴികയുള്ളു.

ഈ വൈറസുകൾ എല്ലാംതന്നെ സുഖക്കേടുകളുണ്ടാക്കുന്നതു്. സസ്യങ്ങൾക്കോ ജന്തുക്കൾക്കോ ഗുണംചെയ്യുന്ന ഒന്നിനേയും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. മനുഷ്യരേയും, മൃഗങ്ങളേയും, സസ്യങ്ങളേയും എന്നു വേണ്ട ജീവനുള്ള എല്ലാവസ്തുക്കളേയും അവ പിടികൂടുന്നു. കുളമ്പുകേടോ വായ്പുണ്ണോ ഉള്ള ഒരു പശുവിൻെറ രക്തദ്രവ്യം (Blood Serum) എടുത്തു് ഒന്നും പൂശാത്തതായ ഒരു പോർസ്‌ലെയിൻ അരിപ്പയിൽക്കൂടി അരിച്ചുകിട്ടുന്ന സാധനം ആരോഗ്യമുള്ള ഒരു പശുവിനു് കുത്തിവെച്ചാൽ ഉടനെ സുഖക്കേടുണ്ടാവുന്നു. അങ്ങനെ നോക്കുമ്പോൾ അദൃശ്യങ്ങളായ പല വസ്തുക്കൾക്കും വളരുവാനും പെരുകുവാനും പകർച്ചവ്യാധികളുണ്ടാക്കുവാനും കഴിയുമെന്നു കാണാം.

കാലാന്തരത്തിൽ വൈറസുകളെ വിശകലനം ചെയ്തു പഠിക്കുവാൻ കഴിഞ്ഞു. അവയുടെ വിവിധരൂപങ്ങൾ കണ്ടു് പ്രകൃതിശാസ്ത്രജ്ഞന്മാർ അത്ഭുതപ്പെട്ടു. ഉരുണ്ടും, നീണ്ടും, ചതുരത്തിലും, മററു പല രൂപത്തിലും വൈറസുകൾ ഉണ്ടു്. 1937-ൽ "എക്സ്റെ" പരീക്ഷണത്തോടുകൂടി വിശകലനം ചെയ്തു നോക്കിയപ്പോൾ ഗവേഷകന്മാരുടെ അത്ഭുതം സീമാതീതമായി. അണുക്കൾ വളരെ ഭദ്രമായും ശരിയായും ഞെങ്ങിഞെരുങ്ങിയിരിക്കുന്നതുകൊണ്ടു് അവയുടെ പ്രവർത്തനം (metabolic activity) വളരെ പ്രയാസമേറിയ രൂപത്തിലാണെന്നു് കാണുന്നു. അപ്പോൾ വൈറസുകളെപ്പററിയുള്ള പ്രശ്നങ്ങൾ പിന്നെയും പൊന്തിവരുന്നു. അവ ജീവനുള്ള വസ്തുക്കളാണോ? ആണെങ്കിൽ, ഏതു തരത്തിൽപ്പെട്ടവയാണു്? ജന്തുവോ, സസ്യമോ, ബാക്ടീരിയയോ, അതോ വേറെ വല്ലതുമാകുമോ?

വൈറസുകൾ ജീവനുള്ള വസ്തുക്കളാണു്; സംശയമില്ല. അവയ്ക്കു് വളരുവാനും പെരുകുവാനും കഴിയും. "ന്യൂക്ലിയോ പ്രോട്ടീൻസ്" (Nucleo proteins) അടങ്ങിയതും വിശകലനം ചെയ്യപ്പെടുവാൻ കഴിയാത്തതുമായ ഒരു അവസ്ഥാവിശേഷത്തോടുകൂടിയാണു അവ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. ജീവനുള്ള എന്തിൻെറ ഉള്ളിലും പരാശ്രയമായി, ഒരു "ഇത്തിക്കണ്ണി" (Parasite) യെപ്പോലെ അവ ജീവിക്കുന്നു. പരിണാമസിദ്ധാന്തക്കാരായ ചില പ്രകൃതിശാസ്ത്രജ്ഞന്മാർ കുറച്ചുകാലത്തേക്കു് ഇവയെ തെററിദ്ധരിച്ചിരുന്നു. അവരുടെ ദൃഷ്ടിയിൽ ജീവൻെറ ആവിർഭാവംപോലും വൈറസുകളിൽക്കൂടിയായിരുന്നുവത്രെ. അങ്ങനെ നാസ്തിയിൽനിന്നു് ആസ്തിയിലേക്കു്, ജീവനുള്ളവയേയും ജീവനില്ലാത്തവയേയും കൂട്ടിയിണക്കുവാൻ പററിയ മാഞ്ഞുകിടന്നിരുന്ന ഒരു പാലമായിട്ടു് വൈറസുകളെ വ്യാഖ്യാനിച്ചു. ആ തെററിദ്ധാരണകളെല്ലാം ഇപ്പോൾ നീങ്ങിയിട്ടുണ്ടു്. ഇന്നു് വൈറസു് എന്നു പറഞ്ഞാൽ ഒരുതരം "പരാശ്രയജീവികളാ"കുന്നു (Parasitic form of life). ഗോചരങ്ങളായിരുന്ന ചെറിയ പ്രാണികളിൽനിന്നു് കീഴോട്ടിറങ്ങിവന്നിട്ടുള്ള "ഏകാംഗജീവികൾ" (Unicellular organisms) യുഗാന്തരങ്ങളായിട്ടുള്ള അധോഗമനപരമായ പരിണാമംകൊണ്ടു് മാററഭേദം ബാധിച്ചു് സർവ്വരൂപങ്ങളും മാറിയിട്ടുള്ള ഒരുതരം "ഇത്തിക്കണ്ണികൾ" (Parasites).

## സസ്യങ്ങളുടെ കേടുകൾ

പുകയിലച്ചെടികൾക്കുണ്ടാവുന്ന സാധാരണകേടിൽ (tobacco mosaic) നിന്നാണു് വൈറസിനെപ്പററി കൂടുതൽ അറിയുവാൻ കഴിയുന്നതു്. പല ചെടികളുടേയും ഉന്മൂലനത്തിനു് കാരണക്കാർ വൈറസുകളാകുന്നു. സസ്യങ്ങളേയും സസ്യശാസ്ത്രജ്ഞന്മാരേയും ഭയപ്പെടുത്തുന്നവിധത്തിലാണു് പടുകൂററൻ വൃക്ഷങ്ങളെപ്പോലും അവ നശിപ്പിച്ചുകളയുന്നതു്. കല്പവൃക്ഷമായ തെങ്ങു് "ചോരതുപ്പി" ഉണങ്ങിപ്പോകുന്നു. "ഒന്നര കോടി തെങ്ങുകൾ വൈറസുകൊണ്ടുള്ള പകർച്ചവ്യാധി ബാധിച്ചു് ഈ അടുത്തകാലത്തു് നശിച്ചുപോയിട്ടുണ്ടു്" എന്നു് സസ്യശാസ്ത്രഗവേഷകന്മാർ പറയുമ്പോൾ സാധുകർഷകൻ നടുങ്ങുകയാണു്. ഇതുപോലെ മററനേകം ഫലവത്തായ സസ്യങ്ങൾ വൈറസിൻെറ ആക്രമണത്തിൽപ്പെട്ടു് ദിനംപ്രതി വേരറുക്കപ്പെടുന്നുണ്ടു്. "ഉരുളൻ കിഴങ്ങും വൈറസും" ഐർലണ്ടുകാർക്കു് മറക്കുവാൻ കഴികയില്ല. 18-ാം ശതാബ്ദത്തിലെ ഉരുളൻകിഴങ്ങിൻ ക്ഷാമം "Phytophthora" എന്ന "ഫംഗസി"ൻേറയും വൈറസുകളുടേയും അതിരുവിട്ട ആക്രമണങ്ങളുടെ ദുരന്തഫലമായിരുന്നു. ഇന്നും ഗണ്യമായ ഒരു ശതമാനം ഉരുളൻകിഴങ്ങുചെടികൾ വൈറസുകൾ നശിപ്പിക്കുന്നുണ്ടു്. തന്മൂലം ലോകത്തിലെ ഉരുളൻകിഴങ്ങുല്പാദനം ഗതികെട്ടതായി പരിണമിച്ചിരിക്കുന്നു.

നിത്യജീവിതത്തിൽ നിന്നു് മാററിനിറുത്തുവാൻ കഴിയാത്ത ഒരു സർവ്വവ്യാപിയാണു് വൈറസു്. ജലദോഷത്തിൻേറയും ഇൻഫ്ളുവൻസയുടേയും വാഹകർ വൈറസുകളാകുന്നു. ഇവ സിനിമാശാലകൾ, പൊതുയോഗസ്ഥലങ്ങൾ, പ്ലേഗ്രൗണ്ടുകൾ, തീവണ്ടിമുറികൾ എന്നുവേണ്ട, ജനങ്ങൾ കൂടുന്ന എവിടേയും സുലഭമായി സഞ്ചരിക്കുന്നുണ്ടു്. മൂക്കുചീററൽ, തുപ്പൽ എന്നിവയിൽക്കൂടി അവ രോഗിയായ മനുഷ്യനിൽനിന്നും പുറത്തുവരുന്നു. തുപ്പൽ ഉണങ്ങി പൊടിയിൽ ചേർന്നു് കാററത്താണു് ഇവ എളുപ്പത്തിൽ എല്ലായിടത്തും എത്തുന്നതു്. അതുകൊണ്ടാണു് വെളിയിൽ തുപ്പുന്നതിനും ചീററുന്നതിനും എതിരായി പാശ്ചാത്യരാജ്യങ്ങളിൽ ചില പ്രക്ഷോഭണങ്ങൾതന്നെ തുടങ്ങിയിട്ടുള്ളതും. "ചുമയും, തുപ്പലും, മൂക്കുചീററലും സുഖക്കേടുകൾ ഉണ്ടാക്കുന്നു. അതുകൊണ്ടു് ദയവായി വെളിയിൽ തുപ്പരുതു്, ചീററരുതു്" എന്നുള്ള പരസ്യങ്ങളും ബോർഡുകളും പാശ്ചാത്യരാജ്യങ്ങളിൽ എവിടേയും കാണാം.

## സുഖക്കേടുകൾ

"പൊഹാതു്" എന്ന പകർച്ചവ്യാധിയുടെ കാരണക്കാരൻ വൈറസാകുന്നു (Chickenpox-Virus). "പരോട്ടിഡ്ഗ്ലാൻസു്" (Parotid glands) വീർത്തു് വളരെയധികം വേദനയുണ്ടാക്കുന്നതായ Mumps (ഗ്രന്ഥി) ഉണ്ടാവുന്നതും വൈറസിൽക്കൂടിയാണു്. തുപ്പലിൽ തട്ടിവരുന്ന നനഞ്ഞ വായുവാണു് ഗ്രന്ഥി (Mumps) യെ പരത്തുന്നതെങ്കിൽ കൊതുകാണു് മഞ്ഞപ്പനി വൈറസിൻെറ വാഹകൻ. പേപ്പട്ടിവിഷം അഥവാ പേ ഇളകി മരിക്കുന്നതിനെക്കുറിച്ചു് കേൾക്കുമ്പോൾ മനുഷ്യൻ നടുങ്ങുന്നു. ഭയങ്കരമായ ഈ പകർച്ചവ്യാധി പേപ്പട്ടികളുടെ വായിൽക്കൂടി മനുഷ്യശരീരത്തിൽ പ്രവേശിക്കുന്ന "റാബീസ്സു് വൈറസി"ൽ (Rabies Virus) നിന്നാണുണ്ടാകുന്നതു്. മനുഷ്യസ്നേഹിയായ ലൂയിസു് പാസ്ചർ ഈ മഹാരോഗത്തിനു് പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ടു്. പത്തുപന്ത്രണ്ടു വയസ്സിനിടയ്ക്കു് പിള്ളവാതം പിടിപെട്ടു് അവയവങ്ങളുടെ ശക്തി ക്ഷയിച്ചു് നിരവധി കുട്ടികൾ ദിനംപ്രതി മരിച്ചുകൊണ്ടിരുന്ന ഒരു കാലം ഇൻഡ്യയിലുണ്ടായിരുന്നു. ലോകാരോഗ്യസംഘടനയുടെ പ്രത്യേകസഹായവും പ്രവർത്തനവുംമൂലം ഈ സുഖക്കേടിൻെറ വൈറസിനെ തടുക്കുവാൻ ഇന്നു് വളരെയധികം കഴിഞ്ഞിട്ടുണ്ടു്. "കൃത്രിമശ്വാസകോശങ്ങൾ" (Iron Lungs) യഥാസമയത്തു് ആസ്പത്രികളിൽക്കൂടി വിതരണം ചെയ്യുവാൻ കഴിഞ്ഞതുകൊണ്ടു് W. H. O ൻെറ പ്രവർത്തനം ഇൻഡ്യയിൽ ഫലം കാണിച്ചു എന്നു പറയാം.

വിസ്തൃതമായ ജീവശാസ്ത്രപ്രപഞ്ചത്തിൽ വൈറസുകളെപ്പററി ഇന്നും നിരവധി സംശയങ്ങൾ മുഴച്ചുനില്പുണ്ടു്. അർബ്ബുദ (Cancer) വ്യാധിപോലും വൈറസിൽനിന്നാണത്രെ ഉണ്ടാകുന്നതു്. നൂതനസൂക്ഷ്മദർശിനികളുടെ സഹായത്തോടുകൂടി ഗവേഷണങ്ങൾ നടത്തി വൈറസുകളുടെ രൂപവും ഘടനയും മനസ്സിലാക്കുകയാണെങ്കിൽ, എന്തെല്ലാം പദാർത്ഥങ്ങളെക്കൊണ്ടാണു് അവയുണ്ടാക്കിയിട്ടുള്ളതെന്നു് സമ്യക്കായറിയുകയാണെങ്കിൽ, ഇന്നുള്ള സംശയങ്ങൾക്കെല്ലാം എളുപ്പത്തിൽ ഉത്തരങ്ങൾ കണ്ടുപിടിച്ചു് നിരവധി പകർച്ചവ്യാധികൾക്കു് ഔഷധങ്ങൾ ഉണ്ടാക്കുവാൻ കഴിയും. അടുത്ത ഭാവിയിൽ അതും സാധിതപ്രായമാകുമെന്നു് നമുക്കാശിക്കാം.

——

## അമേരിക്കൻ വധുവിൻെറ അനുകരണീയസമ്പ്രദായം

വിവാഹകർമ്മം കഴിഞ്ഞാലുടൻ വധു ദൈവജനനിയുടെ പീഠത്തിങ്കൽ ചെന്നു്, ഒരു പുഷ്പമാല്യം മാതാവിനു സമർപ്പിക്കുന്ന മുറ അമേരിക്കൻ കത്തോലിക്കരുടെയിടയിൽ സർവ്വസാധാരണമാണു്. വിവാഹജീവിതകാലം മുഴുവൻ തങ്ങളെ സംരക്ഷിച്ചുകൊള്ളണമെന്നു പരിശുദ്ധ കന്യകയോടു പ്രാർത്ഥിക്കയും ചെയ്യുന്നു. അയർലണ്ടു കത്തോലിക്കാരാജ്യമാണെങ്കിലും ഈ മുറ അത്രതന്നെ അവിടെ നടപ്പിൽ വന്നിട്ടില്ല. എങ്കിലും ആൻ ബ്ളീത്തു് എന്ന പ്രസിദ്ധ സിനിമാതാരം ഈയിടെ ഡബ്ളിനിൽ വച്ചു വിവാഹം ചെയ്യപ്പെട്ടപ്പോൾ, വിവാഹകുർബാന കഴിഞ്ഞയുടനെ അവൾ സ്വസ്ഥാനത്തുനിന്നെഴുന്നേററു ചെന്നു അനുകരണീയമായ ഈ ഭക്തമുറ അനുഷ്ഠിക്കയുണ്ടായി.

## മെത്രാന്മാരെയും വൈദികരെയും പുറകേ പുറകേ തടവിലടയ്ക്കുന്നു

പോളണ്ടിലെ കമ്മ്യൂണിസ്റ്റു് ഭരണാധികാരികളുടെ ഭീകരത ഒന്നിനൊന്നു വർദ്ധിച്ചുവരികയാണു്. രണ്ടര കൊല്ലമായി വിസ്താരത്തിൽ വച്ചിരുന്ന കീൽസിലെ കാക്ക്സമാരെക്കു് മെത്രാനെ 12 കൊല്ലത്തെ തടവുശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു. അദ്ദേഹത്തോടൊന്നിച്ചു വിസ്തരിക്കപ്പെട്ട മൂന്നു വൈദികർക്കു് പത്തും, ഒൻപതും, ആറും വീതം കൊല്ലത്തെ തടവും, ഒരു കന്യാസ്ത്രീക്കു അഞ്ചുകൊല്ലം തടവുമാണു വിധിച്ചിരിക്കുന്നതു്. കമ്മ്യൂണിസ്റ്റു് ഗവർമ്മെൻറിനെ തകിടം മറിക്കുന്നതിനു് വത്തിക്കാനും അമേരിക്കൻ അംബാസിഡറും മാറുമായി കൂട്ടുകെട്ടുകൾ നടത്തി എന്നുള്ളതാണു പ്രധാനാരോപണം! 1939-ൽ ഹിററ്ലറുമായി ഗൂഢാലോചന നടത്തി പോളണ്ടിനെ അധഃപതിപ്പിക്കാൻ ശ്രമിച്ചു എന്നുള്ളതുവരെ ആരോപണങ്ങൾ വ്യാപിച്ചിരുന്നു. "ഒസ്സെർവത്തോരെ" പത്രം ഈ വിസ്താരത്തേയും കുററാരോപണങ്ങളേയുംപററി പറയുന്നു: "കത്തോലിക്കാസഭയെ അവഹേളിക്കുന്നതിനുള്ള വേറൊരു കമ്മ്യൂണിസ്റ്റു് ശ്രമം എന്നേ പറയാനുള്ളൂ. വിസ്താരത്തിനു നിരവധി കാരണങ്ങൾ അവർ എടുത്തു കാണിക്കുന്നുണ്ടു്. എന്നാൽ എല്ലാത്തിൻെറയും പരമോദ്ദേശം ഒന്നുതന്നെ. മാർക്സിൻെറയും ലനിൻെറയും നിർദ്ദേശങ്ങളനുസരിച്ചു കത്തോലിക്കാസഭയെ ഉന്മൂലനാശം ചെയ്യണമെന്നുള്ളതുതന്നെ. അതിലേക്കു് അഭൂതപൂർവ്വമായ മർദ്ദനങ്ങൾ നടത്തുന്നു. വല്ലതും കാരണം അതിനായി പൊക്കിക്കാണിക്കാൻ ശ്രമിക്കയാകുന്നു."

## യൂഗോസ്ലാവിയായിലെ മതസ്വാതന്ത്ര്യലക്ഷണങ്ങൾ

ടീറേറായുടെ ഗവർമ്മെണ്ടിൻെറ മതനിഷ്പക്ഷതയെ കീർത്തിക്കുന്ന ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാർ ഇന്നും കുറവല്ല. എന്നാൽ അനുഭവങ്ങൾ നേരെ മറിച്ചാണെന്നു മാത്രം. ഏതാനും ആഴ്ചകൾക്കു മുമ്പു് എൺപതു വയസ്സുള്ള ബുദനോവിച്ചു് മെത്രാൻ അവിടെ അപ്രത്യക്ഷനായി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു വഴിയരികിൽ കിടക്കുന്നതായി കാണപ്പെട്ടു. ദേഹത്തു പല മുറിവുകളുണ്ടായിരുന്നു. പേരിനു മാത്രം വസ്ത്രമേ ഉണ്ടായിരുന്നുള്ളു. കണ്ണടപോലും തകർത്തു കളഞ്ഞിരുന്നു. ദുബ്രോവിനിക്കു് കത്തീഡ്രൽ വികാരിയായ ഫാദർ പോൾ പോസ്സം എന്ന ദേഹത്തെ ഏതാനും കമ്മ്യൂണിസ്റ്റു് യുവാക്കന്മാർ ചേർന്നു പിടിച്ചു കടലിലെറിഞ്ഞുകളഞ്ഞു. അമേരിക്കരായ ഏതാനും സഞ്ചാരികൾ അതിൻെറ പടമെടുത്തു. ടീറേറാപോലീസ് അതു പിടിച്ചു വാങ്ങി നശിപ്പിച്ചു.

## യൂണിവേഴ്സ് പത്രത്തിൻെറ അത്ഭുതാവഹമായ പുരോഗമനം

ലണ്ടനിലെ യൂണിവേഴ്സ് പത്രം കുറേ കാലങ്ങളായി പ്രതിദിനമെന്നോണം പുരോഗമിച്ചുകൊണ്ടിരിക്കയാണു്. രണ്ടു ലക്ഷത്തോടടുത്തു വരിക്കാർ ഇപ്പോൾ ആ പ്രതിവാരികപ്പത്രത്തിനുണ്ടു്. ഈ ഒക്ടോബർ മുതൽ അതിൻെറ സ്കോട്ടിഷ് പതിപ്പു വീണ്ടും ആരംഭിച്ചിരിക്കുന്നു. യുദ്ധത്തിനു മുമ്പു് അങ്ങനെയൊരു പതിപ്പു് വളരെ പ്രചാരത്തിലിരുന്നതാണു്. യുദ്ധകാലാനന്തരമുണ്ടായ കടലാസുനിയന്ത്രണംനിമിത്തം അതു നിറുത്തിവയ്ക്കേണ്ടിവന്നു. സ്കോട്ട്ലണ്ടുകാരെ ഉദ്ദേശിച്ചു പ്രത്യേകിച്ചു നടത്തിവന്ന ആ പതിപ്പിൽ, പ്രസ്തുത രാജ്യത്തെ സംബന്ധിക്കുന്ന വാർത്തകളും ലേഖനങ്ങളും, അവിടത്തുകാരായ പേരെടുത്ത എഴുത്തുകാരെക്കൊണ്ടു എഴുതിച്ചു പ്രസിദ്ധപ്പെടുത്തിവരികയാണു ചെയ്തിരുന്നതു്. അതു നിന്നുപോയതിൽ സ്കോട്ട്ലണ്ടുകാർക്കു് അപാരമായ ഖേദമുണ്ടായിരുന്നു. ഇപ്പോഴിതാ അതു പരിഹരിക്കപ്പെട്ടിരിക്കുന്നു.

Reg. M. No. 2293

Sathya Deepam

Vol. 27 Ernakulam December 9, 1953 No. 16

# വിവിധവൃത്താന്തങ്ങൾ

## എവറസ്റ്റിലെ കുരിശിന്റെ പൂർവ്വചരിത്രം

എവറസ്റ്റു കൊടുമുടിയിൽ സർ എഡ്മണ്ട് ഹിലരി ഒരു കുരിശുരൂപം നിക്ഷേപിച്ചതായി റിപ്പോർട്ടുണ്ടായിരുന്നല്ലോ. ഈ കുരിശുരൂപം പർവ്വതാരോഹണസംഘനേതാവായ സർ ജോൺ ഹണ്ടിനു്, ഇംഗ്ലണ്ടിൽ ആംപിൾഫോർത്ത് ബനഡിക്റ്റൻ ആശ്രമത്തിലെ ഒരു സന്യാസവൈദികൻ അയച്ചുകൊടുത്തതാണു്. പരിശുദ്ധ പിതാവിനാൽ ആശീർവ്വദിക്കപ്പെട്ടിട്ടുള്ളതാണു് ആ കുരിശെന്നും പറയപ്പെടുന്നു. കൊടുമുടിയിൽ ആരെങ്കിലും എത്തുന്നപക്ഷം അതു അവിടെ നിക്ഷേപിക്കാൻ ഏർപ്പാടുചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടിയാണു് സർ ഹണ്ടിനു് അതു അയച്ചുകൊടുത്തതു്. അദ്ദേഹം അതു സാദരം സ്വീകരിക്കയും, ആരോഹണസംഘത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നു ദാതാവിനോടു അപേക്ഷിക്കയും ചെയ്തിരുന്നു. സർ ഹണ്ടു് അതു ഹിലരിയെ ഏല്പിക്കയും അദ്ദേഹം അതു ഗിരിശിഖരത്തിൽ നിക്ഷേപിക്കയുമാണുണ്ടായതു്. രണ്ടിഞ്ചുവലിപ്പമുള്ള ആ കുരിശു് ഒരു ചെറിയ എൻവലപ്പിൽ അടക്കംചെയ്താണു് ഹിലരിയെ ഏല്പിച്ചിരുന്നതു്. ഈ കുരിശിന്റെ വിവരം ആദ്യറിപ്പോർട്ടുകളിൽ പ്രസ്താവിച്ചുകാണാഞ്ഞതെന്താണെന്നു ചോദിച്ചതിനു ഹിലരി പറഞ്ഞു: "സർ ഹണ്ടു് ആവശ്യപ്പെട്ടപ്രകാരം ഞാൻ ആ എൻവലപ്പ് അവിടെ കൊണ്ടുചെന്നു മഞ്ഞിനടിയിൽ നിക്ഷേപിച്ചുവെന്നല്ലാതെ, അതിനുള്ളിൽ എന്താണെന്നും മററും ഞാൻ അന്വേഷിച്ചില്ല. ഞാൻ ഒരു മതവിശ്വാസവുമില്ലാത്ത ആളാണു്. അതിനാൽ ഞാൻ അതത്ര കഥയായിട്ടു കരുതിയുമില്ല. അതു എന്താണു്, എവിടെനിന്നാണു് എന്നൊക്കെ പ്രസ്താവിക്കാനുള്ളതു സർ ഹണ്ടാണു്." ലോകത്തിന്റെ ഏററം ഉയർന്നസ്ഥാനത്തു് ഇന്നു ഒരു കുരിശു സ്ഥലംപിടിച്ചിരിക്കുന്നു. നൃസിലണ്ടുകാരനായ ഹിലരിക്കു അതും അത്ര കഥയില്ലത്രെ!

## പരിശുദ്ധ പിതാവിന്റെ ആ അസ്വാസ്ഥ്യം

കാസ്റ്റെൽ ഗൻഡോൾഫോയിൽവച്ചു മാർപ്പാപ്പാ തിരുമനസ്സിലേക്കു വാതത്തിന്റെ ഉപദ്രവം പിടിപെട്ടതായി ഒരു പത്രറിപ്പോർട്ടുണ്ടായല്ലോ. അതിൽപ്പിന്നെ അതേപ്പററി യാതൊന്നും കേട്ടതുമില്ല. എന്നാൽ അതു ഒട്ടും തന്നെ ഗൗരവതരമായിരുന്നില്ലെന്നു് ഇപ്പോൾ അറിവായിരിക്കുന്നു. തന്റെ പ്രതിദിനസന്ദർശനപരിപാടികൾപോലും ഒന്നും മാററാനിടയായില്ല. ഒരു മാററം മാത്രമേ ദൃശ്യമായുള്ളു. വലതുകൈവിരലിനു അല്പം നീർക്കെട്ടുണ്ടായതിനാൽ തിരുമോതിരം ഇടതുകൈയിലേക്കു മാററിയിട്ടു. സന്ദർശനാവസരങ്ങളിൽ ആ കൈമാത്രമാണു മുത്തിച്ചിരുന്നതു്. മൂന്നാഴ്ചകളിൽ നൽകിയ ഒന്നുരണ്ടു പ്രധാനസന്ദർശനങ്ങളിൽ തിരുമേനിചെയ്ത ദീർഘപ്രസംഗങ്ങൾപോലും പുറത്തുവന്നിട്ടുണ്ടു്.

## കിട്ടിയ ആനുകൂല്യം എന്തുകൊണ്ടു് നിങ്ങൾ ഉപയോഗിക്കുന്നില്ല?

ഇംഗ്ലണ്ടിലെ സുപ്രസിദ്ധ പ്രാസംഗികനായ ബിഷപ്പ് ഹീനാൻ ആയിരത്തോളം ആളുകളടങ്ങിയ ഒരു വിൻസെൻറ് ഡി പോൾ സമ്മേളനത്തിൽ പ്രസംഗിക്കവേ പറഞ്ഞു: "എനിക്കു നിങ്ങളോടു് ഒരു പ്രത്യേക അഭ്യർത്ഥന ചെയ്യാനുണ്ടു്. തള്ളമാരും, നഴ്സുമാരും, തൊഴിലാളികളും നിഷ്പ്രയാസം ദിവ്യകാരുണ്യം സ്വീകരിപ്പാനിടയാകത്തക്കവണ്ണമാണു പരിശുദ്ധ പിതാവു ഉപവാസം സംബന്ധിച്ച ചില ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നതു്. എന്താണു് ഈ ആനുകൂല്യം നിങ്ങൾ വേണ്ടപോലെ ഉപയോഗപ്പെടുത്താതിരിക്കുന്നതു്? ഇങ്ങനെയുള്ളവർ ഒരു കപ്പ് ടീ കഴിച്ചുകൊണ്ടായാലും എന്തുകൊണ്ടു ദിവ്യകാരുണ്യം സ്വീകരിക്കുന്നില്ല? ചില തള്ളമാർക്കു് അതു ഒരു ശങ്കയാണെന്നു പറയുന്നു. എന്തിനു ശങ്കിക്കുന്നു? അനുവദിച്ചിട്ടുള്ളതല്ലേ?"

## മിഷനറിമാരുടെ സന്നദ്ധസംഘം

ജപ്പാനിൽ കത്തോലിക്കാസഭയെ കൂടുതൽ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണു്. ഇതിലേക്കു് പ്രാരംഭമായി ജാപ്പനീസ് ഭാഷയിൽ വൈദഗ്ദ്ധ്യം പ്രാപിക്കുന്നതിനുവേണ്ടി 32 മിഷനറിമാരടങ്ങിയ ഒരുസംഘം ടോക്കിയോയിലെ ഭാഷാകലാലയത്തിൽ പഠനം ആരംഭിച്ചിരിക്കുന്നു. ഇതിൽ 7 കർമ്മലീത്താക്കാരും, 6 മേരിനോൾക്കാരും, 8 ഫ്രാൻസിസ്കൻസും, 2 ഓബ്ലേയിറ്റ്സും, 3 സ്കാർബോറോക്കാരും, 3 ദൈവവചനസഭക്കാരും, 2 പാഷനിസ്റ്റ്സും, ഒരു ക്രിസ്ത്യൻ ബ്രദറും ഉൾപ്പെടുന്നു. വിവിധ യൂറോപ്യൻ രാജ്യങ്ങളടങ്ങിയ സാക്ഷാൽ ഒരു യു. എൻ. ഒ. തന്നെയാണിതു്. ക്രിസ്തുരാജനുവേണ്ടി പടപൊരുതാൻ തയാറെടുക്കുന്ന ഒരു സന്നദ്ധസംഘം!

## പ്രധാനമന്ത്രി ഡെവലേരാ ഫാത്തിമാ തീർത്ഥസ്ഥാനത്തു്

ഐറിഷ് പ്രധാനമന്ത്രി ഡെവലേരാ അയർലണ്ടിൽനിന്നുള്ള ഒരു തീർത്ഥസംഘത്തോടൊന്നിച്ചു കഴിഞ്ഞ മാസത്തിൽ ഫാത്തിമാ സന്ദർശിച്ചിരിക്കുന്നു. ഫാത്തിമാദർശനം സംബന്ധിച്ച പേരുകേട്ട മൂന്നു കുട്ടികളിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന ലൂസിയാ ഒരു കർമ്മലീത്താ കന്യാസ്ത്രീയാണല്ലോ. പ്രധാനമന്ത്രി പ്രസ്തുതമഠത്തിലെത്തി ലൂസിയായുമായി കണ്ടു സംസാരിക്കയുമുണ്ടായി. തീർത്ഥാടനംകഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ ഒരു പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു: "ലോകത്തിലെ ഏററം അത്ഭുതാവഹമായ സ്ഥലങ്ങളിൽ ഒന്നാണതു്. മതപ്രബുദ്ധതയുടെ ഒരു നിരാവയാണു ഞാനവിടെ ദർശിച്ചതു്. ഇത്ര പരിശുദ്ധമായ ഒരു ആസ്ഥാനം സന്ദർശിക്കുവാൻ ദൈവം എനിക്കു ഭാഗ്യം തന്നതിൽ ഞാൻ അതീവകൃതജ്ഞനായിരിക്കുന്നു."

## പോളിഷ് കമ്മ്യൂണിസ്റ്റുകാരൻ സ്വതന്ത്രനായ ചരിത്രം

കൊറിയായിലെത്തിയിട്ടുള്ള സൗഹാർദ്ദവിദേശസംഘങ്ങളുടെ കൂട്ടത്തിൽ പോളണ്ടിൽനിന്നു ദ്വിഭാഷിയായിവന്നുചേർന്നിട്ടുള്ള ഹാരെസ് യൂക്കിവിസ് എന്ന പണ്ഡിതൻ കമ്മ്യൂണിസ്റ്റു പിടിയിൽനിന്നു വിമുക്തനായ വിവരം അദ്ദേഹംതന്നെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അടുത്തുള്ള പള്ളിയിൽ ഞായറാഴ്ച കുർബാനയ്ക്കു പോകുന്നതിനു തന്റെ ഡെലിഗേഷൻ നേതാവിനോടു് അദ്ദേഹം അനുമതിചോദിച്ചു. അനുവദിച്ചില്ലെന്നു മാത്രമല്ല അതിൽപ്പിന്നെ കൂട്ടുകാർ അദ്ദേഹത്തെ സംശയദൃഷ്ട്യാ വീക്ഷിച്ചുതുടങ്ങി. മൂന്നാഴ്ചകഴിഞ്ഞശേഷം, അവിടത്തെ അവരുടെ ജോലികൾകഴിഞ്ഞു മടങ്ങിപ്പോകാൻ വിമാനത്തിൽ കയറാൻ നേരമായപ്പോൾ അടുത്തുനിന്ന ഒരു അമേരിക്കൻ കാപ്റ്റനോടു് അദ്ദേഹം പറഞ്ഞു: "എന്നെ രക്ഷിക്കണം. ഞാൻ മടങ്ങിപ്പോകുന്നതു അപകടമാണു്. എനിക്കു് ഇവിടെ അഭയംതരണം." കാപ്റ്റൻ സ്വന്തം ജീപ്പിൽ കയററി അദ്ദേഹത്തെ ഒരു അഭയസ്ഥാനത്തേക്കു കൊണ്ടുപോകയുംചെയ്തു. പോളണ്ടിൽ ലോഡ്സ് കലാശാലയിലെ ഒരു എം. എ. യാണു് അദ്ദേഹം. പിന്നീടു് ഒരു പ്രസ്കോൺഫറൻസിൽ അദ്ദേഹം സധൈര്യം പറഞ്ഞു: "ഞാൻ ഒരു റോമൻ കത്തോലിക്കനാണു്. ഞങ്ങളുടെ നാട്ടിലെ കമ്മ്യൂണിസ്റ്റുവേട്ട ഭീകരമെന്നേ പറയാനുള്ളു. അവിടത്തെ ജനസാമാന്യത്തിൽ 99 ശതമാനവും കമ്മ്യൂണിസ്റ്റുഭരണത്തിനു് എതിരാണു്. എന്നാൽ പോലീസുഭരണത്തിനെതിരായി എന്തു ചെയ്യാൻ അവർക്കു കഴിയും? തൊഴിലാളികളും കർഷകജനങ്ങളും കമ്മ്യൂണിസത്തെ വെറുക്കുന്നു. പക്ഷേ അവർക്കു ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. തൊഴിലാളികൾക്കു ഭക്ഷണസാധനങ്ങൾ കിട്ടുന്നില്ല. കൂലി വളരെ തുച്ഛം. ഒരുമാസത്തെ കൂലിയുണ്ടെങ്കിലേ ഒരുപാരുട്ടപ്പിനു മതിയാകയുള്ളു..........."

## സെൻതോമസിന്റെ അവശിഷ്ടങ്ങൾ സ്വന്തനഗരത്തിലേക്കു്

ഇംഗ്ലണ്ടിലെ പ്രസിദ്ധ വേദസാക്ഷിയായ വി. തോമസ് ബെക്കററ് മെത്രാന്റെ അവശിഷ്ടങ്ങളിൽ ഒരുഭാഗം ഫ്രാൻസിൽ ചെവെത്തോങ്ങ് ബനഡിക്റ്റൻ ആശ്രമത്തിലാണു് നിക്ഷേപിച്ചിരുന്നതു്. ഇപ്പോഴത്തെ അവിടത്തെ ആശ്രമാധിപൻ വിശുദ്ധ രക്തസാക്ഷിയുടെ കുടുംബാംഗമായ ഡോം തോമസ് ബെക്കററ് എന്ന ദേഹമാണു്. അദ്ദേഹത്തിന്റെ ശ്രമഫലമായി വിശുദ്ധാവശിഷ്ടങ്ങളുടെ ഒരുഭാഗം പുണ്യവാന്റെ രൂപതാനഗരമായ കാൻറർബെറിക്കു നൽകപ്പെട്ടിരിക്കുന്നു. ഡോം ബെക്കററുതന്നെ പ്രസ്തുത പരിശുദ്ധ നിക്ഷേപവുമായി ഇംഗ്ലണ്ടിലെത്തി അതു ബിഷപ്പ് കൗഡെറോയിയെ ഏല്പിക്കയാണു ചെയ്തതു. അത്യാഡംബരപൂർവ്വം ഒരു ഘോഷയാത്രയായി അതു എഴുന്നള്ളിച്ചുകൊണ്ടുപോയി വിശുദ്ധന്റെ നാമത്തിലുള്ള ബർമെയിററു ദേവാലയത്തിൽ സ്ഥാപിക്കപ്പെട്ടു. അകത്തോലിക്കരും അനവധിയായി ഈ ആഘോഷങ്ങളിൽ പങ്കെടുത്തു. അതിനാൽ ബിഷപ്പ് അവർകൾ തന്റെ കൃതജ്ഞതാപ്രസംഗത്തിൽ പറഞ്ഞു: ഈവിധ അന്യോന്യസഹകരണം നാം മേലിലും പാലിക്കുന്നപക്ഷം ഇംഗ്ലണ്ടിലെ സഭ അചിരേണ ഒന്നായിത്തീരുകതന്നെ ചെയ്യും.

## ഹില്ലെയർ ബെല്ലക്കിന്റെ മരണപത്രിക

വയോവൃദ്ധനായി ഈയിടെ ചരമമടഞ്ഞ ഈ ബ്രിട്ടീഷ് സാഹിത്യകാരനു 7451 പവനാണു് പണമായി ശേഷിപ്പുണ്ടായിരുന്നതു്. ഈ തുക തന്റെ പുത്രിമാരായ എലിയനോർ, എലിസബെത്തു് എന്നിവർക്കും പുത്രന്റെ ഭാര്യക്കും, ഈ മൂന്നുപേരുടേയും സന്താനങ്ങൾക്കുമായി അദ്ദേഹം തെസ്തമെന്തു ചെയ്തിരുന്നു. വീടും സ്വത്തുക്കളും മുഴുവനായി സ്വപുത്രനുവേണ്ടിയും നൽകപ്പെട്ടിരിക്കുന്നു.

## ലെയോൻ മാർപ്പാപ്പായുടെ സാമൂഹ്യസിദ്ധൗഷധങ്ങൾ

68-ാമത്തെ വയസ്സിലാണു് അദ്ദേഹം പാപ്പാപദത്തിലെത്തിയതു്. വൃദ്ധനു് ഇനി എന്തു ചെയ്യാൻ കഴിയും, എന്നു പലരും വിചാരിച്ചു. എന്നാൽ കാൽ ശതാബ്ദകാലത്തേക്കു് അദ്ദേഹം സഭയെ ഭരിച്ചു. ചരിത്രം സൃഷ്ടിച്ച കാലങ്ങളായി അദ്ദേഹം അവയെ രൂപവൽക്കരിക്കയും ചെയ്തു. അന്നും ഇന്നുമുള്ള സാമൂഹ്യ ഈതിബാധകൾക്കുള്ള സിദ്ധൗഷധങ്ങളെല്ലാം അദ്ദേഹം നിർദ്ദേശിച്ചു. മാർക്സിസത്തോടു തിരുമേനി അടരാടി. തൊഴിലാളിയും മുതലാളിയും സഹകരിച്ചു പ്രവർത്തിച്ചാലല്ലാതെ ലോകത്തിൽ സൗഭാഗ്യം സംജാതമാകുന്നതല്ലെന്നു് ആ സൂക്ഷ്മനിരീക്ഷൻ സമർത്ഥിച്ചു. തൊഴിലാളികൾ പൊതുഭണ്ഡാരത്തിലേക്കു തങ്ങളുടെ സേവനസഹകരണങ്ങളെ സംഭാവനചെയ്താലല്ലാതെ യാതൊരു സ്റ്റെയ്ററിനും സാമൂഹ്യസേവനം അനുഷ്ഠിക്കാൻ സാധിക്കുന്നതല്ല. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനങ്ങളുടെ ചുരുക്കം. ഇന്നും എവിടെയും അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്ന ഔഷധവും ഇതുതന്നെ.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1



1 2 3 4 5 6

1. മാത്യു കിം ഒരു കത്തോലിക്കനായിരുന്നു. ഉത്തരകൊറിയാക്കാരുടെ പക്ഷത്തുനിന്നു സമരം ചെയ്യേണ്ടിവന്ന അദ്ദേഹം ഐക്യരാഷ്ട്രസൈന്യങ്ങളാൽ ബന്ധനസ്ഥനാക്കപ്പെട്ടു. 2. ജയിലിൽവച്ചു സത്യവേദപ്രചരണം നടത്തിക്കൊണ്ടിരുന്ന അദ്ദേഹത്തിനു് അനേകം കമ്മ്യൂണിസ്റ്റ് തടവുകാരെ മാനസാന്തരപ്പെടുത്തുവാൻ സാധിച്ചു. 3. ഈ ഘട്ടത്തിൽ, ഐക്യരാഷ്ട്രങ്ങൾ, യുദ്ധാനന്തരം ഉത്തരകൊറിയായിലേക്കു തിരിച്ചുപോകാനാഗ്രഹിക്കുന്ന തടവുകാരെ മററുള്ളവരിൽനിന്നു വേർതിരിക്കുകയുണ്ടായി. 4. സ്വാതന്ത്ര്യം ഒരു വശത്തു്, സ്വന്തം കുടുംബം മറുവശത്തു്. മാത്യു ഉത്തരകൊറിയായിലേക്കു തിരിച്ചുപോകാൻ തന്നെ തീരുമാനിച്ചു. 5. ക്രൂരരായ കമ്മ്യൂണിസ്റ്റ് സഖാക്കളോടുകൂടി മാത്യു മറെറാരു തടങ്കൽ പാളയത്തിലേക്കു പ്രവേശിച്ചു. 6. അന്നു രാത്രി മാത്യുവിനെ, തന്റെ വിശ്വാസത്തെപ്രതി, സഖാക്കൾ വധിച്ചു. മാത്യു പ്രദർശിപ്പിച്ച മനുഷ്യസ്നേഹം അവരെ വിരോധികളാക്കിത്തീർക്കുകയാണുണ്ടായതു്.